www.facebook.com/samakalikajanapadham/

# സമകാലിക ജനപഥം

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

പുസ്തകം 8 ലക്കം 12
2022 ജൂലൈ



## നേടുകയാണ് കേരളം വളരുകയാണ് വ്യവസായം

## മൂന്നാം തവണയും സ്റ്റാറായി സ്റ്റാർട്ടപ്പ് കേരളം

## മികവോടെ ഇ സേവനം സുതാര്യമായി ഭരണനിർവഹണം

## മെഡിസെപ്പിൽ ജീവനക്കാർക്ക് ആരോഗ്യ സുരക്ഷ





കേരളം സുരക്ഷിതം കേരളം അഭിമാനം
നല്ല നാടിന്റെ നന്മകൾ കാണാൻ
സമകാലിക
ജനപഥം
KERALA CALLING
പ്രത്യേക
വരിസംഖ്യാ
ക്യാംപെയ്ൻ
സംസ്ഥാന സർക്കാരിന്റെ മുഖപത്രങ്ങളായ
സമകാലിക ജനപഥത്തിന്റെയും
കേരള കോളിങ്ങിന്റെയും വാർഷിക
വരിക്കാരാവാൻ ഇപ്പോൾ സുവർണാവസരം...
ഒരുവർഷത്തേക്ക് കേരളകോളിങ്ങിനും
ജനപഥത്തിനും
240 രൂപ
വാർഷിക വരിക്കാരാവാൻ
മണിയോർഡർ / ഡിമാൻഡ് ഡ്രാഫ്റ്റ്
ഡയറക്ടർ, ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ്
റൂം നമ്പർ 101, അനക്സ്-1
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-1
0471-2517036
iocirculation@gmail.com
www.etreasury.kerala.gov.in

ഇൻഫർമേഷൻ
പബ്ളിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

എഡിറ്റർ
**എസ്. ഹരികിഷോർ ഐ.എ.എസ്**
അഡീഷണൽ എഡിറ്റർ
**കെ. അബ്ദുൽ റഷീദ്**
ഡപ്യൂട്ടി എഡിറ്റർ
**വി. പി. അശ്വതി**
എഡിറ്റർ-ഇൻ-ചാർജ്
**കെ.എസ്. ഇന്ദുശേഖർ**
അസിസ്റ്റന്റ് എഡിറ്റർ
**സതികുമാർ റ്റി.എസ്.**
സർക്കുലേഷൻ ഓഫീസർ
**അഭിലാഷ് എ.സി.**
കവർ & ലേഔട്ട്
**ദീപക് മൗത്താട്ടിൽ**
ടൈപ്പ് സെറ്റിങ്
**വിനിത വി.എസ്.**

July 1, 2022, Volume 8, Issue 12
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

പ്രതികരണങ്ങൾ അയക്കേണ്ട വിലാസം

എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
prdmalayalam@gmail.com
0471-2518171

വാർഷിക വരിക്കാരാകാൻ
120 രൂപയുടെ മണി ഓർഡർ,
ഡയറക്ടർ,
ഇൻഫർമേഷൻ പബ്ളിക്
റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ
വിഭാഗം, 1-ാം നില, സെക്രട്ടേറിയറ്റ്
അനക്സ്-1, തിരുവനന്തപുരം-1
എന്ന വിലാസത്തിൽ അയയ്ക്കുക.

0471-2517036

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.

സമകാലിക
ജനപഥം

2022 ജൂലൈ 1
പുസ്തകം 8 ലക്കം 12



# വിശ്വാസത്തോടെ നിക്ഷേപകർ വിജയിച്ച് സംരംഭകർ

വ്യവസായമേഖലയ്ക്ക് ഉണർവും ആത്മവിശ്വാസവും പകരുന്ന അംഗീകാര നിറവിലാണ് ഇപ്പോൾ കേരളം. കേന്ദ്ര വ്യവസായ മന്ത്രാലയത്തിനു കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആന്റ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി) അഖിലേന്ത്യാതലത്തിൽ നടത്തിയ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് വിലയിരുത്തലിൽ കേരളം അസ്പയറർ വിഭാഗത്തിൽ ഇടം നേടി. ബിസിനസ്സ് റീഫോം ആക്ഷൻ പ്ലാൻ നടപ്പിലാക്കി അവയുടെ ഉപയോക്താക്കളിൽ നടത്തിയ അഭിപ്രായ സർവേയുടെ വെളിച്ചത്തിൽ ടോപ്പ് അച്ചീവേഴ്സ്, അച്ചീവേഴ്സ്, അസ്പയറർ, എമേർജിങ് ബിസിനസ്സ് എക്കോസിസ്റ്റംസ് എന്നിങ്ങനെ നാലുതരത്തിലാണ് സംസ്ഥാനങ്ങളിലെ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് നേട്ടങ്ങൾ വിലയിരുത്തപ്പെട്ടത്. 2019-ലെ ഇരുപത്തെട്ടാം സ്ഥാനത്ത് നിന്ന് അഭിപ്രായ സർവ്വേയിൽ 75.49 ശതമാനം സ്കോർ നേടിയാണ് സംസ്ഥാനത്തിന്റെ അഭിമാനകരമായ ഈ മുന്നേറ്റം. വ്യവസായരംഗത്തെ ഇനിയും പുരോഗതിയിലേക്ക് ഉയർത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്ന രണ്ടാം പിണറായി വിജയൻ സർക്കാർ സമീപനത്തിന് കരുത്തേകുന്നതാണ് ഈ അംഗീകാരം.

സംസ്ഥാനത്തിന്റെ വ്യവസായ സൗഹൃദാന്തരീക്ഷത്തെക്കുറിച്ചുള്ള പല മുൻവിധികളും തിരുത്തുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ടെന്ന് ഉറപ്പോടെ പറയാനാകും. നിക്ഷേപകരുടെ വിശ്വാസം നേടിയെടുക്കുന്നതിനും നിയമങ്ങളിൽ അതിന് അനുസൃതമായ പൊളിച്ചെഴുത്തുകൾ നടത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. മറ്റൊരു സവിശേഷ മാതൃകയാണ് സംരംഭകവർഷം പദ്ധതിയിലൂടെ സർക്കാർ മുന്നോട്ടുവെക്കുന്നതും. സമ്പദ് വ്യവസ്ഥയുടെ സുപ്രധാന കണ്ണികളിലൊന്നായ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്ക് വലിയ തോതിൽ കൈത്താങ്ങ് നൽകുന്നതാണ് പദ്ധതി. വർഷം ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാനും നാല് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സംരംഭകവർഷത്തിലൂടെ ലക്ഷ്യമിടുന്നു. സംരംഭകർക്ക് ആവശ്യമായ നിർദേശ, സഹായങ്ങൾ ലഭ്യമാക്കുന്നതിന് തദ്ദേശസ്ഥാപനങ്ങളിൽ 1155 ഇന്റേണുകളെ നിയോഗിച്ചതും എഎസ്എംഇ ക്ലിനിക്കുകൾ ആരംഭിച്ചതും എടുത്തുപറയേണ്ടതാണ്. നിക്ഷേപക, സംരംഭക സൗഹൃദ പാതയിലെ കേരളത്തിന്റെ മുന്നേറ്റമാണ് ഈ ലക്കം സമകാലിക ജനപഥം കവർസ്റ്റോറി. ഒപ്പം നവസംരംഭകർക്ക് ആവശ്യമായ വിവരങ്ങൾ അടങ്ങിയ പ്രത്യേക കൈപ്പുസ്തകവും വായിക്കാം.

**എസ്. ഹരികിഷോർ ഐ.എ.എസ്**
എഡിറ്റർ



ജനപഥം
SPECIAL PULLOUT BOOKLET
ജനപഥം
PULLOUT
BOOKLET
15-38

06
**ആ വാഗ്ദാനവും നിറവേറ്റി മെഡിസെപ്പിൽ ജീവനക്കാർക്ക് ആരോഗ്യ സുരക്ഷ**
പിണറായി വിജയൻ

10
**നേടുകയാണ് കേരളം വളരുകയാണ് വ്യവസായം**
പി രാജീവ്

12
**എന്റെ സംരംഭം നാടിന്റെ അഭിമാനം**
എസ്. ഹരികിഷോർ ഐ.എ.എസ്

39
**കൂടുതൽ ഉയരം കൂടുതൽ വേഗം**
ടി എസ് ചന്ദ്രൻ

44
**മൂന്നാം തവണയും സ്റ്റാറായി സ്റ്റാർട്ടപ്പ് കേരളം**
അനൂപ് അംബിക

46
**മികവോടെ ഇ സേവനം സുതാര്യമായി ഭരണനിർവഹണം**
രേഷ്മ കൃഷ്ണൻ. ആർ

48
**അക്ഷയോർജത്തിന്റെ അനന്തസാധ്യതകൾ**
നരേന്ദ്രനാഥ് വേലൂരി ഐ.എഫ്.എസ്

50
**കെ – ഫോൺ എല്ലാ വീടുകളിലും നമ്മുടെ സ്വന്തം ഇന്റർനെറ്റ്**



## ആ വാഗ്ദാനവും നിറവേറി

# മെഡിസെപ്പിൽ ജീവനക്കാർക്ക് ആരോഗ്യ സുരക്ഷ

**01**

മാതൃകാപരമായ സേവനം നടത്തിവരുന്ന സർക്കാർ ഉദ്യോഗസ്ഥർക്കും അവരുടെ ആശ്രിതർക്കും പെൻഷൻകാർക്കും സാമൂഹികസുരക്ഷ ഒരുക്കുക എന്നത് മാതൃകാ തൊഴിൽ ദാതാവ് എന്ന നിലയ്ക്ക് സർക്കാരിന്റെ കടമയാണ്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് രാജ്യത്താദ്യമായി കേരളം മെഡിസെപ്പ് പദ്ധതി നടപ്പിലാക്കിയത്.

**02**

പൂർണ്ണമായും പണം ഒഴിവാക്കിയുള്ള ചികിത്സാ സൗകര്യമാണ് മെഡിസെപ്പിലുള്ളത്. പൊതുമേഖലാ സ്ഥാപനമായ ഓറിയന്റൽ ഇൻഷുറൻസ് കമ്പനിക്കാണ് ഇതിന്റെ നിർവ്വഹണച്ചുമതല. കവറേജ്, മെഡിക്കൽ പാക്കേജ് എന്നിവയിൽ മുൻപ് പ്രഖ്യാപിച്ചതിനെക്കാൾ ആകർഷകമായ ആനുകൂല്യങ്ങൾ ഉൾക്കൊള്ളുന്നതാണ് പുതിയ പദ്ധതി.

**03**

മുന്നൂറോളം ആശുപത്രികളെ മെഡിസെപ്പിൽ എംപാനൽ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിനുപുറത്ത് ഇന്ത്യയിലെ പ്രധാന നഗരങ്ങളിലുള്ള പതിനഞ്ചിൽപ്പരം ആശുപത്രികളിലും ചികിത്സാ സൗകര്യം ഒരുക്കിയിട്ടുണ്ട്. എല്ലാ ജില്ലയിലും അവയവമാറ്റ ചികിത്സാസൗകര്യമുള്ള ഒരു ആശുപത്രിയെങ്കിലും പദ്ധതിയുടെ ഭാഗമാണ്.

**04**

ഇൻഷുറൻസ് രംഗത്തെ സമ്പൂർണ്ണ സ്വകാര്യവത്ക്കരണവും അതിന്റെ ഫലമായി സ്വകാര്യ ഇൻഷുറൻസ് കമ്പനികൾക്ക് അവരുടെ പ്രവർത്തന മേഖലകളിൽ സർവ്വത്ര സ്വാതന്ത്ര്യവും നൽകുന്ന അവസ്ഥ രാജ്യത്തുണ്ട്. ആ നയത്തിനുള്ള ബദൽ എന്ന നിലയ്ക്ക് സംസ്ഥാനത്തെ മെഡിസെപ്പ് പദ്ധതിക്ക് രാഷ്ട്രീയ പ്രാധാന്യമുണ്ട്.



**കേരള സംസ്ഥാനം രൂപീകരിക്കപ്പെട്ടിട്ട് ആറര പതിറ്റാണ്ടു കഴിഞ്ഞിരിക്കുന്നു. ഈ ഘട്ടത്തിൽ നിരവധി നേട്ടങ്ങൾ നാം കൈവരിച്ചു, നിരവധി പ്രതിസന്ധികളെ അതിജീവിക്കുകയും ചെയ്തു. അതിലെല്ലാം സർക്കാരിനൊപ്പം നിന്നു പ്രവർത്തിച്ചവരാണ് സർക്കാർ ജീവനക്കാർ. മാതൃകാപരമായ സേവനം നടത്തിവരുന്ന അത്തരം ഉദ്യോഗസ്ഥർക്ക് സാമൂഹിക സുരക്ഷ ഒരുക്കുക എന്നത് മാതൃകാ തൊഴിൽ ദാതാവ് എന്ന നിലയ്ക്ക് സർക്കാരിന്റെ കടമയാണ്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ കേരളം രാജ്യത്താദ്യമായി മെഡിസെപ്പ് പദ്ധതി നടപ്പാക്കുകയാണ്.**

ആരോഗ്യ പരിപാലന ചെലവുകൾ നേരിടാൻ ആരോഗ്യ ഇൻഷുറൻസ് സംവിധാനത്തെ ലോകമാകെ ഉപയോഗപ്പെടുത്തുന്നുണ്ട്. കേരളത്തെപ്പോലെ രണ്ടാംനിര, മൂന്നാംനിര രോഗങ്ങളുടെ തോത് ഉയർന്നു നിൽക്കുന്ന ഒരു നാട്ടിൽ സ്വാഭാവികമായും ചികിത്സാ ചെലവുകൾ വർധിച്ചുനിൽക്കും എന്നതിനാൽ അവയെ നേരിടാനാണ് പൊതുജനാരോഗ്യ സംവിധാനത്തെ സർക്കാർ സജ്ജമാക്കിയിരിക്കുന്നത്. എങ്കിലും ചില ഘട്ടങ്ങളിൽ വലിയ ചികിത്സാ ചെലവുകൾ വഹിക്കേണ്ടി വരുന്നവരുണ്ട്. അവർക്ക് ആശ്വാസം ഉറപ്പുവരുത്തുക എന്നത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. അതിന്റെ ഭാഗമായാണ് ജീവനക്കാർക്കും പെൻഷൻകാർക്കുമായി ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതി ഒരുക്കിയിട്ടുള്ളത്.

നിയമപരവും പ്രായോഗികവുമായ പല സങ്കീർണ്ണതകളെയും അതിജീവിച്ചാണ് മെഡിസെപ്പ് യാഥാർഥ്യമാക്കിയിട്ടുള്ളത്. പൊതുമേഖലാ സ്ഥാപനമായ ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയ്ക്കാണ് പദ്ധതിയുടെ നിർവ്വഹണച്ചുമതല. കവറേജ്, മെഡിക്കൽ പാക്കേജ് എന്നിവയിൽ മുൻപ് പ്രഖ്യാപിച്ചതിനേക്കാൾ ആകർഷകമായ ആനുകൂല്യങ്ങൾ ഉൾക്കൊള്ളുന്നതാണ് ഇപ്പോഴത്തെ പദ്ധതി. സംസ്ഥാന സർക്കാർ ജീവനക്കാർ, സർവകലാശാലാ ജീവനക്കാർ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നിവരും മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ചീഫ് വിപ്പ്, ധനകാര്യ സമിതികളുടെ ചെയർമാൻമാർ എന്നിവരുടെ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നിവരും മെഡിസെപ്പിന്റെ ഭാഗമാകും.

> **"തദ്ദേശ സ്വയംഭരണം ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിൽ ശുചീകരണ ജോലിയടക്കം നിർവ്വഹിക്കുന്ന പാർടൈം ജീവനക്കാരെ വരെ മെഡിസെപ്പിൽ അംഗങ്ങളാക്കി യിരിക്കുകയാണ്. അരലക്ഷത്തിലേറെ താത്ക്കാലിക ജീവനക്കാർക്കാണ് ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുക"**

ഏതൊരു പദ്ധതി ആവിഷ്കരിക്കുമ്പോഴും അതിന്റെ ഗുണഫലങ്ങൾ പരമാവധി ആളുകളിലേക്ക് എത്തിക്കുവാനാണ് സർക്കാർ ശ്രമിക്കുന്നത്. ആ കാഴ്ച്ചപ്പാട് തന്നെയാണ് മെഡിസെപ്പ് നടപ്പാക്കുമ്പോഴും ഉയർത്തിപ്പിടിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണം ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിൽ ശുചീകരണ ജോലിയടക്കം നിർവ്വഹിക്കുന്ന പാർട്ട്ടൈം ജീവനക്കാരെ വരെ മെഡിസെപ്പിൽ അംഗങ്ങളാക്കിയിട്ടുണ്ട്. മെഡിക്കൽ റീഇംബേഴ്സ്മെന്റ് അടക്കമുള്ള ആനുകൂല്യങ്ങൾ ഈ വിഭാഗത്തിന് ഇതുവരെ ലഭ്യമായിരുന്നില്ല. അരലക്ഷത്തിലേറെ താത്ക്കാലിക ജീവനക്കാർക്കാണ് ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുക.

പൂർണ്ണമായും പണം ഒഴിവാക്കിയുള്ള ചികിത്സാ സൗകര്യമാണ് മെഡിസെപ്പിലുള്ളത്. മുന്നൂറോളം ആശുപത്രികളെ പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിനുപുറത്ത് ഇന്ത്യയിലെ പ്രധാന നഗരങ്ങളിലുള്ള പതിനഞ്ചിൽപ്പരം ആശുപത്രികളിലും ചികിത്സാ സൗകര്യം ഒരുക്കിയിട്ടുണ്ട്. എല്ലാ ജില്ലയിലും



അവയവമാറ്റ ചികിത്സാസൗകര്യമുള്ള ഒരു ആശുപത്രിയെങ്കിലും പദ്ധതിയുടെ ഭാഗമാണ് എന്നതാണ് പ്രത്യേകത.

ജീവനക്കാരുടേയും പെൻഷൻകാരുടേയും പ്രീമിയം തുക മുൻകൂറായി ഇൻഷുറൻസ് കമ്പനിക്ക് സർക്കാർ നൽകും. ഈ തുക 12 ഗഡുക്കളായി ശമ്പളത്തിൽനിന്നും പെൻഷനിൽ നിന്നും തിരിച്ചു പിടിക്കും. പ്രതിമാസ വിഹിതം 500 രൂപയാണ്. പ്രതിവർഷം മൂന്നുലക്ഷം രൂപയുടെ ചികിത്സാ സഹായമാണ് ലഭിക്കുക. മൂന്നു വർഷത്തിനുള്ളിൽ എപ്പോൾ വേണമെങ്കിലും തുക ഉപയോഗിക്കാം. കുടുംബാംഗങ്ങളുടെ എണ്ണം കൂടുന്നതിനനുസരിച്ച് പ്രീമിയത്തിൽ വ്യത്യാസം വരുന്നില്ല. ഇൻഷുറൻസ് ചികിത്സയ്ക്കുള്ള ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ടെങ്കിലും, അടിയന്തര ഘട്ടങ്ങളിൽ എംപാനൽ ചെയ്യപ്പെട്ടിട്ടില്ലാത്ത ആശുപത്രികളിലും ഇൻഷുറൻസ് ചികിത്സ ഉറപ്പാക്കും. അവയവമാറ്റ ചികിത്സയ്ക്കും പ്രത്യേക തുക അനുവദിക്കും. ഇതിനായി 35 കോടി രൂപയിൽ കുറയാത്ത കോർപസ് ഫണ്ട് രൂപീകരിക്കും. ഈ ഫണ്ടും പ്രീമിയം തുകയിൽ നിന്ന് തന്നെ ഉറപ്പു വരുത്തിയിട്ടുണ്ട് . അതായതു പദ്ധതി പ്ര കാരം ഗുണഭോക്താക്കൾ ഒരു വർഷം നൽകേണ്ട പ്രീമിയം തുക 6,000 രൂപയാണ്. എന്നാൽ, സർക്കാർ ഉത്തരവിൽ ജി എസ് ടി അടക്കം 5,664 രൂപ മാത്രമേ വാർഷിക പ്രീമിയമെന്ന നിലയിൽ വ്യക്തമാക്കിയിട്ടുള്ളു. അധികം വരുന്ന 336 രൂപയാണ് കോർപ്പസ് ഫണ്ടിലേക്ക് പോകുന്നത്. ഈ ഫണ്ട് ഉപയോഗിച്ച് 12 മാരക രോഗങ്ങൾക്കും അവയവമാറ്റം ഉൾപ്പെടെയുള്ള ചികിത്സകൾക്കും സർക്കാർ അധിക പരിരക്ഷ നൽകും.

**“വാർഷിക പ്രീമിയത്തിൽ നിന്നും 336 രൂപയാണ് കോർപ്പസ് ഫണ്ടിലേക്ക് പോകുന്നത്. ഈ ഫണ്ട് ഉപയോഗിച്ച് 12 മാരക രോഗങ്ങൾക്കും അവയവമാറ്റം ഉൾപ്പെടെയുള്ള ചികിത്സകൾക്കും സർക്കാർ അധിക പരിരക്ഷ നൽകും”**

സർക്കാർ ജീവനക്കാരുടെ പങ്കാളി, അവരെമാത്രം ആശ്രയിച്ചു കഴിയുന്ന അച്ഛനമ്മമാർ, മക്കൾ എന്നിവർക്കാണ് മെഡിസെപ്പ് ഇൻഷുറൻസിന് അർഹതയുള്ളത്. കുടുംബത്തിലെ മറ്റ് സർക്കാർ ജീവനക്കാരോ പെൻഷൻ വാങ്ങുന്നവരോ ആശ്രിതരല്ല. ഇവർക്ക് പദ്ധതിയിൽ പ്രധാന അംഗത്വത്തിന് പ്രത്യേക മായി തന്നെ അർഹതയുണ്ട്. മെഡിസെപ്പ് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ അംഗമായവരുടെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഇൻഷുറൻസ് ലഭ്യമാക്കുന്നതിൽ പ്രായപരിധി ഏർപ്പെടുത്തിയിട്ടില്ല. ഇത്തരത്തിൽ ഏറ്റവും മെച്ചപ്പെട്ട കവറേജ് ഉറപ്പുവരുത്തിക്കൊണ്ടാണ് സർക്കാർ മെഡിസെപ്പ് നടപ്പിലാക്കുന്നത്.

കേരളം നാളിതുവരെ ഉയർത്തിപ്പിടിച്ച സഹജാവബോധത്തിലും പരസ്പരസഹകരണത്തിലും ഊന്നിയ വികസന-ക്ഷേമ മാതൃകകളുടെ ദൃഷ്ടാന്തമാണ് ഈ പദ്ധതി. ഒപ്പം കേരളത്തിൽ സാർവത്രിക ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്ന മറ്റൊരു ചുവടുവയ്പ്പായി കൂടി മെഡിസെപ്പ് മാറുകയാണ്. ■




# നേടുകയാണ് കേരളം



**പി രാജീവ്**
വ്യവസായ മന്ത്രി

കേരളം അപ്രാപ്യമെന്നോ അസംഭവ്യമെന്നോ കരുതിയിരുന്ന നേട്ടങ്ങൾ കൈവരിച്ചുകൊണ്ടാണ് രണ്ടാം പിണറായി സർക്കാർ മുന്നോട്ടുപോകുന്നത്. അതിൽ ഏറെ പ്രധാനപ്പെട്ടതാണ് വ്യവസായ മേഖലയിലുണ്ടായിക്കൊണ്ടിരിക്കുന്ന സമൂലമായ മാറ്റങ്ങൾ. ഒരു വർഷം കൊണ്ട് വ്യവസായ വകുപ്പിന് ലഭിച്ച അംഗീകാരങ്ങളിൽ ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് റാങ്കിങ്ങിലെ നേട്ടത്തിന് സവിശേഷമായ സ്ഥാനമുണ്ട്. 28-ാം റാങ്കിൽ നിന്ന് 13 പടികൾ കയറി 15-ാം റാങ്കിലെത്താനും 75.49 ശതമാനം സ്കോർ നേടാനും നമുക്ക് സാധിച്ചു.

കേന്ദ്ര വ്യവസായ മന്ത്രാലയത്തിനു കീഴിലുള്ള ഡിപ്പാർട്മെന്റ് ഫോർ പ്രമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി) ആണ് എല്ലാ സംസ്ഥാനങ്ങളേയും കേന്ദ്രഭരണ പ്രദേശങ്ങളേയും ഉൾപ്പെടുത്തി വ്യവസായ സംരംഭങ്ങൾ തുടങ്ങാനുള്ള എളുപ്പത്തിന്റെ അടിസ്ഥാനത്തിൽ സംരംഭകരുടെ അഭിപ്രായം ശേഖരിച്ച് റാങ്ക് നിശ്ചയിക്കുന്നത്. അന്തിമ സ്കോറുകളും ഉപയോക്തൃ അഭിപ്രായ സർവേയും അടിസ്ഥാനമാക്കി ടോപ്പ് അച്ചീവേഴ്സ്, അച്ചീവേഴ്സ്, അസ്പയറർ, എമർജിംഗ് ബിസിനസ് ഇക്കോസിസ്റ്റംസ് എന്നിങ്ങനെ നാലായാണ് സൂചികയിൽ സംസ്ഥാനങ്ങളെ തരംതിരിച്ചിട്ടുള്ളത്. അതിൽ 'അസ്പയറർ' വിഭാഗത്തിലാണ് കേരളത്തെ ഉൾപ്പെടുത്തിയിരിക്കുന്നത്. 2014ൽ തുടങ്ങിയ റാങ്കിംഗിൽ 2016 മുതലാണ് കേരളം പങ്കെടുക്കുന്നത്.

സംരംഭങ്ങൾ എളുപ്പത്തിൽ തുടങ്ങുന്നതിനും തടസ്സമില്ലാതെ നടത്തിക്കൊണ്ടുപോകുന്നതിനും വിവിധ വകുപ്പുകൾ നടപ്പാക്കേണ്ട കാര്യങ്ങൾ ഏതൊക്കെയെന്ന് നിശ്ചയിച്ച് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ (ബി.ആർ.എ.പി.) എന്ന പേരിൽ ഓരോ വർഷവും ഡി.പി.ഐ.ഐ.ടി സംസ്ഥാനങ്ങൾക്ക് നൽകും. 2016ൽ കേരളം ഇതിൽ 22.8 ശതമാനം മാത്രമായിരുന്നു നടപ്പാക്കിയിരുന്നത്. 2019ൽ 85 ശതമാനം കാര്യങ്ങളും നടപ്പാക്കിയെങ്കിലും റാങ്കിങ്ങിൽ 28 ആയിരുന്നു സ്ഥാനം. 301 പരിഷ്കാരനടപടികൾ പൂർത്തിയാക്കാനാണ് 2020ൽ ഡി.പി.ഐ.ഐ.ടി. നിർദേശിച്ചിരുന്നത്. ഇതിൽ 94 ശതമാനവും നടപ്പാക്കി.

വ്യവസായ സംരംഭങ്ങൾക്കുള്ള അനുമതികൾ നൽകുന്നതുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായ ഭേദഗതികൾ വരുത്തിയതും നയപരമായ തീരുമാനങ്ങൾ കൈകൊണ്ട് നടപ്പാക്കിയതും ഈ കുതിച്ചുചാട്ടത്തിന് സഹായിച്ചിട്ടുണ്ട്. സുസ്ഥിര വികസനത്തോടെയുള്ള നിക്ഷേപത്തിൽ ഊന്നൽ നൽകുന്ന സമഗ്രമായ സമീപനം ദ്രുതഗതിയിലുള്ള നേട്ടത്തിലേക്ക് കേരളത്തെ നയിച്ചു. നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിപാടികൾ വരും വർഷങ്ങളിൽ കേരളത്തിന്റെ റാങ്കിംഗ് കൂടുതൽ മെച്ചപ്പെടുത്തി ആദ്യ

# വളരുകയാണ് വ്യവസായം

പത്തിനുള്ളിൽ ഇടം പിടിക്കാൻ സഹായിക്കും.

വ്യവസായസംരംഭ നിക്ഷേപങ്ങൾക്ക് കൂടുതൽ മുൻഗണന ലഭിക്കുന്ന സംസ്ഥാനമായി മാറാൻ ഈ നേട്ടം കേരളത്തെ ഉതകും. എംഎസ്എംഇകൾ, വനിതകളുടെ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്കായി ആവിഷ്കരിച്ച സാമ്പത്തിക സഹായ പദ്ധതികളുടെ ഏകീകൃത സമീപനം ഭാവിയിൽ റാങ്കിംഗ് മെച്ചപ്പെടുത്താൻ സഹായകമാകും. ഓൺലൈൻ ഏകജാലക ക്ലിയറൻസ് സംവിധാനമായ കെ-സ്വിഫ്റ്റിന്റെ ഉടൻ സജ്ജമാകുന്ന മൂന്നാംപതിപ്പും സ്വകാര്യ വ്യവസായ പാർക്കുകളും സംരംഭകവർഷത്തിന്റെ ഭാഗമായി ഈ വർഷം ലക്ഷ്യമിടുന്ന ഒരു ലക്ഷം പുതിയ സംരംഭങ്ങളും കേരളത്തിലെ വ്യവസായ അന്തരീക്ഷത്തെ കൂടുതൽ മെച്ചപ്പെടുത്തും. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി കേവലം മൂന്ന് മാസത്തിനുള്ളിൽ 36000 സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചത് മെച്ചപ്പെട്ട നിക്ഷേപക സൗഹൃദാന്തരീക്ഷത്തിന് തെളിവാണ്. സംരംഭകരെ വ്യവസായ വകുപ്പിന്റെ ടോൾ ഫ്രീ കോൾ സെന്റർ മുഖേന ബന്ധപ്പെട്ട് പരാതികൾ ഉണ്ടെങ്കിൽ പരിഹരിക്കുന്നതിനും നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനും നടപടിയെടുക്കുകയും എല്ലാ ജില്ലകളിലും എം എസ് എം ഇ ക്ലിനിക്കുകൾ ആരംഭിക്കുകയും ചെയ്തു.

നിക്ഷേപകരുടെ പ്രശ്നങ്ങൾ പരിഹരിക്കാനായി നടപ്പിലാക്കിയ മീറ്റ് ദി മിനിസ്റ്റർ പരിപാടിയും സംരംഭകർക്ക് കേരളത്തിനോടുള്ള കാഴ്ചപ്പാട് മാറ്റുന്നതിന് ഏറെ സഹായകമായിട്ടുണ്ട്. പരിപാടിക്കിടെ ലഭിച്ച 75% പരാതികളും പരിഹരിക്കാൻ സാധിച്ചത് ഫീഡ്ബാക്കിലും പ്രതിഫലിച്ചിട്ടുണ്ട്. കേരളത്തിന്റെ വ്യാവസായിക വളർച്ച ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കിയ മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയിലൂടെ ഒരു വർഷത്തിനുള്ളിൽ 7000 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം നേടാനും നമുക്ക് സാധിച്ചു. നൂറു കോടി രൂപക്ക് മുകളിൽ നിക്ഷേപ സന്നദ്ധതയുമായി വരുന്ന വ്യവസായ സംരംഭങ്ങളും സ്ഥാപനങ്ങളുമായി നടത്തിയ ആശയ വിനിമയങ്ങളിലൂടെ ബിൽടെക്ക്, ജീ കോം, ആസ്കോ ഗ്ലോബൽ (ക്രേസ് ബിസ്കറ്റ്സ്), അറ്റാച്ചി, ഹോട്ട്പാക്ക്, ട്രൈസ്റ്റാർ, വെൻഷർ, സിന്തൈറ്റ് തുടങ്ങി 19 കമ്പനികൾ നിക്ഷേപത്തിന് തയ്യാറായി. ഇതിൽ മൂന്നോളം കമ്പനികളുടെ പ്രവർത്തനം ഈ വർഷം തന്നെ ആരംഭിക്കും. കഴക്കൂട്ടത്തെ കിൻഫ്ര പാർക്കിൽ 75 കോടി രൂപയുടെ നിക്ഷേപ പദ്ധതിക്ക് ഡിസൈൻ ടെക്നോളജി രംഗത്തെ ലോകോത്തര സ്ഥാപനങ്ങളിലൊന്നായ ടാറ്റാ എലക്സിയുമായി കരാർ ഒപ്പുവെച്ചു 10 മാസത്തിനുള്ളിൽ പദ്ധതി യാഥാർഥ്യമാക്കാൻ സാധിച്ചു. കാക്കനാട് കിൻഫ്ര ഇലക്ട്രോണിക് ആന്റ് മാനുഫാക്ചറിംഗ് ക്ലസ്റ്ററിൽ 1200 കോടി രൂപ ചിലവിൽ ഐ.ടി, ഐ.ടി.ഇ.എസ്, ഡാറ്റ പ്രോസസിംഗ് ക്യാമ്പസ് ആരംഭിക്കുന്നതിനായി ടിസിഎസ്സുമായി ധാരണാപത്രം ഒപ്പിട്ടു. സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകാനുള്ള തീരുമാനവും സർക്കാർ കൈക്കൊണ്ടു. 10 ഏക്കറിലധികം ഭൂമിയുള്ള സ്വകാര്യവ്യക്തികൾക്കും ട്രസ്റ്റുകൾക്കും ഗ്രൂപ്പുകൾക്കും വ്യവസായ പാർക്കിനായി മൂന്ന് കോടി രൂപ വരെ സംസ്ഥാന സർക്കാർ ധനസഹായം നൽകും.

ഉത്തരവാദിത്ത നിക്ഷേപം ഉത്തരവാദിത്ത വ്യവസായം എന്ന നയം രാജ്യത്ത് ആദ്യമായി സ്വീകരിച്ച സംസ്ഥാനവും കേരളമാണ്. ഗ്രീൻ ഇൻവെസ്റ്റ്മെന്റിന് പറ്റിയ സ്ഥലമായും ആഗോളാടിസ്ഥാനത്തിൽ ഉത്തരവാദിത്ത നിക്ഷേപത്തിന്റെ കേന്ദ്രമായും കേരളം മാറുന്നത് നിക്ഷേപം ആകർഷിക്കാൻ സഹായകമാകും. ഈ സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന ഉത്തരവാദിത്ത നിക്ഷേപനയം പരിസ്ഥിതിക്ക് അനുയോജ്യമായതും താരതമ്യേന മലിനീകരണം കുറഞ്ഞതുമായ വ്യവസായങ്ങളുടെ കേന്ദ്രമാക്കി കേരളത്തെ മാറ്റിത്തീർക്കുകയാണ്.

> **“ഉത്തരവാദിത്വ നിക്ഷേപം ഉത്തരവാദിത്വ വ്യവസായം എന്ന നയം രാജ്യത്ത് ആദ്യമായി സ്വീകരിച്ച സംസ്ഥാനവും കേരളമാണ്. ഗ്രീൻ ഇൻവെസ്റ്റ്മെന്റിന് പറ്റിയ സ്ഥലമായും ആഗോളാടിസ്ഥാനത്തിൽ ഉത്തരവാദിത്വ നിക്ഷേപത്തിന്റെ കേന്ദ്രമായും കേരളം മാറുന്നത് നിക്ഷേപം ആകർഷിക്കാൻ സഹായകമാകും”**

ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് റാങ്കിങ്ങിൽ നാം 28-ാം സ്ഥാനത്തുള്ളപ്പോഴാണ് ഇത്രയും നിക്ഷേപകരെ ആകർഷിക്കാൻ സംസ്ഥാന സർക്കാരിന് സാധിച്ചത്. നിലവിൽ 15-ാം സ്ഥാനത്തേക്ക് കുതിക്കാൻ നമുക്ക് സാധിച്ചത് നിക്ഷേപകരുടെ എണ്ണത്തിലും വലിയ മാറ്റങ്ങളുണ്ടാക്കും.

കൂടുതൽ നിക്ഷേപകർ കേരളം ലക്ഷ്യസ്ഥാനമായി കണ്ട് കടന്നുവരാനും സംരംഭക സൗഹൃദ പാതയിൽ സഞ്ചരിച്ച് അടുത്ത ഒരു വർഷത്തിനുള്ളിൽ ആദ്യ പത്ത് സ്ഥാനത്തെത്താനും ഈ സർക്കാരിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് ഒന്നാം സ്ഥാനത്തെത്താനും നമുക്ക് സാധിക്കും. അതിനായുള്ള പദ്ധതികൾ ആവിഷ്കരിച്ച് നിക്ഷേപത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തെ ബഹുദൂരം മുന്നിലെത്തിക്കാനും ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് റാങ്കിങ്ങിൽ കേരളത്തെ ഒന്നാമതെത്തിക്കാനുമുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ് സർക്കാർ. ■




സംരംഭക വർഷം



# എന്റെ സംരംഭം നാടിന്റെ അഭിമാനം

**എസ്. ഹരികിഷോർ ഐ.എ.എസ്**
ഡയറക്ടർ, വ്യവസായ വാണിജ്യവകുപ്പ്

ചുരുങ്ങിയത് ഒരു ലക്ഷം സംരംഭങ്ങളെങ്കിലും കേരളത്തിൽ ഉൽപ്പാദന സേവന വിപണന മേഖലകളിൽ എല്ലാംകൂടി ഉണ്ടാകണമെന്ന ലക്ഷ്യത്തോടുകൂടിയാണ് സംരംഭക വർഷത്തിന്റെ പ്രവർത്തനങ്ങൾക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുള്ളത്. 2022-23 ബഡ്ജറ്റിൽ ഈ വർഷം സംരംഭക വർഷമായി ആചരിക്കാൻ തീരുമാനിച്ചിരുന്നു. മാർച്ച് 30ന് മുഖ്യമന്ത്രി പിണറായി വിജയനാണ് പദ്ധതിയുടെ സംസ്ഥാനതല പ്രഖ്യാപനവും ഉദ്ഘാടനവും നിർവഹിച്ചത്. വ്യവസായവകുപ്പിനൊപ്പം എല്ലാ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും ബാങ്കുകളും ചേർന്ന് പൂർണമായ സംയോജനത്തോടു കൂടിയാണ് സംരംഭക വർഷത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

## ശിൽപ്പശാലകളിലൂടെ അവബോധം

സംരംഭക വർഷത്തിന്റെ ഭാഗമായി ആളുകൾക്ക് ആവശ്യം വേണ്ടുന്ന വിവരങ്ങൾ നൽകാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമായി മെയ്, ജൂൺ മാസങ്ങളിൽ പൊതുബോധവത്ക്കരണ ശിൽപ്പശാല നടത്തി.

ഇതിൽ സ്വന്തമായി സംരംഭം തുടങ്ങാൻ താല്പര്യത്തോടുകൂടി വന്ന എൺപത്തി നാലായിരത്തോളം പേരെ സംരംഭത്തിലേക്ക് നയിക്കുകയാണ് ഇപ്പോഴത്തെ പ്രവർത്തനം. രണ്ടാംഘട്ടത്തിൽ പൊതുബോധവത്ക്കരണ ശിൽപ്പശാലയിൽ പങ്കെടുത്ത കൂടുതൽ താൽപ്പര്യമുള്ള ആളുകൾക്ക് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ലോൺ ലൈസൻസ് സബ്സിഡി മേളകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. തദ്ദേശസ്ഥാപന തലത്തിൽ നടക്കുന്ന
ഈ മേളയിൽ ബാങ്കുകളും ഏജൻസികളും സബ്സിഡി നൽകുന്നവരും പങ്കെടുക്കും. അപേക്ഷകർക്ക് ലൈസൻസ്, സബ്സിഡി അപേക്ഷകൾ എന്നിവ സമർപ്പിക്കാനും അവരുടെ പ്രോജക്ട് റിപ്പോർട്ടുകൾ ബാങ്കിൽ സമർപ്പിച്ച് വായ്പ ലഭ്യമാക്കാനുള്ള സഹായം അവിടെ ലഭിക്കും. ഈ ലൈസൻസ് മേള കഴിഞ്ഞ് ഒരുമാസത്തിനകം വായ്പ അനുവദിച്ച് സംരംഭം തുടങ്ങാനുള്ള അടുത്ത ഘട്ടത്തിലേക്ക് സംരംഭകർ എത്തും എന്നാണ് പ്രതീക്ഷിക്കുന്നത്.




സംരംഭക വർഷം ലോഗോ പ്രകാശനം

## ഇന്റേണുകളും ഹെൽപ്പ് ഡെസ്കും

സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ, പ്രാദേശിക തലത്തിൽ പ്രാദേശിക സാമ്പത്തിക വികസനത്തിനും ഉൽപ്പാദന മേഖലയ്ക്ക് ശക്തി പകരാനും മികച്ച മുന്നൊരുക്കങ്ങളാണ് സർക്കാർ നടത്തിയിട്ടുള്ളത്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ബിരുദാനന്തര ബിരുദമോ എം ബി എ യോ ഉള്ള ഒരു പ്രൊഫഷണൽ ഇന്റേണിനെ നിയമിക്കുകയും അവർക്ക് മികച്ച പരിശീലനം നൽകുകയും ചെയ്തു. ഒരു പഞ്ചായത്തിൽ ഒന്ന്, മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും 20 വാർഡിൽ ഒന്ന് എന്ന രീതിയിൽ ഇപ്പോൾ 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്.

ഇവർക്ക് ഒരാഴ്ച നീണ്ടു നിൽക്കുന്ന പരിശീലനം നൽകി. എല്ലാ ആഴ്ചയുമുള്ള തുടർപരിശീലന ത്തിലൂടെ മികച്ച കാര്യശേഷിയിലേക്ക് ഇവരെ കൊണ്ടുവരികയാണ്. ഇവരുടെ നേതൃത്വത്തിലാണ് സംരംഭത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ഇവരുടെ പ്രവർത്തനത്തിന്റെ തുടർച്ചയായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഒരു ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചിട്ടുണ്ട്. എല്ലാ തിങ്കളാഴ്ചയും ബുധനാഴ്ചയും തദ്ദേശ സ്ഥാപനങ്ങളിൽ ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കും. സംരംഭം തുടങ്ങാൻ ആവശ്യമായ എല്ലാ സഹായങ്ങളും വിവരങ്ങളും ഹെൽപ്പ് ഡെസ്കിൽ ഉണ്ടാവും.

## പുതിയ സംരംഭങ്ങൾ

സംരംഭക വർഷത്തിന്റെ ഭാഗമായി പുതുതായി സംരംഭങ്ങൾ രൂപീകരിക്കാനും രൂപീകരിച്ച സംരംഭങ്ങൾ ക്കും നിലവിലുള്ള സംരംഭങ്ങൾക്കും വളരാൻ അവസര മൊരുക്കാനും വിപണനം ഉൾപ്പെടെയുള്ള സഹായ ങ്ങൾക്കുമായി ധാരാളം നയപരമായ തീരുമാനങ്ങളും പുതിയ പദ്ധതികളുമാണ് വ്യവസായ വകുപ്പ് ആവിഷ്കരിക്കുന്നത്. എല്ലാ സംരംഭ വായ്പകളും നാല് ശതമാനത്തിന് ലഭ്യമാകുന്ന രീതിയിൽ പലിശ ഇളവു കൊടുക്കാനുള്ള തീരുമാനമാണ് ഇതിൽ പ്രധാനപ്പെട്ട ഒന്ന്. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ദേശസാൽകൃത ബാങ്കുകളും സംരംഭക വർഷത്തിൽ ഒരു പ്രത്യേക വായ്പാപദ്ധതി തയ്യാറാക്കിയി ട്ടുണ്ട്. അതിന്റെ ഉദ്ഘാടനം 28 നാണ്.

സംരംഭങ്ങൾ തുടങ്ങിയവർക്ക് ഐടി, നിയമം, ഡിപിആർ തയ്യാറാക്കൽ, ജിഎസ്ടി, നികുതി, കയറ്റുമതി, മാർക്കറ്റിങ് തുടങ്ങി പല മേഖലകളിലും സഹായം നൽകാൻ 150 ഓളം വിദഗ്ധരെ എംപാനൽ ചെയ്തിട്ടുണ്ട്. പുതിയ സാങ്കേതിക വിദ്യ പരിചയപ്പെടു ത്താൻ പരിശീലനം നൽകാനും ഉദ്ദേശിക്കുന്നു. പരാതി പരിഹാരത്തിനു സംവിധാനം കൊണ്ടുവന്നു. ഇൻഡസ്ട്രി അക്കാദമിയുമായുള്ള സഹകരണമടക്കം സംരംഭകർക്ക് പിന്തുണയേകാൻ കുറേയേറെ കാര്യങ്ങൾ ചെയ്യുന്നുണ്ട്.

കേരളത്തിന്റെ മാനവവിഭവശേഷി ഇവിടെത്തന്നെ ഉപയോഗിച്ച് താൽപ്പര്യമുള്ള സംരംഭങ്ങൾ തുടങ്ങി തങ്ങളുടെ സ്വപ്നം യാഥാർഥ്യമാക്കുന്നതിന് ഇതെല്ലാം സഹായ കമാകും. ഒപ്പം രാഷ്ട്രനിർമ്മാണത്തിന്റെ ഭാഗമാകുന്നതിനും അങ്ങനെ നാടിന്റെ അഭിമാനമായിത്തീരാനും ഉതകുന്ന വിവിധ പദ്ധതികളാണ് സംരംഭക വർഷത്തിന്റെ ഭാഗമായി സർക്കാർ മുന്നോട്ടുവെക്കുന്നത്. ■




# സമകാലിക ജനപഥം PULLOUT BOOKLET സ്പെഷ്യൽ

**സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന നവസംരംഭകർക്ക് പ്രയോജനപ്രദമായ ഒരു കൈപ്പുസ്തകമാണ് വരുംതാളുകളിൽ.**

## അടുത്ത 24 പേജുകൾ കൊണ്ട് ബുക്ക്‌ലെറ്റ് തയ്യാറാക്കാനുള്ള ചിത്രങ്ങളാണ് ചുവടെ

1 ജനപഥത്തിന്റെ നടുവിലുള്ള 24 പേജുകൾ കൂട്ടിപ്പിടിച്ച് അടർത്തിയെടുക്കുക



2 ചിത്രത്തിൽ കാണുന്നതുപോലെ കുത്തിട്ട വരകളിലൂടെ നടുവേ മടക്കുക



3 മടക്കുവരുന്ന വശത്ത് ഇരുഭാഗങ്ങളിലായി സ്റ്റേപ്ലർ ക്ലിപ്പ് ചെയ്ത് ഉറപ്പിക്കുക.



4 ബുക്ക്‌ലെറ്റിന്റെ താഴ്ഭാഗം കുത്തിട്ട വരകളിലൂടെ മുറിച്ച് മാറ്റുക.




ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ
വിവിധ സർക്കാർ വകുപ്പിന്റെ
സേവനങ്ങൾ തേടി
ഇനി
പലവഴി
അലയേണ്ട
സേവനങ്ങളെല്ലാം
വിരൽത്തുമ്പിൽ
സർവ്വീസ് പോർട്ടൽ
മൊബൈൽ ആപ്പ്
ലോഗിൻ ചെയ്യൂ
www.services.kerala.gov.in
അല്ലെങ്കിൽ പ്ലേ സ്റ്റോറിൽ നിന്ന് ഡൗൺലോഡ് ചെയ്യൂ
m-സേവനം മൊബൈൽ ആപ്പ്


www.facebook.com/samakalikajanapadham/
സമകാലിക
ജനപഥം
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ
ജനപഥം സ്പെഷ്യൽ കൈപ്പുസ്തകം
തുടങ്ങാം
ചെറുകിടവ്യവസായം

സമ്പദ് വ്യവസ്ഥയുടെ വികാസത്തിന് സംരംഭങ്ങളുടെ വളർച്ചയും പുതിയ സംരംഭകരുടെ കടന്നുവരവും അത്യന്താപേക്ഷിതമാണ്. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്ക് (എംഎസ്എംഇ) ആവശ്യമായ പ്രോത്സാഹനവും സഹായവും നൽകുന്നതിന് പ്രതിജ്ഞാബദ്ധമാണ് സംസ്ഥാന സർക്കാർ. ഈ ലക്ഷ്യത്തോടെ വർഷം ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാനും നാലുലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ട് വ്യവസായവകുപ്പ് ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് സംരംഭക വർഷം. മുഖ്യമന്ത്രി പിണറായി വിജയൻ മാർച്ച് 30ന് പദ്ധതി ഉദ്ഘാടനം ചെയ്തു. ഈ സാഹചര്യത്തിൽ ചെറുകിട വ്യവസായങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകർക്ക് ആവശ്യമായ വിവരങ്ങൾ അടങ്ങുന്ന ഈ കൈപ്പുസ്തകം വായനക്കാർക്ക് വഴികാട്ടിയാവുമെന്ന് പ്രത്യാശിക്കുന്നു

എഡിറ്റർ

| | | |
|---|---|---|
| ഒറ്റപ്പാലം | tiootp@gmail.com | 9447324887 |
| | | 04662-248310 |
| പാലക്കാട് | tiopalakkad@gmail.com | 9447842202 |
| | | 0491- 2505570 |
| മണ്ണാർക്കാട് | tiomkd@gmail.com | 9746024692 |
| | | 04924-222895 |
| **മലപ്പുറം** | | |
| ഏറനാട് (മഞ്ചേരി) | tioernad@gmail.com | 9446505335 |
| തിരൂർ | tiotirur@gmail.com | 9447350212 |
| | | 0494-2420950 |
| തിരൂരങ്ങാടി | tiovengara@gmail.com | 9605219385 |
| പൊന്നാനി | tiopni@gmail.com | 9497159613 |
| പെരിന്തൽമണ്ണ | tiopmna@gmail.com | 9400537160 |
| | | 0493-3220195 |
| നിലമ്പൂർ | tionmbr@gmail.com | 9447516144 |
| **കോഴിക്കോട്** | | |
| വടകര | tiovatakara@gmail.com | 8129213258 |
| | | 496-2515166 |
| കൊയിലാണ്ടി | tiokoyilandy@gmail.com | 9447860416 |
| | | 496-2623250 |
| കോഴിക്കോട് | tiokkd@gmail.com | 9961511542 |
| | | 495-2766036 |
| **വയനാട്** | | |
| വൈത്തിരി | tiovty@gmail.com | 9846363992 |
| മാനന്തവാടി | tiomtdy@gmail.com | 9447111677 |
| **കണ്ണൂർ** | adiokannur.dic@kerala.gov.in | 9497235108, |
| | | 8921639404 |
| | | 497-2765657 |
| തലശ്ശേരി | adiothalassery@gmail.com | 9744222911 |
| | | 490-2327820 |
| തളിപറമ്പ് | tiotalipparamba@gmail.com | 9656248240 |
| | | 460-2202577 |
| **കാസർഗോഡ്** | | |
| കാസർഗോഡ് | adioksd@gmail.com | 0499 - 4256110 |
| ഹോസ്ദുർഗ് | adiohosdurg@gmail.com | 0467 - 2209490 |

ക്രിയേറ്റീവ് സപ്പോർട്ട് : ആര്യ വി, സോഹൻ ബിനോജ്

| | | |
|---|---|---|
| കാർത്തികപ്പള്ളി | tiohpd@gmail.com | 0479-2412202 |
| ചെങ്ങന്നൂർ | tiocgnr@gmail.com | 0479-2454188 |
| മാവേലിക്കര | tiomavelikara@gmail.com | 0479-2340051 |
| **കോട്ടയം** | tioktm@gmail.com | 9495110855 |
| ചങ്ങനാശ്ശേരി | adiochry@gmail.com | 9447029774 |
| വൈക്കം | tiovaikom@gmail.com | 9645004229 |
| കാഞ്ഞിരപ്പള്ളി | tiokply@gmail.com | 9446922044 |
| മീനച്ചിൽ | tiomeenachil@gmail.com | 9447430586 |
| **ഇടുക്കി** | | |
| തൊടുപുഴ | tiothodupuzha@gmail.com | 9446606178<br>04862 220326 |
| ഉടുമ്പൻചോല | tioundkm@gmail.com | 9447924392<br>04868 232979 |
| അടിമാലി | tiodevikulam@gmail.com | 8921377133<br>048642-232200 |
| പീരുമേട് | talukindustriespeermade@gmail.com | 9495392597<br>04862-232273 |
| **എറണാകുളം** | | |
| കൊച്ചി | tio.kochi@gmail.com | 9446353772 |
| മൂവാറ്റുപുഴ | tiomvca@gmail.com | 9745587515 |
| കുന്നത്തുനാട് | tiokndpbvr@gmail.com | 9747977962 |
| ആലുവ | tio.aluva@gmail.com | 9446476146 |
| കണയന്നൂർ | tio.knr@gmail.com | 9846977669 |
| കോതമംഗലം | tiokothamangalam@gmail.com | 8547744486 |
| നോർത്ത് പറവൂർ | tionparur@gmail.com | 9495977565 |
| **തൃശ്ശൂർ** | tiothrissur@gmail.com | 9446319920 |
| കൊടുങ്ങല്ലൂർ | tiokodungallur@gmail.com | 9746085755 |
| ചാവക്കാട് | adiockd@gmail.com | 9446142623 |
| മുകുന്ദപുരം | adiomkm2014@gmail.com | 9446807254 |
| തലപ്പിള്ളി | tiowadakkanchery@gmail.com | 9496348582 |
| **പാലക്കാട്** | | |
| ചിറ്റൂർ | tiochittur@gmail.com | 9426384540<br>04923- 221785 |
| ആലത്തൂർ | tioaltr@gmail.com | 9744149646<br>04922-224395 |

# പണം മാത്രം പോരാ സംരംഭം തുടങ്ങാൻ

ഒരു സംരംഭം ആരംഭിക്കുവാൻ ആദ്യം വേണ്ടത് എന്താണ് എന്ന ചോദ്യത്തിന് ബഹു ഭൂരിപക്ഷത്തിന്റേയും ഉത്തരം പണം എന്നതായിരിക്കും. എന്നാൽ ഒരു സംരംഭത്തിനു വേണ്ടത് നിക്ഷേപകനും മൂലധനവും മാത്രമല്ല, മെഷീൻ, മികച്ച ഉൽപ്പന്നം, വിപണി എന്നിവ കൂടിയാണ് (Men, Money, Machine, Material and Market). ഇതിൽ ഏറ്റവും പ്രധാനം വിപണി തന്നെയാണ്. മുതൽമുടക്കും അധ്വാനവും എത്രയാണെങ്കിലും ഉൽപ്പന്നത്തിന് വിപണി ഇല്ലെങ്കിൽ സംരംഭകൻ പരാജയപ്പെടുമെന്ന കാര്യം ഉറപ്പാണ്. അതുകൊണ്ടു തന്നെ സംരംഭകാശയം എന്നതിൽ ഏറ്റവും പ്രാധാന്യം മാർക്കറ്റിനാണ്. മാർക്കറ്റ് ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞാൽ പണം നൽകുവാനും ഇപ്പോൾ ധനകാര്യ സ്ഥാപനങ്ങൾ സന്നദ്ധമാണ്.

സ്വന്തമായി ഒരു സംരംഭം ആരംഭിക്കുവാൻ തികഞ്ഞ ആത്മവിശ്വാസം



അനിവാര്യമാണ്. വിപണിയിലെ സാഹചര്യങ്ങൾ മനസ്സിലാക്കുവാനും അതിനനുസരിച്ച് ഉൽപ്പന്നങ്ങളുടെ ഗുണവും സേവനവും വർധിപ്പിക്കുവാനും കഴിവുള്ളവർക്കേ മാർക്കറ്റിൽ വിജയിക്കാനാകൂ. കാലഘട്ടത്തിന്റെ മാറ്റങ്ങളോട് എത്രവേഗത്തിൽ പ്രതികരിക്കുന്നുവെന്നതും ഇക്കാര്യത്തിൽ പ്രധാനമാണ്.

ഒരു സംരംഭകൻ ആദ്യം അറിഞ്ഞിരിക്കേണ്ടത് എത്രതരം സംരംഭങ്ങൾ ഉണ്ട് എന്നാണ്. കാരണം ലോകത്താകമാനം സംരംഭങ്ങളെ മൂന്നു ഗ്രൂപ്പുകളായി തിരിക്കുവാൻ കഴിയും. ഉൽപ്പാദന വ്യവസായമാണ് ആദ്യത്തേത്. അസംസ്കൃത വസ്തുക്കളെ ഉൽപ്പന്നമാക്കി മാറ്റുന്ന പ്രക്രിയയാണിത്. രണ്ടാമത്തേത് സേവന സംരംഭമാണ്. ഉപഭോക്താക്കൾക്ക് അറിയില്ലാത്ത ഒരു ജോലി അവർക്കായി ചെയ്യുന്നതാണിത്. (ഉദാ: -ബ്യൂട്ടിപാർലർ, തയ്യൽക്കട). മൂന്നാമത്തേത് ട്രേഡിങ് വിഭാഗമാണ്. ലേഡീസ് സ്റ്റോറും, പലചരക്കു കടയുമൊക്കെ വരുന്നത് ഈ വിഭാഗത്തിലാണ്. സംരംഭം ഇതിൽ ഏതു വിഭാഗത്തിലേതായാലും വ്യക്തമായ പഠനത്തിന് ശേഷമേ ആരംഭിക്കാവൂ എന്നതാണ് പ്രധാനം.



| | | |
|---|---|---|
| | | 0483-2737405 |
| കോഴിക്കോട് | diccalicut@gmail.com | 9188127011<br>0495-2765770 |
| വയനാട് | tiovty@gmail.com | 9188127012<br>04936 202485 |
| കണ്ണൂർ | dickannur@ymail.com | 9188127013<br>0497 2700928<br>0497-2707522 |
| കാസർഗോഡ് | gmdicksd@gmail.com | 9188127014<br>0499 - 4255749 |

## താലൂക്ക് വ്യവസായ ഓഫീസുകൾ

### തിരുവനന്തപുരം

| | | |
|---|---|---|
| തിരുവനന്തപുരം | dictiotvm@gmail.com | 9447715188 |
| നെയ്യാറ്റിൻകര | dictionta@gmail.com | 9495551039 |
| ചിറയിൻകീഴ് | dictiochk@gmail.com | 9446589105 |
| നെടുമങ്ങാട് | tionedumangad@gmail.com | 0474-2625292,<br>9446664889 |

### കൊല്ലം

| | | |
|---|---|---|
| കൊല്ലം | tiokollam@gmail.com | 9497776437<br>0474-2749394 |
| കരുനാഗപ്പള്ളി | karunagappallyadio@gmail.com | 9526015398 |
| കൊട്ടാരക്കര | tiokottarakkara@gmail.com | 9495992286 |
| പത്തനാപുരം | tioptpm@gmail.com | 9446314448 |

### പത്തനംതിട്ട

| | | |
|---|---|---|
| അടൂർ | adioadoor@gmail.com | 04734 223372 |
| തിരുവല്ല | adiothiruvalla@gmail.com | 0469 2626760 |
| പത്തനംതിട്ട | adiopathanamthitta@gmail.com | 0468 2222052 |

### ആലപ്പുഴ

| | | |
|---|---|---|
| അമ്പലപ്പുഴ | tioambalapuzha@gmail.com | 0477-2252798 |
| ചേർത്തല | tiocherthala2014@gmail.com | 0478-2822900 |
| കുട്ടനാട് | tiokuttanad@gmail.com | 0477-2707767 |

## ഫോൺ നമ്പറുകൾ

**വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**

| | | |
|---|---|---|
| തിരുവനന്തപുരം | industriesdirectorate@gmail.com | 91 471 2302774 |

**ജില്ലാവ്യവസായ കേന്ദ്രങ്ങൾ**

| | | |
|---|---|---|
| തിരുവനന്തപുരം | tvmdic@gmail.com, gm.tvm.dic@kerala.gov.in | 9188127001 0471-2326756 |
| കൊല്ലം | dickollam@gmail.com | 9745839707 91-474-2747261 |
| പത്തനംതിട്ട | dicpathanamthitta@gmail.com | 9188127003, 91-468-2214639 |
| ആലപ്പുഴ | gmdicalp@gmail.com, | 9188127004, 0477-2241632, 2241272 |
| കോട്ടയം | dickotm@gmail.com | 9188127005 0481-2570182, 2573259 |
| ഇടുക്കി | dicidk@rediffmail.com | 9188127006 04862 - 235410, 235207, 235507 |
| എറണാകുളം | gm.ekm.dic@kerala.gov.in | 9188127007 0484-2421432, 2421461, 0484-2421360 |
| തൃശ്ശൂർ | gm.tsr.dic@kerala.gov.in | 9188127008 0487-2360647, 2360847 |
| പാലക്കാട് | dicpkd@gmail.com | 9188127009 0491-2505385 |
| മലപ്പുറം | gm.mlp.dic@kerala.gov.in | 9188127010 |

# ലൈസൻസുകൾ / അനുമതികൾ

**സ്വയം തൊഴിൽ സംരംഭങ്ങൾ, അവ ഉൽപ്പാദന, സേവന സംരംഭങ്ങളോ, കച്ചവട സ്ഥാപനങ്ങളോ ഏതായാലും അവ ആരംഭിക്കുമ്പോൾ സർക്കാർ നിഷ്ക്കർഷിച്ചിരിക്കുന്ന ആവശ്യമായ അനുമതികൾ കൂടി കരസ്ഥമാക്കി മാത്രമേ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സംരംഭത്തിന്റെ സ്വഭാവം അനുസരിച്ച് വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകൾ നൽകുന്ന പതിനഞ്ചോളം ലൈസൻസുകൾ നേടേണ്ടതുണ്ട്.**

പ്രവർത്തനം അനുസരിച്ച് സംരംഭങ്ങളെ ഉൽപ്പാദനം, സേവനം, കച്ചവടം എന്നിങ്ങനെ മൂന്നായി തരം തിരിക്കാം. ഇവയിൽ ഉൽപ്പാദന -സേവന സംരംഭങ്ങളെ അവയുടെ സ്ഥിര മൂലധനത്തിന്റെയും വിറ്റുവരവിന്റെയും അടിസ്ഥാനത്തിൽ സൂക്ഷ്മ (micro), ചെറുകിട (small), ഇടത്തരം (medium) സംരംഭങ്ങൾ എന്ന് തരം തിരിച്ചിരിക്കുന്നു.

### 1. ഉദ്യം രജിസ്ട്രേഷൻ

സംരംഭങ്ങൾ ആരംഭിക്കുന്നതിനു മുന്നോടിയായി കേന്ദ്ര സർക്കാർ MSME വകുപ്പിൽ 'ഉദ്യം രജിസ്ട്രേഷൻ' നടത്തിയിരിക്കണം. കച്ചവട സംരംഭങ്ങൾക്കും നിലവിൽ 'ഉദ്യം രജിസ്ട്രേഷൻ'എടുക്കാവുന്നതാണ്. https://udyamregistration.gov.in/. എന്ന വെബ് സൈറ്റ് മുഖേന സൗജന്യമായി രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. കൃഷി, മൃഗസംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഉദ്യം രജിസ്ട്രേഷൻ ബാധകമല്ല. ആധാർ കാർഡ്, ഉടമസ്ഥന്റെ/ സ്ഥാപനത്തിന്റെ പാൻ കാർഡ്, ബാങ്ക് അക്കൗണ്ട്, സ്ഥാപനം സംബന്ധിച്ച വിവരങ്ങൾ എന്നിവയുമായി അടുത്തുള്ള താലൂക്ക് വ്യവസായ ഓഫീസിൽ സമീപിച്ചാൽ രജിസ്ട്രേഷൻ എടുക്കാവുന്നതാണ്.

**ബാധകമായ വ്യവസായങ്ങൾ**

ഉൽപ്പാദന സേവന മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സംരംഭങ്ങളും, കച്ചവട സ്ഥാപനങ്ങളും.


വിജയഗാഥ വിജയഗാഥ വിജയഗാഥ

മഹാമാരിക്കിടയിലും ജീവിതയാഥാർഥ്യങ്ങളോട് പടവെട്ടി സ്വന്തം വ്യവസായ സംരംഭത്തിലൂടെ വിജയസോപാനം കീഴടക്കിയ കാസർഗോട്ടെ അരുണാക്ഷിയുടെ ജീവിതവിജയം ചെറുകിട ബിസ്സിനസ്സ് രംഗത്ത് ആയിരങ്ങൾക്ക് പ്രചോദനമാണ്.

വിശദമായി അറിയാനും വീഡിയോ കാണാനും ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

## 2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ലൈസൻസ്

പ്രധാനമായും കെട്ടിട നിർമ്മാണത്തിനാവശ്യമായ അനുമതി, മെഷിനറി സ്ഥാപിക്കുന്നതിനുള്ള അനുമതി, പ്രവർത്തനാനുമതി എന്നിവയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എടുക്കേണ്ടത്. വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും എന്ന അനുമതിയാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്നത്.

കെട്ടിടങ്ങളെ A മുതൽ J വരെയായി 12 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഇതിൽ G1, G2 വിഭാഗങ്ങളാണ് വ്യവസായ ആവശ്യത്തിനായുള്ള കെട്ടിടങ്ങൾ. Group F വിഭാഗത്തിലുള്ള കെട്ടിടങ്ങൾ വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളാണ്. വാണിജ്യാവശ്യത്തിനായുള്ള കെട്ടിടങ്ങളിൽ 50 സ്ക്വയർ മീറ്റർ വിസ്തൃതിയുള്ള മൂന്ന് എച്ച് പി വരെയുള്ള ഏതു സംരംഭങ്ങളും ആരംഭിക്കാം. അതിനു മുകളിലുള്ള വ്യവസായങ്ങൾക്ക് വ്യവസായങ്ങളുടെ തരം, കെട്ടിടങ്ങളുടെ വിസ്തീർണ്ണം എന്നിവയ്ക്ക് അനുസരിച്ചു G1, G2 വിഭാഗത്തിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതാണ്. വ്യവസായത്തിനാവശ്യമായ കെട്ടിടം നിർമ്മിക്കുമ്പോൾ അവ കേരള പഞ്ചായത്ത് ബിൽഡിങ് റൂൾ/കേരള മുനിസിപ്പൽ ബിൽഡിങ് റൂൾ എന്നിവ പ്രകാരമാണ് നിർമിക്കുന്നത് എന്ന് ഉറപ്പ് വരുത്തണം.

കെട്ടിട നിർമ്മാണത്തിനാവശ്യമായ അനുമതിക്കായി പ്രമാണത്തിന്റെ പകർപ്പ്, കരമടച്ച രസീത്, പൊസഷൻ സർട്ടിഫിക്കറ്റ്, പ്ലാനിന്റെ കോപ്പി എന്നിവ ഓൺലൈനായി www.buidingpermit.lsgkerala.gov.in എന്ന വെബ് സൈറ്റിലൂടെ അംഗീകൃത ലൈസൻസി മുഖേന സമർപ്പിക്കണം. നിർമ്മാണം പൂർത്തിയായാൽ ഉടൻ നമ്പർ ഇടുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നൽകണം. മെഷിനറി സ്ഥാപിക്കുന്നതിനുള്ള അനുമതി, പ്രവർത്തനാനുമതി എന്നിവയ്ക്കുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ വാടകയെങ്കിൽ വാടക കരാർ, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുമുള്ള അനുമതി, 100 മീറ്റർ ചുറ്റളവിലുള്ള സൈറ്റ് പ്ലാൻ (പുതിയ കെട്ടിടത്തിനു മാത്രം), എന്നിവ ന

**വിജയഗാഥ വിജയഗാഥ വിജയഗാഥ**

ഏതു പ്രതിസന്ധി കാലഘട്ടവും അതി ജീവിക്കാൻ സ്വന്തം സംരംഭത്തിനു വേണ്ട താങ്ങും കരുതലും കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിൽ നിന്നും ലഭിക്കുമെന്ന് അനുഭവത്തിലൂടെ വിളിച്ചു പറയുകയാണ് മഞ്ചേശ്വരം സ്വദേശി ചേതനയുടെ നേതൃത്വത്തിലുള്ള അഞ്ച് വനിതകളുടെ ജ്യൂസ് നിർമാണ സംരംഭം.

**വിശദമായി അറിയാനും വീഡിയോ കാണാനും ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ.**

### എങ്ങനെ അപേക്ഷിക്കാം

നേരിട്ടോ ഓൺലൈൻ ആയോ ഈ പദ്ധതിക്ക് അപേക്ഷിക്കാം. താലൂക്ക് വ്യവസായ ഓഫീസിലെ അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർക്കാണ് അപേക്ഷയും, അനുബന്ധ രേഖകളും നൽകേണ്ടത്.
https://iss.industry.kerala.gov.in/web/index.php

## പദ്ധതിയുടെ ആനുകൂല്യങ്ങൾ

- സ്ഥിര മൂലധന, പ്രവർത്തന മൂലധന വായ്പകൾക്കുള്ള പലിശയിളവ് ഇനത്തിൽ ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി ഒറ്റത്തവണ ആനുകൂല്യം 1,20,000/- രൂപ ആയിരിക്കും.
- പുതുതായോ, അധികമായോ എടുത്ത പ്രവർത്തന മൂലധന വായ്പയുടെ പലിശയിളവായി പരമാവധി 60,000/- രൂപ ലഭിക്കും.
- പുതുതായോ, അധികമായോ എടുത്ത സ്ഥിര മൂലധന വായ്പയുടെ പലിശയിളവായി പരമാവധി 60,000/- രൂപ ലഭിക്കും.
- വായ്പയുടെ ആദ്യ ഗഡു ലഭിക്കുന്ന തീയതി മുതലുള്ള 12 മാസത്തേക്ക് യൂണിറ്റ് ബാങ്കിലേക്ക്/ധനകാര്യ സ്ഥാപനത്തിലേക്ക് അടയ്ക്കുന്ന പലിശ തുകയുടെ 50 ശതമാനമാണ് സഹായമായി ലഭിക്കുക.
- പുതുതായോ അധികമായോ എടുത്ത/ എടുക്കുന്ന വായ്പകൾ 2019 ഏപ്രിൽ 1 നും, 2021 ഡിസംബർ 31 നും ഇടയിൽ എടുത്തതായിരിക്കണം.
- പദ്ധതിയിലൂടെ ലഭിക്കുന്ന ആനുകൂല്യം, അപേക്ഷിക്കുന്ന യൂണിറ്റിന്റെ വായ്പാ അക്കൗണ്ടിലേക്ക് അതത് ധനകാര്യ സ്ഥാപനം മുഖേന പാദവാർഷികമായി നൽകുന്നതാണ്.

**വിജയഗാഥ വിജയഗാഥ വിജയഗാഥ**

കുരുന്നുകളെ മാതൃവാത്സല്യത്തിന്റെ മടിത്തട്ടിൽ എന്ന പോലെ പൊതിഞ്ഞുറക്കുവാനും ചമയിച്ചു സന്തോഷിക്കുവാനുമുള്ള രക്ഷിതാക്കളുടെ ആഗ്രഹത്തിന്മേൽ കണ്ണൂരിൽ ബിജു പി അലക്സ് എന്ന സംരംഭകൻ പടുത്തുയർത്തിയ കുട്ടികളുടെ വസ്ത്രമാളികയായ സ്കിൻകോ ബേബി കെയർ ഡ്രസ്സ് ഫാക്ടറിയുടെ വിജയ കഥ ഏവർക്കും പ്രചോദനമാണ്.

**വിശദമായി അറിയാനും വീഡിയോ കാണാനും ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ.**

# സ്ഥിര മൂലധന വായ്പകൾക്കും, പ്രവർത്തന മൂലധന വായ്പകൾക്കുമുള്ള പലിശയിളവ് പദ്ധതി

കോവിഡ് 19 മഹാമാരി മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മൂലം വിഷമ ഘട്ടത്തിലായ സൂക്ഷ്മ- ചെറുകിട- ഇടത്തരം യൂണിറ്റുകൾക്ക് ആശ്വാസമേകാൻ പ്രഖ്യാപിച്ച പദ്ധതിയാണ് മൂലധന പ്രവർത്തന വായ്പകൾക്കുള്ള പലിശയിളവ് പദ്ധതി. ഈ പദ്ധതിയിലൂടെ 2019 ഏപ്രിൽ 1 നും, 2021 ഡിസംബർ 31 നും ഇടയിൽ, പുതുതായോ അധികമായോ, സ്ഥിര മൂലധന വായ്പയോ, പ്രവർത്തന മൂലധന വായ്പയോ എടുത്ത യൂണിറ്റുകൾക്ക് 12 മാസത്തേക്ക് പലിശയിളവ് ലഭിക്കും.

## അപേക്ഷിക്കാനുള്ള അർഹത

- സംസ്ഥാനത്തെ ഉൽപ്പാദന മേഖലയിലോ, ജോബ് വർക്ക് മേഖലയിലോ പ്രവർത്തിക്കുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകൾ ആയിരിക്കണം.
- ഉൽപ്പാദനം ആരംഭിച്ച ശേഷം ഉദ്യം രജിസ്ട്രേഷൻ എടുത്തിരിക്കണം.
- വായ്പ അനുവദിക്കുന്ന തീയതിക്ക് മുൻപുള്ള ആറുമാസക്കാലയളവിൽ മൂന്നു മാസമെങ്കിലും യൂണിറ്റ് പ്രവർത്തിച്ചിരിക്കണം.

വിജയഗാഥ വിജയഗാഥ വിജയഗാഥ

വീട്ടിൽ സ്വന്തം ആവശ്യങ്ങൾ നിറവേറ്റാൻ പലരും കന്നുകാലികളെ വളർത്തുമ്പോൾ ജീവൻ മിൽക്ക് പ്രോഡക്ട്സ് എന്ന ഉൽപ്പന്നത്തിലൂടെ പ്രകൃതി ജീവനത്തിന്റെയും ലാഭകരമായ സംരംഭത്തിന്റെയും നല്ല മാതൃക കെട്ടിപ്പടുക്കുകയാണ് വൈക്കത്തെ ബിജു മാത്യുവും എൽസിയും.

വിശദമായി അറിയാനും വീഡിയോ കാണാനും ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

ശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കണം.

## 3. മലിനീകരണ നിയന്ത്രണ ബോർഡ്

മലിനീകരണത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായങ്ങളെ നാലായി തരം തിരിച്ചിരിക്കുന്നു. വൈറ്റ് - ഗ്രീൻ - ഓറഞ്ച് - റെഡ് എന്നിവയാണ് കാറ്റഗറി. മലിനീകരണ തോത് തീരെ കുറഞ്ഞവയെ വൈറ്റ് ആയും ഏറ്റവും കൂടിയവയെ റെഡ് ആയും ക്രമമായി തരം തിരിച്ചിരിക്കുന്നു. മലിനീകരണ നിയന്ത്രണ ബോർഡ് രണ്ടു തരം അനുമതികൾ നൽകി വരുന്നു. കൺസെന്റ് ടു എസ്റ്റാബ്ലിഷ്, കൺസെന്റ് ടു ഓപ്പറേറ്റ് എന്നിവയാണ് അവ. സ്ഥാപനം ആരംഭിക്കുന്നതിന് മുന്നോടിയായി കെട്ടിടം നിർമ്മിക്കേണ്ട ആവശ്യമുണ്ടെങ്കിൽ സംരംഭകൻ ഓൺലൈൻ ആയി കൺസെന്റ് ടു എസ്റ്റാബ്ലിഷ് എന്ന അനുമതിക്ക് അപേക്ഷിക്കേണ്ടതാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചട്ടങ്ങൾ പ്രകാരം ആവശ്യമായ ദൂരപരിധികൾ പാലിക്കുന്ന പക്ഷം അഞ്ചു വർഷത്തെ ഫീസ് ഒടുക്കി അനുമതി പത്രം കരസ്ഥമാക്കാവുന്നതാണ്. കെട്ടിടനിർമ്മാണം പൂർത്തിയാക്കിയാൽ യന്ത്ര സാമഗ്രികൾ സ്ഥാപിച്ചതിനു ശേഷം 'കൺസെന്റ് ടു എസ്റ്റാബ്ലിഷ്' അനുമതിക്കായി അപേക്ഷിക്കാം. ഈ അനുമതി ലഭിച്ചാൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി കരസ്ഥമാക്കി സ്ഥാപനം പ്രവർത്തനം ആരംഭിക്കാം. കാറ്റഗറി അനുസരിച്ച് ഗ്രീൻ, ഓറഞ്ച്, റെഡ് വിഭാഗത്തിൽപ്പെടുന്ന സംരംഭങ്ങൾക്ക് 15, 10, 5 വർഷ കാലയളവിലേക്ക് അനുമതി ലഭിക്കും. വൈറ്റ് സംരംഭങ്ങൾക്ക് അപേക്ഷയിന്മേൽ ഒറ്റത്തവണ അനുമതി ലഭിക്കും.

**എങ്ങനെ അപേക്ഷിക്കാം**

* ഓൺലൈൻ ആയിമാത്രം keralapcb.nic.in / www.kswift.kerala.gov.in
* വൈറ്റ് വിഭാഗത്തിൽ വരുന്ന സംരംഭങ്ങൾക്ക് 500 രൂപ ഫീസ് മാത്രം.
* മറ്റു വിഭാഗത്തിൽപ്പെടുന്ന സംരംഭങ്ങൾക്ക് മൂലധന നിക്ഷേപത്തിന് അനുസൃതമായി ഫീസ് കണക്കാക്കുന്നു.

വിജയഗാഥ വിജയഗാഥ വിജയഗാഥ

കൃത്യമായ മുന്നൊരുക്കത്തോടെ വിപണിയിലെ അപൂർവ സാധ്യതകളെക്കുറിച്ച് പഠിച്ചു വ്യവസായ രംഗത്ത് വൻവിജയം ഉറപ്പാക്കുന്ന പലരും ഇന്ന് കേരളത്തിലുണ്ട്. മലയാളികൾക്ക് അത്രയേറെ പരിചയമല്ലാത്ത ഒരു ആശയത്തിലൂടെ അപൂർവ വിജയം സ്വന്തമാക്കുകയാണ് മലപ്പുറം ജില്ലയിലെ കാരാത്തോട് വ്യവസായ പാർക്കിൽ സ്ഥിതി ചെയ്യുന്ന അലിഫ് കാർബൺ പ്രൈവറ്റ് ലിമിറ്റഡ്.

വിശദമായി അറിയാനും വീഡിയോ കാണാനും ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

* തിരിച്ചറിയൽ കാർഡ്, സ്ഥലത്തിന്റെ നികുതി റെസീപ്റ്റ്, സ്വയം സാക്ഷ്യപ്പെടുത്തിയ സൈറ്റ് പ്ലാൻ, 100 മീറ്റർ റേഡിയസ് പ്ലാൻ, 200 രൂപയുടെ സ്റ്റാമ്പ് പേപ്പറിൽ അഫിഡവിറ്റ്, മെഷിനറി കോട്ടേഷൻ, കമ്പനിയുടെ ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ, പങ്കാളിത്ത സ്ഥാപനം ആണെങ്കിൽ പാർട്ണർഷിപ്പ് ഡീഡ് എന്നീ രേഖകൾ ഓൺലൈൻ ആയി അപ്‌ലോഡ് ചെയ്യണം.

**ബാധകമായ വ്യവസായങ്ങൾ**

**വൈറ്റ് :** സോഡാ നിർമ്മാണം, അക്ഷയ സെന്റർ, വസ്ത്ര നിർമ്മാണം, ഫോട്ടോസ്റ്റാറ്റ്, LED നിർമ്മാണം തുടങ്ങിയവ.

**ഗ്രീൻ:** ആയുർവേദ ഉൽപ്പന്ന നിർമ്മാണം, ബേക്കറി ഉൽപ്പന്നങ്ങൾ, ബ്യൂട്ടി പാർലർ, ഫ്ളോർ മിൽ, പൗൾട്രി ഫാം, എഞ്ചിനീയറിംഗ് വർക്ക് ഷോപ്പ് തുടങ്ങിയവ.

**ഓറഞ്ച് :** സ്പ്രേ പെയിന്റിംഗ്, ആയുർവേദ മരുന്ന്, ചിക്കൻ സ്റ്റാൾ, പാൽ ഉൽപ്പന്നങ്ങൾ, മത്സ്യ സംസ്കരണം, ഐസ് നിർമ്മാണം, എം സാൻഡ്, പ്രിന്റിംഗ് പ്രസ് തുടങ്ങിയവ.

**റെഡ് :** കോഴി മാലിന്യ സംസ്കരണം, പെയിന്റ് നിർമ്മാണം, കശാപ്പ് ശാല തുടങ്ങിയവ.

## 4. ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം

ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരവും സുരക്ഷയും ഉറപ്പ് വരുത്തുന്നതിന് ഇവയുടെ നിർമ്മാണം, സംഭരണം, വിതരണം, വിൽപന, ഇറക്കുമതി എന്നിവയുമായി ബന്ധപ്പെട്ടു പാലിക്കേണ്ട നിയമമാണിത്. ഈ നിയമപ്രകാരം, ഭക്ഷ്യ വ്യാപാരികൾക്കും ഭക്ഷ്യ ഉൽപ്പാദകർക്കും വിതരണക്കാർക്കും ഇറക്കുമതിക്കാർക്കും നിർബന്ധിത രജിസ്ട്രേഷൻ/ലൈസൻസ് ആവശ്യമാണ്. കേക്ക്, പലഹാരങ്ങൾ, പായസം അച്ചാർ പോലുള്ള ഭക്ഷണ സാധനങ്ങൾ വീടുകളിൽ വാണിജ്യ അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനും വിൽക്കുന്നതിനും വകുപ്പിന്റെ രജിസ്ട്രേഷൻ നിർബന്ധമാണ്.

വാർഷിക വിറ്റുവരവ് 12 ലക്ഷം രൂപ വരെയുള്ള സ്ഥാപനങ്ങൾ


വിജയഗാഥ വിജയഗാഥ വിജയഗാഥ

പ്രതിസന്ധികളെ തരണം ചെയ്യാനുള്ള ബുദ്ധിയും കഠിനാധ്വാനം ചെയ്യാൻ തയ്യാറുള്ള മനസ്സുമാണ് ഭക്ഷ്യോൽപ്പാദന സംസ്കരണ മേഖലയിൽ വിജയകഥ രചിക്കാൻ കാസർഗോഡ് ബദിയഡുക്ക സ്വദേശികളായ നൗഫൽ അബ്ദുൾ ലത്തീഫിനെയും സഹോദരൻ കഫീലിനെയും പ്രാപ്തരാക്കിയത്. ഈ രംഗത്ത് ആർക്കും പ്രചോദനമാകുന്ന വളർച്ച സ്വന്തമാക്കിയ ഇരുവരുടെയും വിജയ കഥ കേൾക്കുക.

വിശദമായി അറിയാനും വീഡിയോ കാണാനും ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ.


ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ), ഹാൻഡിക്രാഫ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡ് (എച്ച് ഡി സി കെ), കേരളാ സ്റ്റേറ്റ് പാമിറ പ്രോഡക്ട് ഡവലപ്മെന്റ് ആൻഡ് വർക്കേഴ്സ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡ് (കെൽപാം) എന്നിവിടങ്ങളിലോ രജിസ്റ്റർ ചെയ്തിട്ടുള്ള കരകൗശല വിദഗ്ധരെയാണ് ഈ പദ്ധതിയിൽ കരകൗശല വിദഗ്ധരായി കണക്കാക്കപ്പെടുന്നത്.

**പദ്ധതിയുടെ സവിശേഷതകൾ**

പണിപ്പുര, പണിയായുധങ്ങൾ, മറ്റ് ഉപകരണങ്ങൾ, യന്ത്ര സാമഗ്രികൾ, ഇലക്ട്രിഫിക്കേഷൻ, സാങ്കേതിക വിദ്യ, ഉൽപ്പന്ന രൂപകൽപ്പന തുടങ്ങിയ സ്ഥിര മൂലധന നിക്ഷേപത്തിന് ധന സഹായം ലഭിക്കും.

പൊതു വിഭാഗത്തിലെ അപേക്ഷകന് സ്ഥിര നിക്ഷേപത്തിന്റെ 40% പരമാവധി 2.00 ലക്ഷം രൂപ സഹായം ലഭിക്കും.

യുവാക്കൾ (18-45 വയസ്സുള്ളവർ), വനിത, പട്ടികജാതി/പട്ടിക വർഗവിഭാഗം, എന്നിവർക്ക് സ്ഥിര നിക്ഷേപത്തിന്റെ 50% പരമാവധി 3.00 ലക്ഷം രൂപ സഹായം ലഭിക്കും.

താഴെപ്പറയുന്ന രേഖകൾ ഉൾപ്പെടെ, ഓൺലൈൻ ആയോ, നേരിട്ടോ അപേക്ഷിക്കാം.

തിരിച്ചറിയൽ രേഖയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ഒന്നിലധികം പേർ ചേർന്ന് തുടങ്ങുന്ന യൂണിറ്റുകൾക്ക് അവരുടെ യോഗ തീരുമാനത്തിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ഉദ്യം രജിസ്ട്രേഷന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

പട്ടിക ജാതി, പട്ടിക വർഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ജാതി സർട്ടിഫിക്കറ്റ്, പ്രൊജക്ട് റിപ്പോർട്ടിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

https://schemes.industry.kerala.gov.in/public/index.php/schemes


വിജയഗാഥ വിജയഗാഥ വിജയഗാഥ

പ്രവാസികൾ വിദേശത്തു നിന്നുള്ള മാതൃകകകൾ സ്വീകരിച്ചു സ്വദേശത്ത് ആരംഭിച്ച ഒട്ടേറെ ബിസിനസ്സുകൾക്ക് വിജയം സമ്മാനിച്ച നാടാണ് കേരളം. അതിൽ ഉൾപ്പെടുന്ന മിനറൽ വാട്ടർ എന്ന കുപ്പി വെള്ള വിതരണ സംരംഭങ്ങളിൽ മലബാറിലും മധ്യകേരളത്തിലും മികച്ച നേട്ടം കൊയ്യുകയാണ് അക്വേ ലിവ എന്ന പ്രവാസി സംരംഭം.

വിശദമായി അറിയാനും വീഡിയോ കാണാനും ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ.

രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. 12 ലക്ഷം രൂപ മുതൽ 20 കോടിരൂപ വരെ വാർഷിക വിറ്റുവരവ് ഉള്ള സ്ഥാപനങ്ങൾ, സംസ്ഥാനത്തിനകത്ത് മാത്രം വിപണനം നടത്തുന്ന സ്ഥാപനങ്ങൾ, പ്രതിദിന ഉൽപ്പാദനം 100 കിലോ അഥവാ 100 ലിറ്റർ അധികരിച്ചാൽ, പാലാണെങ്കിൽ 500 ലിറ്റർ പ്രതിദിന ഉൽപ്പാദനം/ സംഭരണം കവിഞ്ഞവർ, കാറ്ററിങ് യൂണിറ്റുകൾ എന്നിവർ സ്റ്റേറ്റ് ലൈസൻസ് എടുക്കേണ്ടതുണ്ട്.

20 കോടിക്ക് മുകളിൽ വിറ്റുവരവ് ഉള്ളവരും, കയറ്റുമതി ഇറക്കുമതി സ്ഥാപനങ്ങൾ, ഇ-കൊമേഴ്സ് സ്ഥാപനങ്ങൾ, സംസ്ഥാനാന്തര വിപണനം നടത്തുന്നതുമായ സ്ഥാപനങ്ങൾ എന്നിവർ സെൻട്രൽ ലൈസൻസ് എടുക്കണം.

**എങ്ങനെ അപേക്ഷിക്കാം**

* ഓൺലൈൻ ആയി മാത്രം - foscos.fssai.gov.in / www.kswift.kerala
* രജിസ്ട്രേഷൻ വാർഷിക ഫീസ് 100 രൂപ
* സ്റ്റേറ്റ് ലൈസൻസ് വാർഷിക ഫീസ് 2000 രൂപ മുതൽ 5000 രൂപ വരെ.
* സെൻട്രൽ ലൈസൻസ് വാർഷിക ഫീസ് 7500 രൂപ.
* ഫോട്ടോ, തിരിച്ചറിയൽ കാർഡ്, സ്ഥാപനത്തിന്റെ മേൽവിലാസം തെളിയിക്കുന്ന രേഖ എന്നിവയുടെ സ്വയം സാക്ഷ്യപെടുത്തിയ പകർപ്പ്.
* ലൈസൻസിനു തദ്ദേശസ്ഥാപനത്തിൽ നിന്നുള്ള ലൈസൻസ്, മെഡിക്കൽ ഫിറ്റ്നസ് എന്നിവ കൂടി അധികമായി നൽകണം.
* പരിശോധന ആവശ്യം ഇല്ലാത്ത സ്ഥാപനങ്ങൾക്ക് ഏഴ് ദിവസത്തിനുള്ളിലും പരിശോധന വേണ്ടവ 30 ദിവസം കൊണ്ടും ലഭ്യമാക്കണം.

**ബാധകമായ വ്യവസായങ്ങൾ**

കുടിവെള്ള നിർമ്മാണം, പലഹാര നിർമ്മാണം, ക്യാന്റീൻ, ഹോട്ടൽ, ഭക്ഷ്യ സംസ്കരണം, ഫ്ളോർ മിൽ, ഓയിൽ മിൽ, ഐസ് പ്ലാന്റ്, റൈസ് മിൽ, ഭക്ഷ്യ ഉൽപ്പന്നങ്ങൾ റീ പായ്ക്ക് ചെയ്യുന്ന സംരംഭങ്ങൾ തുടങ്ങിയവ.

വിജയഗാഥ വിജയഗാഥ വിജയഗാഥ

സുരക്ഷിതമായ ഭാവി ഉറപ്പു വരുത്തിയും നിലനിൽപ്പിനാധാരമായ ഭൂമിയെ സംരക്ഷിച്ചും വ്യവസായ ലോകത്തിൽ സാമ്പത്തിക മുന്നേറ്റത്തിന് ശക്തമായ മാതൃക തീർത്തിരിക്കുകയാണ് തിരുവനന്തപുരം ജില്ലയിലെ ഇളമ്പയിൽ സ്വദേശികളായ രണ്ടു സഹോദരങ്ങൾ. സുരേഷ്കുമാർ, സജികുമാർ സഹോദരന്മാരുടെ വൈവിധ്യമാർന്ന ഒരു സംരംഭ വിജയത്തിന്റെ കഥ കേൾക്കാം.

വിശദമായി അറിയാനും വീഡിയോ കാണാനും ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.



# കരകൗശല വിദഗ്ധർക്കുള്ള സഹായ പദ്ധതി (ആശ)

**ലക്ഷ്യങ്ങൾ:**

കരകൗശല മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്ന കരകൗശല മേഖലയിലെ വിദഗ്ധർക്ക് ഒറ്റത്തവണ സഹായം (ഗ്രാന്റ്) നൽകാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണിത്. സംരംഭം ആരംഭിച്ച ശേഷമാണ് ഗ്രാന്റ് ലഭ്യമാക്കുന്നത്. കേന്ദ്ര സർക്കാരിലെ കരകൗശല വികസന കമ്മീഷണറുടെ ഓഫീസിലോ, കേരളാ സ്റ്റേറ്റ് ഹാൻഡിക്രാഫ്റ്റ്സ് അപ്പെക്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (സുരഭി), കേരളാ സ്റ്റേറ്റ് ബാംബൂ ഡവലപ്മെന്റ് കോർപ്പറേഷൻ (കെ എസ് ബി സി), കേരളാ

വിജയഗാഥ വിജയഗാഥ വിജയഗാഥ

സ്റ്റീലും ഇരുമ്പും മുതൽ അലുമിനിയം കൊണ്ട് വരെ അത്ഭുതങ്ങൾ സൃഷ്ടിക്കുന്ന ഒട്ടേറെ സംരംഭകർക്കിടയിൽ വൈവിധ്യം കൊണ്ടും ഗുണമേന്മ കൊണ്ടും മികവ് നേടുകയാണ് പാലക്കാട് ജില്ലയിലെ മുണ്ടൂരിലെ ഒരു അച്ഛനും മകനും. എ ആർ കെ സ്റ്റീൽ ടെക്കിന്റെ വിജയ കഥ ഈ മേഖലയുമായി ബന്ധപ്പെട്ട ഏതൊരു സംരംഭകനും പ്രചോദനമാണ്.

## 5. ചരക്കുസേവന നികുതി വകുപ്പ്

20 ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വിറ്റുവരവുള്ള സേവന മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളും, 40 ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വിറ്റുവരവുള്ള ഉൽപ്പാദന, കച്ചവട മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളും GST രജിസ്ട്രേഷൻ എടുത്തിരിക്കണം. എന്നാൽ സംരംഭകരുടെ ആവശ്യപ്രകാരം പ്രസ്തുത തുകയിൽ കുറവ് വിറ്റുവരവുള്ള സ്ഥാപനങ്ങൾക്കും GST എടുക്കാവുന്നതാണ്. എല്ലാ സംസ്ഥാനാന്തര കച്ചവടം നടത്തുന്നവരും, ഇ-കോമേഴ്സ് സ്ഥാപനങ്ങളും ഈ പരിധി പരിഗണിക്കാതെ തന്നെ നിർബന്ധമായും GST രജിസ്ട്രേഷൻ എടുത്തിരിക്കണം. നോർമൽ, കോമ്പോസിഷൻ എന്നിങ്ങനെ രണ്ടു തരം രജിസ്ട്രേഷൻ നൽകിവരുന്നു.

**എങ്ങനെ അപേക്ഷിക്കാം**

* ഓൺലൈൻ ആയി www.gst.gov.in വെബ്സൈറ്റ് മുഖേന സൗജന്യമായി അപേക്ഷ സമർപ്പിക്കാം.

* മൊബൈൽ നമ്പർ, ഇ മെയിൽ അഡ്രസ്, പാൻ കാർഡ്, ആധാർ കാർഡ്, കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ രേഖ, സ്ഥാപനത്തിന്റെ മേൽവിലാസം തെളിയിക്കുന്ന രേഖ എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ അപ്‌ലോഡ് ചെയ്യണം.

## 6. ലീഗൽ മെട്രോളജി വകുപ്പ്

അളവുകൾ, അളവെടുക്കൽ ഉപകരണങ്ങൾ, അളവെടുക്കൽ രീതി എന്നിവയെല്ലാം നിർദേശിക്കുകയും അവ കൃത്യമായി നടപ്പിൽ വരുത്തുന്നു എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

ഉൽപ്പന്നം പാക്ക് ചെയ്തു വിൽക്കുന്നവരെല്ലാം. ഉൽപ്പാദനം തുടങ്ങി 90 ദിവസങ്ങൾക്കകം അപേക്ഷിക്കണം.

**എങ്ങനെ അപേക്ഷിക്കാം**

ഓൺലൈൻ ആയി മാത്രം Imoms.kerala.gov.in / kswift.kerala.gov.in

വിജയഗാഥ വിജയഗാഥ വിജയഗാഥ

അറിവും കഴിവും കഠിനാധ്വാനവും ഉപയോഗിച്ച് ചെറുകിട സംരംഭത്തിൽ വിജയ സോപാനം കയറിയ ദമ്പതിമാരുടെ കഥയാണ് മാവേലിക്കര സ്വദേശികളായ അരുൺകുമാറിനും അമൃത കൃഷ്ണനും പറയാനുള്ളത്.

വിശദമായി അറിയാനും വീഡിയോ കാണാനും ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ.

100 സജീവ അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. അംഗ സംഖ്യയിലെ കുറവിന് ആനുപാതികമായി ധനസഹായം കുറയുന്നതാണ്.

അംഗ സംഖ്യയുടെ കുറവുകാരണം പരമാവധി ആനുകൂല്യം ലഭിക്കാത്ത സംഘങ്ങൾക്ക്, അംഗസംഖ്യ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം ഉയരുന്ന പക്ഷം, പദ്ധതി നിലനിൽക്കുന്നിടത്തോളം ധന സഹായത്തിന്റെ ശേഷിക്കുന്ന തുകയ്ക്ക് അർഹതയുണ്ടായിരിക്കും. എന്നാൽ ഒരു സാഹചര്യത്തിലും രണ്ടിലധികം തവണകൾ അനുവദിക്കുന്നതല്ല. സംഘത്തിന് സ്ഥിരം മൂലധന ആസ്തി സ്വരൂപിക്കുന്നതിനായി ലഭിക്കുന്ന തുക ഈയിനത്തിലുള്ള 80% തുക ആയി കണക്കാക്കി ശേഷിക്കുന്ന 20% സ്വന്തമായി കണ്ടെത്തേണ്ടതാണ്. പ്രവർത്തന മൂലധന സഹായമായി ലഭിക്കുന്ന തുകയ്ക്ക് തത്തുല്ല്യമായ തുകയും സംഘം സ്വന്തമായി കണ്ടെത്തേണ്ടതാണ്. ഭൂമി, കെട്ടിടം എന്നിവയുടെ ആവശ്യത്തിന് ചെലവുചെയ്യുന്ന തുക സ്ഥിരം ആസ്തി ശേഖരണത്തിനുള്ള ധന സഹായത്തിന് കണക്കിലെടുക്കുന്നതല്ല. പണിയായുധങ്ങൾ, ഫർണിച്ചർ, വൈദ്യുത-ഇലക്ട്രോണിക്സ് ഉപകരണങ്ങൾ അത്യാവശ്യ യന്ത്ര സാമഗ്രികൾ തുടങ്ങിയവ ഇതിനായി പരിഗണിക്കുന്നതാണ്. പദ്ധതി നിലവിൽ വരുന്നതിന് മുൻപ് ആർജിച്ച നിശ്ചിത ആസ്തികളുടെ ചെലവ് ധനസഹായത്തിന് പരിഗണിക്കുന്നതും വിനിയോഗിക്കപ്പെട്ട തുക മടക്കി നൽകുന്നതുമായിരിക്കും. എന്നാൽ രേഖകൾ കൃത്യമായി ഹാജരാക്കേണ്ടതാണ്.

സജീവ അംഗങ്ങളുടെ എണ്ണത്തിന് 1000/- രൂപ എന്ന മാനദണ്ഡ പ്രകാരമാണ് പ്രവർത്തന മൂലധനം അനുവദിക്കുന്നത്. സംഘത്തിന്റേയും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടേയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിലേക്ക് തുക നിക്ഷേപിക്കുന്നതും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ അനുവാദത്തോടെ മാത്രം പിൻവലിക്കാൻ പാടുള്ളതുമായിരിക്കും.

**അപേക്ഷിക്കേണ്ട വിധം :**

യോഗ്യതയുള്ള സംഘങ്ങൾ ആവശ്യമായ രേഖകൾ ഉൾപ്പെടെ നിശ്ചിത മാതൃകയിൽ ധനസഹായത്തിനുള്ള അപേക്ഷ അതാതു താലൂക്ക് വ്യവസായ ഓഫീസ് മുഖേനയോ ബന്ധപ്പെട്ട ബ്ലോക്കിലെ വ്യവസായ വികസന ഓഫീസർ മുഖേനയോ ബന്ധപ്പെട്ട സർക്കിളിലെ വ്യവസായ സഹകരണ ഇൻസ്പെക്ടർ മുഖേനയോ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് സമർപ്പിക്കേണ്ടതാണ്.

https://schemes.industry.kerala.gov.in/public/index.php/schemes_mal

ബാക്കി 25 അംഗങ്ങൾ അർധ വിദഗ്ധ / അവിദഗ്ധ തൊഴിലാളികൾ ആയിരിക്കണം. നാമമാത്ര/സഹായക അംഗങ്ങളുടെ എണ്ണം ധന സഹായത്തിനായി കണക്കിലെടുക്കുന്നതല്ല. തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയും ശമ്പളം കൈപ്പറ്റുന്ന സെക്രട്ടറിയും നിലവിലുള്ള സംഘത്തിനു മാത്രമേ പദ്ധതിയുടെ പ്രയോജനം ലഭിക്കുകയുള്ളൂ. ധന സഹായത്തിന് അപേക്ഷിക്കുന്നതിന് തൊട്ടുമുൻപുള്ള മൂന്ന് മാസങ്ങളിൽ ഓരോ അംഗത്തിനും കുറഞ്ഞത് അഞ്ച് ശരാശരി തൊഴിൽ ദിനങ്ങൾ എങ്കിലും പ്രതിമാസം നൽകിയിരിക്കണം. അതേ സമയം രൂപീകരിച്ച് ആറുമാസം തികയാത്ത സംഘങ്ങൾക്ക് ധനസഹായത്തിന് അപേക്ഷിക്കാൻ കഴിയുന്നതല്ല. രജിസ്ട്രാർ നിർദ്ദേശിച്ചതു പ്രകാരമുള്ള രേഖകൾ കൃത്യമായി സൂക്ഷിക്കുന്ന സംഘങ്ങൾക്കു മാത്രമേ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. പരമാവധി ആനുകൂല്യമായ രണ്ട് ലക്ഷം രൂപയ്ക്കു അർഹത നേടുന്നതിന് 100 സജീവ അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

## പദ്ധതി പ്രകാരം ലഭ്യമാകുന്ന ധന സഹായം:

ഈ പദ്ധതി പ്രകാരം ഒരു സംഘത്തിന് ലഭിക്കുന്ന പരമാവധി ആനുകൂല്യം രണ്ടുലക്ഷം രൂപ ആയിരിക്കും. എന്നാൽ സമർപ്പിക്കപ്പെട്ട രേഖകളുടേയും വിവരങ്ങളുടേയും മാർഗനിർദ്ദേശത്തിലെ മറ്റു നിബന്ധനകൾക്കും വിധേയമായി മാത്രമേ ധനസഹായത്തിന്റെ തുക തീരുമാനിക്കുകയുള്ളൂ. ആകെ അനുവദിക്കപ്പെടുന്ന തുകയുടെ 78% സ്ഥിരം ആസ്തി ശേഖരണത്തിനും 20% പ്രവർത്തന മൂലധനത്തിനും 2% പരിശീലനത്തിനുമായിരിക്കും.

സംഘത്തിന് അർഹമായ സാമ്പത്തികാനുകൂല്യം കണക്കാക്കുന്നതിന് സംഘത്തിലെ അംഗസംഖ്യ കൂടി കണക്കിലെടുക്കുന്നതായിരിക്കും. പരമാവധി ആനുകൂല്യമായ രണ്ട് ലക്ഷം രൂപയ്ക്കു അർഹത നേടുന്നതിന്

വിജയഗാഥ വിജയഗാഥ വിജയഗാഥ
ഉള്ളിൽ കടന്നു കൂടിയ ആഗ്രഹങ്ങളുടെയും നിലക്കാത്ത കഠിനാധ്വാനത്തിന്റെയും സാഫല്യമാണ് ഓരോ സംരംഭവും. കരിമ്പനയുടെ നാട്ടിലെ പ്ലാക്കൽ അഗ്രോടെക് എന്ന കയർ ഡി ഫൈബറിങ് ഫാക്ടറിക്ക് പറയാനുള്ളതും അത്തരമൊരു ആഗ്രഹത്തിന്റെയും നിലക്കാത്ത ലക്ഷ്യത്തിന്റെയും പൂർത്തീകരണമാണ്.
വിശദമായി അറിയാനും വീഡിയോ കാണാനും ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

തിരിച്ചറിയൽ കാർഡ്, ഫോട്ടോ, സ്ഥാപനത്തിന്റെ മേൽവിലാസം തെളിയിക്കുന്ന രേഖ, തദ്ദേശസ്ഥാപനത്തിൽ നിന്നുള്ള ലൈസൻസ്, സ്വയം സാക്ഷ്യപെടുത്തിയ പ്രസ്താവന, കെട്ടിട നികുതി റെസിപ്റ്റ്, ഉൽപ്പന്നത്തിന്റെ വിശദാംശങ്ങൾ, കമ്പനി ആണെങ്കിൽ ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ, പങ്കാളിത്ത സ്ഥാപനം ആണെങ്കിൽ പാർട്ണർഷിപ്പ് ഡീഡ് എന്നീ രേഖകളുടെ സാക്ഷ്യപെടുത്തിയ പകർപ്പുകൾ സഹിതം ഓൺലൈനായി ആയി അപേക്ഷ സമർപ്പിക്കണം.

## 7. ജില്ലാ ടൗൺ പ്ലാനറുടെ അനുമതി

1500 സ്ക്വയർ മീറ്ററിലധികമുള്ള കെട്ടിടങ്ങൾക്കു ജില്ലാ ടൗൺ പ്ലാനറുടെ അനുമതി ആവശ്യമാണ്. ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ കൂടി വേണം അപേക്ഷ സമർപ്പിക്കേണ്ടത്.

## 8. ജില്ലാ മെഡിക്കൽ ഓഫീസറുടെ അനുമതി

ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപങ്ങൾ, ലാബുകൾ എന്നിവയ്ക്ക് മാത്രമേ ഡിഎംഒയുടെ അനുമതി ആവശ്യമുള്ളൂ. നിശ്ചിത മാതൃകയിലുള്ള അപേക്ഷ ബന്ധപ്പെട്ട ജില്ലാ ഓഫീസിൽ സമർപ്പിക്കണം.

**ബാധകമായ സംരംഭങ്ങൾ**

ആശുപത്രികൾ, സ്കാനിംഗ് സെന്റർ, നഴ്സിംഗ് ഹോം, പ്രകൃതി ചികിത്സാകേന്ദ്രങ്ങൾ, മറ്റു ആരോഗ്യ കേന്ദ്രങ്ങൾ, ലാബുകൾ തുടങ്ങിയവ.

## 9. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിൽ നിന്നുള്ള അനുമതികൾ

പ്രീ എസ്റ്റാബ്ലിഷ്മെന്റ് അനുമതിയും ലൈസൻസും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നവർ എടുക്കണം, വാടകകെട്ടിടമാണെങ്കിൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റും ലൈസൻസും എടുക്കണം. വൈദ്യുതി ഉപയോഗിക്കുന്ന സംരംഭങ്ങളിൽ പത്തിലധികം തൊഴിലാളികളും വൈദ്യുതി ഉപയോഗിക്കാത്ത സംരംഭങ്ങളിൽ

വിജയഗാഥ വിജയഗാഥ വിജയഗാഥ
ചെറുകിട സംരംഭകരുടെ ലോകത്ത് എഫ്. ജെ. ഫാം ഫ്രഷ് എന്ന സ്ഥാപനത്തിലൂടെ കുറഞ്ഞ കാലം കൊണ്ട് വിജയഗാഥ തീർത്തിരിക്കുകയാണ് ജെയ്സൺ എന്ന യുവാവ്. നിശ്ചയദാർഢ്യമുള്ള മനസ്സ് ഉണ്ടെങ്കിൽ എന്തും സാധിക്കുമെന്ന് ഉറക്കെ വിളിച്ചു പറയുകയാണ് പത്തനംതിട്ട ജില്ലയിലെ അടൂരിലെ ഈ സംരംഭകൻ.
വിശദമായി അറിയാനും വീഡിയോ കാണാനും ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

ഇരുപതിലധികം തൊഴിലാളികളും ഉണ്ടെങ്കിൽ ലൈസൻസ് എടുക്കണം. 25 L മുകളിൽ അളവുള്ള ബോയിലറുകൾ ഉപയോഗിക്കുന്ന സംരംഭങ്ങളും ലൈസൻസ് എടുക്കണം.

## 10. അഗ്രിക്കൾച്ചർ വകുപ്പിൽ നിന്നും എടുക്കേണ്ട അനുമതികൾ

വളം, കീടനാശിനിയുടെ നിർമ്മാണവും സംഭരണവും വിതരണവും നടത്തുന്നവർ ലൈസൻസ് എടുക്കണം. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുമുള്ള ലൈസൻസ്, കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, കമ്പനി നൽകുന്ന ഉൽപ്പന്നങ്ങളുടെ ലിസ്റ്റ് എന്നിവയുമായി ബി.എസ്. സി കെമിസ്ട്രി അഥവാ കാർഷികസർവകലാശാലയുടെ ഹ്രസ്വകാല പ്രത്യേക കോഴ്സ് പൂർത്തിയാക്കിയവർ, റിട്ടയർ ചെയ്ത കൃഷി ഓഫീസർമാർ എന്നിവർക്ക് അടുത്തുള്ള കൃഷിഭവനിൽ 1250 രൂപ ഫീസ് അടച്ചു അപേക്ഷിക്കാം. www.kswift.kerala.gov.in വഴിയും അപേക്ഷ സമർപ്പിക്കാം.

## 11. എക്സൈസ് വകുപ്പിൽ നിന്നും എടുക്കേണ്ട അനുമതികൾ

സ്പിരിറ്റുമായി ബന്ധപ്പെട്ട നിർമ്മാണവും സംഭരണവും വിതരണവും നടത്തുന്നവർ ലൈസൻസ് എടുക്കണം. മദ്യ നിർമ്മാണം, ആയുർവേദ ആസവ അരിഷ്ട നിർമ്മാണം, സാനിറ്റൈസർ നിർമ്മാണം മുതലായ സംരംഭങ്ങൾ ബന്ധപ്പെട്ട എക്സൈസ് സർക്കിൾ ഓഫീസിൽ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കണം.

## 12. മൈനിങ് ആൻഡ് ജിയോളജി വകുപ്പ്

മണ്ണ്, പാറ അധിഷ്ഠിത ഖനനവും സംഭരണവും വിതരണവും നടത്തുന്നവർ ലൈസൻസ് എടുക്കണം. കരിങ്കല്ല്, വെട്ടുകല്ല് എന്നിവയും അവയുടെ ഉൽപ്പന്നങ്ങളും നിർമ്മിക്കുന്നവരാണ് കൂടുതലായി ഇതിന്റെ

**വിജയഗാഥ | വിജയഗാഥ | വിജയഗാഥ**

പഠിച്ചത് പാഠമാക്കാൻ മാത്രമല്ല കുടുംബത്തിന് വരുമാന സ്രോതസ്സ് ആക്കി മാറ്റാനും കഴിയുമെന്ന് തെളിയിച്ച വിജയകഥയാണ് അനന്ദു അജിത്ത് എന്ന വിദ്യാർത്ഥിയുടെ ചെങ്ങന്നൂരിലെ ഗോകുലം സ്വീറ്റ്സ് എന്ന പലഹാര വീടിന് പറയാനുള്ളത്.

വിശദമായി അറിയാനും വീഡിയോ കാണാനും ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ.




ചെയ്തു. ഇത്തരം സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ വ്യവസായ വകുപ്പിന് കീഴിൽ ഒരു ധന സഹായ പദ്ധതി സർക്കാർ ആവിഷ്കരിച്ചിരിക്കുന്നു.

## ഗുണഭോക്താക്കൾ:

അസംഘടിത മേഖലയിലെ വിവിധ തരം തൊഴിലുകളിൽ ഏർപ്പെടുന്ന തൊഴിലാളികൾക്കു മെച്ചപ്പെട്ട തൊഴിലവസരങ്ങൾ കണ്ടെത്തി കൊടുക്കുക, അവിദഗ്ധ തൊഴിലാളികളെ നൈപുണ്യ വികസന പരിശീലനത്തിലൂടെ മുഖ്യധാരയിൽ എത്തിക്കുക എന്നീ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കാൻ രൂപീകരിച്ച വ്യവസായ സഹകരണ സംഘങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുള്ളത്. കൂടാതെ നൈപുണ്യ സംരംഭ വികസന സഹകരണ സംഘങ്ങളിലെ അംഗങ്ങൾ അസംഘടിത തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന സാങ്കേതിക വൈദഗ്ധ്യ സർട്ടിഫിക്കറ്റുകൾ നേടിയവർ, വിദഗ്ധ , അർധ വിദഗ്ധ / അവിദഗ്ധ തൊഴിലാളി വിഭാഗങ്ങളിൽ നിന്നും ഉള്ളവർ ആയിരിക്കണം.

2019 –2020 സാമ്പത്തിക വർഷത്തിലോ അതിനു ശേഷമോ രജിസ്റ്റർ ചെയ്ത സംഘങ്ങൾ ആയിരിക്കണം. കുറഞ്ഞത് 50 അംഗങ്ങൾ ഉണ്ടാകണം. 25 ൽ കുറയാത്ത അംഗങ്ങൾ വിദഗ്ധ തൊഴിലാളികൾ ആയിരിക്കണം.

**വിജയഗാഥ | വിജയഗാഥ | വിജയഗാഥ**

കൂട്ടായ്മയിലൂടെയുള്ള വ്യവസായ സംരംഭങ്ങൾക്കും അതിന്റെ മിന്നുന്ന വിജയത്തിനും മാതൃകയാകുന്ന മൾട്ടി ബോർഡ് എൽ ഇ ഡി ലാമ്പുകളുടെ തിളക്കത്തിനൊപ്പം അഞ്ച് പേരുടെ സൗഹൃദ തിളക്കം കൂടിയാണ് ഹൈലൂംസ് എൽ ഇ ഡി ബൾബ് എന്ന പുതുമയാർന്ന വ്യവസായ സംരംഭം.

വിശദമായി അറിയാനും വീഡിയോ കാണാനും ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ.

പരിധിയിൽ വരുന്നത്. വില്ലേജ് ഓഫീസിൽ നിന്നുമുള്ള ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, സർവ്വേ മാപ്പ് മുതലായവയോടൊപ്പം അപേക്ഷ ബന്ധപ്പെട്ട ജില്ലാ ഓഫീസിൽ സമർപ്പിക്കണം. കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി സ്ഥലം ഒരുക്കുന്നതിനുവേണ്ടി മണ്ണ്, പാറ മുതലായവ സ്ഥലത്തുനിന്നും നീക്കം ചെയ്യേണ്ട സാഹചര്യത്തിലും അനുമതി ആവശ്യമായി വരാം.

## 13. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

10 കെ.വി എ ക്കു മുകളിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന എല്ലാത്തരം സംവിധാനങ്ങളും സ്ഥാപിക്കുന്നതിന് മുമ്പും (ഉദാ: ജനറേറ്റർ, സോളാർ പ്ലാന്റ് മുതലായവ ) പ്രത്യേകം ട്രാൻസ്ഫോർമറുകൾ എന്നിവ സ്ഥാപിക്കുന്നതിനും മുൻകൂർ അനുമതി നേടണം. 15 മീറ്ററിൽ അധികം ഉയരമുള്ള കെട്ടിടങ്ങൾക്ക് സുരക്ഷാ അനുമതി ആവശ്യമാണ്. ഇലക്ട്രിക്കൽ കോൺട്രാക്ടറുടെ കംപ്ലീഷൻ റിപ്പോർട്ട്, ഡ്രോയിംഗ്, അഫിഡവിറ്റ് എന്നിവയോടൊപ്പം അപേക്ഷ ബന്ധപ്പെട്ട ജില്ലാ ഓഫീസിൽ സമർപ്പിക്കണം. പ്രാഥമിക പരിശോധനയും അന്തിമ പരിശോധനയും നടത്തി മാത്രമാണ് അനുമതി നൽകുന്നത്.

## 14. എക്സ്പ്ലോസീവ് വകുപ്പ്

50 കിലോ വരെ സ്ഫോടക വസ്തുക്കൾ ഉപയോഗിക്കുന്ന സംരംഭങ്ങൾ ബന്ധപ്പെട്ട ജില്ലാ കളക്ടറിൽ നിന്നോ, അതിനു മുകളിലുള്ളവ ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്, ചെന്നൈയിൽ നിന്നോ അനുമതി നേടണം, ആധാർ കാർഡ്, ഫോട്ടോ, പോലിസ് വെരിഫിക്കേഷൻ റിപ്പോർട്ട്, ഫയർ ആൻഡ് റെസ്ക്യൂ വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നുമുള്ള എൻ ഒ സി, സ്ഫോടക വസ്തുക്കൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം സംബന്ധിച്ച വിവരങ്ങൾ എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കണം. ഒരു വർഷ കാലാവധിക്കാണ് ഇത് ലഭിക്കുന്നത്. താൽക്കാലിക ലൈസൻസും ചെറിയ കാലയളവിലേക്ക് ലഭിക്കും.

വിജയഗാഥ | വിജയഗാഥ | വിജയഗാഥ

ജീവിതത്തിലെ അപ്രതീക്ഷിതമായ സാമ്പത്തിക പ്രതിസന്ധികളിൽ ഉറ്റ സുഹൃത്തുക്കളെന്ന പോലെ ഇടപെടാൻ കഴിയുന്ന കേന്ദ്രങ്ങളാണ് കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ. കോവിഡ് മഹാമാരിയുടെ കാലത്തും ഒപ്പമുള്ളവർക്ക് ദുരിതങ്ങൾക്ക് സാന്ത്വനമേകി സഹകരണ മേഖലക്ക് തന്നെ കരുത്തായി മാറുകയാണ് കാസർഗോഡ് വിദ്യാനഗറിലെ കോ ഓപ്പറേറ്റീവ് ആൻഡ് മാർക്കറ്റിംഗ് സൊസൈറ്റി.

വിശദമായി അറിയാനും വീഡിയോ കാണാനും ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.



# നൈപുണ്യ സംരംഭ വികസന സൊസൈറ്റികൾക്കുള്ള സഹായം

കേരളത്തിൽ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിദഗ്ധ തൊഴിലാളികൾക്കു മെച്ചപ്പെട്ട തൊഴിലവസരങ്ങൾ നേടികൊടുക്കുക, അവിദഗ്ധ തൊഴിലാളികളെ നൈപുണ്യ വികസന പരിശീലനത്തിലൂടെ ബന്ധപ്പെട്ട മേഖലയിലെ വിദഗ്ധരാക്കി മാറ്റുക, തൊഴിലാളികൾക്കു ആവശ്യമുള്ള തൊഴിലുപകരണങ്ങൾ ലഭ്യമാക്കുക, സമൂഹത്തിനു മികച്ച തൊഴിൽ സൗഹൃദാന്തരീക്ഷം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാനത്തെ ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെയും ഭൗമാതിർത്തിയ്ക്കുള്ളിൽ ഒന്നോ അതിലധികമോ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനു കേരള സർക്കാർ ലക്ഷ്യമിടുകയും അതിനനുസരിച്ചു വ്യത്യസ്ത തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നവർ ലക്ഷ്യപ്രാപ്തിക്കായി മുന്നോട്ടു വരികയും

വിജയഗാഥ | വിജയഗാഥ | വിജയഗാഥ

പ്രവാസികളുടെ നാട്ട് രുചി എന്ന ഗൃഹാതുരയെ സംരംഭമാക്കി മാറ്റി കയറ്റുമതിയിലൂടെ വിജയ പടവുകൾ ചവിട്ടി കയറിയ മലപ്പുറം ജില്ലയിലെ സംരംഭമാണ് ഗ്രാൻഡ് ഇന്റർനാഷണൽ എക്സ്പോർട്ടേഴ്സ്.

വിശദമായി അറിയാനും വീഡിയോ കാണാനും ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.



## 15. ഫയർ ആൻഡ് റെസ്ക്യൂ സർവീസസ്

300 സ്ക്വയർ മീറ്റർ വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് അനുമതി ആവശ്യമില്ല. 300 സ്ക്വയർ മീറ്റർ മുതൽ 1000 സ്ക്വയർ മീറ്റർ വരെയുള്ള 15 മീറ്ററിൽ അധികരിക്കാത്ത കെട്ടിടങ്ങൾക്കു സെൽഫ് ഡിക്ലറേഷനും ഫയർ എഞ്ചിനീയർ/ ആർക്കിടെക്റ്റിന്റെ സർട്ടിഫിക്കറ്റോടും കൂടി അപേക്ഷിക്കണം. 1000 ലധികം സ്ക്വയർ മീറ്റർ വിസ്തൃതിയുള്ളതും 15 മീറ്ററിലധികം പൊക്കമുള്ളതുമായ കെട്ടിടങ്ങൾക്ക് മുൻകൂർ അനുമതി വാങ്ങിയിരിക്കണം. ഫയർ പ്ലാൻ, സൈറ്റ് പ്ലാൻ എന്നിവ അപേക്ഷയോടൊപ്പം നിശ്ചിത ഫീസ് അടച്ചു കെട്ടിടം നിർമിക്കാനുദ്ദേശിക്കുന്ന സ്ഥലപരിധിയിലെ സ്റ്റേഷൻ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം.

ബഹുനില കെട്ടിടങ്ങൾക്ക് KMBR/KPBR പ്രകാരം Fire and Rescue Department ൽ നിന്നും NOC ലഭിക്കുന്നതിനുള്ള അപേക്ഷ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകേണ്ടതില്ല. കെട്ടിട ഉടമയ്ക്ക് പ്രസ്തുത അപേക്ഷ ബന്ധപ്പെട്ട സ്റ്റേഷൻ ഓഫീസർമാർക്ക് നേരിട്ട് നൽകാവുന്നതാണ്. ഫയർ സേഫ്റ്റി ക്ലിയറൻസ് ഫോർ സൈറ്റ്, സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ എന്നിവ പിൻവലിക്കുകയും NOC


വിജയഗാഥ വിജയഗാഥ വിജയഗാഥ

കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികളെ അവസരമാക്കി മാറ്റി മാസ്ക്, സാനിറ്റൈസർ എന്നിവയുടെ നിർമ്മാണത്തിലൂടെ വിപണിയിൽ ഇടം കണ്ടെത്തിയ കെ.സി.ആർ ഫാർമസ്യൂട്ടിക്കൽസിന്റെയും, ഡോ. സിറിയക്ക് പാപ്പച്ചൻ എന്ന യുവ സംരംഭകന്റെയും വിജയകഥ അറിയാം.

വിശദമായി അറിയാനും വീഡിയോ കാണാനും ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.




### ഗുണഭോക്താക്കൾ:

ഗ്രാമ വ്യവസായങ്ങളുടെ നെഗറ്റീവ് പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങൾ ഒഴികെ ഗ്രാമ വ്യവസായ പദ്ധതികൾ ഉൾപ്പെടെയുള്ള എല്ലാ പുതിയ സൂക്ഷ്മ സംരംഭങ്ങൾക്കും പി എം ഇ ജി പി ബാധകമാണ്. നിലവിലുള്ള/പഴയ യൂണിറ്റുകൾ യോഗ്യമല്ല.

### ഗുണഭോക്താക്കളുടെ യോഗ്യതാ വ്യവസ്ഥകൾ:

18 വയസ്സിന് മുകളിലുള്ള ഏതൊരു വ്യക്തിയും പി എം ഇ ജി പി-യുടെ കീഴിൽ പ്രോജക്ടുകൾ സ്ഥാപിക്കുന്നതിനുള്ള സഹായത്തിന് ഉയർന്ന വരുമാന പരിധിയും ഉയർന്ന പ്രായപരിധിയും ഉണ്ടാകില്ല.

നിർമ്മാണ മേഖലയിൽ 10 ലക്ഷത്തിന് മുകളിലും ബിസിനസ് /സേവന മേഖലയിൽ അഞ്ച് ലക്ഷത്തിന് മുകളിലും ചെലവ് വരുന്ന പദ്ധതി രൂപീകരിക്കുന്നതിന് ഗുണഭോക്താക്കൾക്ക് കുറഞ്ഞത് എട്ടാം ക്ലാസ് വിദ്യാഭ്യാസ യോഗ്യത ഉണ്ടായിരിക്കണം.

ഓൺലൈനായി അപേക്ഷിക്കാൻ –https://www.kviconline.gov.in/pmegpeportal/jsp/pmegponline.jsp


വിജയഗാഥ വിജയഗാഥ വിജയഗാഥ

അഭ്യസ്തവിദ്യരായ യുവതി യുവാക്കൾക്ക് സംസ്ഥാന സർക്കാർ പലവിധത്തിലുള്ള സംവിധാനങ്ങളും സഹായങ്ങളും ചെയ്തു തരുമ്പോൾ അവ വേണ്ടവിധം ഉപയോഗപ്പെടുത്താൻ നമുക്ക് സാധിക്കുന്നുണ്ടോ ! ആ ചോദ്യത്തിന് ഉത്തരമാണ് പത്തനംതിട്ട ജില്ലയിലെ എംഫിൽ ഉദ്യോഗാർത്ഥിയായ ശബരിനാഥിന്റെ ജി. ജി കയർ വർക്ക്സ് എന്ന കയർ നിർമ്മാണ സ്ഥാപനം.

വിശദമായി അറിയാനും വീഡിയോ കാണാനും ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

(for building permit), NOC (completion) എന്നിവ ഏർപ്പെടുത്തുകയും ചെയ്തു.

Ref:- Standing Order No 9/2020 ( F2-5772/2020 dtd 09/09/2020) of Kerala Fire and Rescue Department.

## 16. ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള അനുമതി

മരുന്ന്, ആയുർവേദ മരുന്നുകൾ, സൗന്ദര്യ വർധക വസ്തുക്കൾ, മെഡിക്കൽ ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണ, സംഭരണ, വിതരണ സ്ഥാപനങ്ങൾക്കുള്ള അനുമതി ഇവിടെ നിന്നും ലഭിക്കുന്നു. നിർമ്മാണ അനുമതി സംസ്ഥാന തല ഓഫീസിൽ നിന്നും മറ്റ് അനുമതികൾ അതതു മേഖലാ ഓഫീസിൽ നിന്നും ലഭിക്കും.

ചെറുകിട മര അധിഷ്ഠിത വ്യവസായങ്ങൾ, ഇറക്കുമതി തടി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യൂണിറ്റുകൾ, ആശാരിപ്പണി, തടി പ്രോസസ്സിംഗ് തെങ്ങ് / പന അധിഷ്ഠിത വ്യവസായങ്ങൾ എന്നിവയ്ക്ക് വനം വകുപ്പിന്റെ ലൈസൻസ് ആവശ്യമാണ്.

**അപേക്ഷ എങ്ങനെ സമർപ്പിക്കാം**

തദ്ദേശസ്ഥാപനങ്ങളിൽ നിന്നുള്ള ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സിന്റെ അനുമതി എന്നിവ നിശ്ചിത ഫോറത്തിലുള്ള അപേക്ഷയോടൊപ്പം മതിയായ ഫീസ് സഹിതം ഡിവിഷനൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിക്കണം. ലൈസൻസ് പുതുക്കുന്നതിനും കൈമാറുന്നതിനും നിശ്ചിത മാതൃകയിലുള്ള അപേക്ഷ ജില്ലാ വനം വകുപ്പ് ഓഫീസർക്ക് സമർപ്പിക്കണം.

ലൈസൻസ് പുതുക്കുന്നതിന് കാലാവധി പൂർത്തിയാകുന്നതിനു മൂന്ന് മാസം മുൻപ് അപേക്ഷിക്കണം. മരം അധിഷ്ഠിത സ്ഥാപനങ്ങളുടെ ജില്ലാന്തരമാറ്റത്തിനു സംസ്ഥാന തല കമ്മിറ്റിയുടെ മുൻകൂർ അനുമതി ആവശ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് www.forest.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. നിലവിൽ പുതിയതായി തടി മില്ലുകൾക്ക് അനുമതി നൽകുന്നില്ല.

വിജയഗാഥ വിജയഗാഥ വിജയഗാഥ

ജൈവ ഇന്ധനങ്ങൾക്കു പകരം ബയോ മാസ് ബ്രിക്കറ്റുകൾക്കുള്ള വിപണി തിരിച്ചറിഞ്ഞു മികച്ച സംരംഭം കെട്ടിപ്പടുത്ത സൈജു കെ തോമസ് എന്ന യുവ സംരംഭകന്റെ വിജയകഥ ഏവർക്കും പ്രചോദനമാണ്.

വിശദമായി അറിയാനും വീഡിയോ കാണാനും ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.



# തൊഴിൽദായക പദ്ധതി (പി എം ഇ ജി പി)

പഴയ ആർഇജിപി യും പിഎംആർവൈ സ്കീമും ലയിപ്പിച്ചുകൊണ്ടുള്ള പിഎംഇജിപി കേന്ദ്ര സർക്കാരിന്റെ ക്രെഡിറ്റ് ലിങ്ക്ഡ് സ്കീം ആണ്. കെവിഐസി, സ്റ്റേറ്റ് / യുടി ഖാദി & വി ഐ ബോർഡുകൾ വഴി ഗ്രാമീണ മേഖലകളിലും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി ഗ്രാമ നഗര പ്രദേശങ്ങളിലും കെവിഐസി/കെവിഐബി/ ഡിഐസി എന്നിവയ്ക്കിടയിൽ യഥാക്രമം 30:30:40 എന്ന അനുപാതത്തിലാണ് പദ്ധതി നടപ്പാക്കുന്നത്.

### ലക്ഷ്യം:

പുതിയ സ്വയം തൊഴിൽ സംരംഭങ്ങൾ/പ്രോജക്ടുകൾ/മൈക്രോ എന്റർപ്രൈസസ് സ്ഥാപിക്കുന്നതിലൂടെ രാജ്യത്തെ ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

വിജയഗാഥ വിജയഗാഥ വിജയഗാഥ

മാലിന്യം എന്ന പേരിൽ ആരും ഉപയോഗിക്കാത്ത വസ്തുക്കളിൽ നിന്നും ഉപയോഗപ്രദമായ വസ്തുക്കൾ നിർമ്മിക്കുകയും അതിലൂടെ പ്രകൃതിക്ക് സുരക്ഷയും സംരംഭകന് സാമ്പത്തിക പുരോഗതിയും ഉറപ്പാക്കുന്ന പാലക്കാട് ജില്ലയിലെ സ്റ്റാർ ആഷ് ടെക് വ്യവസായം പഠിപ്പിക്കുന്ന പാഠം വലുതാണ്. ഉപേക്ഷിക്കുന്ന വസ്തുക്കളിൽ നിന്നും ഉറപ്പുള്ള സംരംഭം കെട്ടിപ്പടുത്ത ആ വിജയ കഥ ഏവർക്കും പ്രചോദനമാണ്.

വിശദമായി അറിയാനും വീഡിയോ കാണാനും ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

# ലൈസൻസുമായി ബന്ധപ്പെട്ട സംശയങ്ങൾ

**1. സംരംഭങ്ങൾ ആരംഭിക്കുന്നതിനു ലൈസൻസ് ആവശ്യമാണോ?**

സംരംഭത്തിന്റെ സ്വഭാവം അനുസരിച്ചു കേന്ദ്ര സംസ്ഥാന വകുപ്പുകളുടെ വിവിധ ലൈസൻസുകൾ എടുക്കേണ്ടതുണ്ട്. എന്നിരിക്കിലും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി ചില സംരംഭങ്ങൾക്ക് ഇളവ് നൽകിയിട്ടുണ്ട്.

**2. ലൈസൻസ് ആവശ്യമില്ലാത്ത സംരംഭങ്ങൾ ഏതൊക്കെ?**

5 HP യിൽ താഴെ വൈദ്യുതി ഉപയോഗിക്കുന്നതും വ്യവസായ വകുപ്പിന്റെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും അംഗീകാരമുള്ളതുമായ നാനോ/ഗാർഹിക സംരംഭങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ലൈസൻസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. Ref. GO(Rt)No 160/2020/LSGD dated 21/01/2020. സംരംഭത്തിന്റെ സ്വഭാവം അനുസരിച്ച് ആവശ്യമായ മറ്റു ലൈസൻസുകൾ എടുക്കണം. ഉദാഹരണം: മലിനികരണ നിയന്ത്രണ ബോർഡ്, ഫുഡ് സേഫ്ടി തുടങ്ങിയ കേന്ദ്ര നിയമ പ്രകാരം ആവശ്യമായ ലൈസൻസുകൾ.

**3. പഞ്ചായത്ത് ലൈസൻസ് എടുക്കാതെ ഒരു സംരംഭം ആരംഭിക്കാൻ സാധിക്കുമോ ?**

നാനോ/ഗാർഹിക സംരംഭങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന പത്തോളം ലൈസൻസുകളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. മറ്റു അർഹതയുള്ള സംരംഭങ്ങൾക്ക് www.kswift.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന സ്വയം സാക്ഷ്യപ്പെടുത്തി Acknowledgement എടുത്തു. സംരംഭം ആരംഭിക്കാവുന്നതാണ്. ഇതിനു മൂന്ന് വർഷ കാലാവധി ഉള്ളതും അതിനു ശേഷം ആറു മാസത്തിനുള്ളിൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതുമാണ്.

വിജയഗാഥ വിജയഗാഥ വിജയഗാഥ

കഠിനാധ്വാനിയായ ഒരു ചെറുപ്പക്കാരന്റെ അതിജീവനത്തിന്റെ അടയാളമാണ് മലപ്പുറം വളാഞ്ചേരിയിലുള്ള വാൾ ടെയിൽ സംരംഭം. ഐവ റെഡ് സ്റ്റോൺ എന്ന സംരംഭത്തിലൂടെ വിജയ പടവുകൾ ചവിട്ടി കയറുകയാണ് അയൂബ് എന്ന യുവ സംരംഭകൻ.

വിശദമായി അറിയാനും വീഡിയോ കാണാനും ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.



c) നിയമപ്രകാരമുള്ള കുടിശികകൾ തീർക്കുന്നതിനുള്ള സഹായം.

കെ.എസ്.ഇ.ബി., ജി.എസ്.ടി., എക്സൈസ്, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയ ഏജൻസികളിൽ അടയ്ക്കേണ്ട നിയമപ്രകാരമുള്ള കുടിശികകൾ തീർക്കുന്നതിന് 50% പരമാവധി 40,000 രൂപ, വിദഗ്ധസമിതി ശുപാർശ ചെയ്യുന്ന പുനഃരുദ്ധാരണ പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ നൽകുന്നു. പുനരുദ്ധാരണ പദ്ധതി രേഖ (Revival Project Report) തയ്യാറാക്കുന്നതിനുള്ള ചെലവിന്റെ 100% (ഒരു യൂണിറ്റിന് പരമാവധി 10,000 രൂപ) തിരികെ നൽകുന്നു.

ഓൺലൈനായി അപേക്ഷ നൽകാൻ –https://schemes.industry.kerala.gov.in/public/index.php/schemes_mal

വിജയഗാഥ വിജയഗാഥ വിജയഗാഥ

മലയാളത്തനിമയുമായി കടൽ കടക്കുന്ന ഉൽപ്പന്നങ്ങൾ നിരവധിയാണ്. ആ ഗണത്തിലേക്ക് തേങ്ങാ പീരയും മരിച്ചീനിയും ഉൾപ്പെടുത്തി ഗ്രാമീണ വ്യവസായ സംരംഭങ്ങൾക്ക് അന്താരാഷ്ട്ര മാനം നൽകിയിരിക്കുകയാണ് മലപ്പുറം ജില്ലയിലെ വണ്ടൂരിലെ റോയ്, റോണി സഹോദരങ്ങൾ.

വിശദമായി അറിയാനും വീഡിയോ കാണാനും ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.



**II)പുനഃരാരംഭ സഹായം**

വിദഗ്ധസമിതി ശുപാർശ ചെയ്യുന്ന പുനഃരുദ്ധാരണ പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഒറ്റത്തവണ പുനഃരാരംഭ സഹായങ്ങൾ നൽകുന്നു.

a) ധനകാര്യ സ്ഥാപനത്തിന്റെ വായ്പാ സഹായമില്ലാതെ അധികമായി വാങ്ങുന്ന മെഷിനറിയുടെ വിലയുടെ 50% പരമാവധി 1.50 ലക്ഷം രൂപ സാമ്പത്തിക സഹായമായി നൽകുന്നു.

b) നിലവിലുള്ള മെഷിനറിയുടെയും, കെട്ടിടത്തിന്റെയും അനിവാര്യമായ അറ്റകുറ്റ പണികൾക്കുള്ള ചെലവിന്റെ 50% പരമാവധി ഒരു ലക്ഷം രൂപ യൂണിറ്റിന് തിരികെ നൽകും.

**വിജയഗാഥ വിജയഗാഥ വിജയഗാഥ**

'മാറുന്ന കാലത്ത് ചേരുന്ന സംരംഭം' എന്ന ആശയമാണ് ഇന്നത്തെ വ്യവസായമേഖലയുടെ വിജയസമവാക്യം. പത്തനംതിട്ട ജില്ലയിലെ വിനീത മാത്യുവും ഭർത്താവ് മാത്യു ജോജി എബ്രഹാമും ചേർന്ന് വിജയത്തേരേറ്റിയ യുണികോൺ കോച്ച് വർക്സ് (മൊബൈൽ കാന്റീൻ) വർത്തമാന കാലത്തെ ചെറുകിട വ്യവസായ രംഗം ആവശ്യപ്പെടുന്ന മാറ്റങ്ങളുടെ പ്രതിഫലനം കൂടിയായിരുന്നു.

**വിശദമായി അറിയാനും വീഡിയോ കാണാനും ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ.**

**4. വീടുകളിൽ സംരംഭം ആരംഭിക്കുന്നതിന് എന്തൊക്കെ ലൈസൻസ് ആവശ്യമാണ്?**

HP യിൽ താഴെ വൈദ്യുതി ഉപയോഗിക്കുന്ന സംരംഭമാണെങ്കിൽ പഞ്ചായത്ത് ലൈസൻസ് ആവശ്യമില്ല. എങ്കിലും മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതി പത്രം ആവശ്യമാണ്. MSME വകുപ്പിന്റെ ഉദ്യം രജിസ്ട്രേഷനും സംരംഭം എടുത്തിരിക്കണം. ഭക്ഷ്യ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന സംരംഭങ്ങൾക്ക് FSSAI രജിസ്ട്രേഷൻ ആവശ്യമാണ്.

**5. കെ സ്വിഫ്റ്റ് അക്നോളഡ്ജ്മെന്റ് ആർക്കൊക്കെ എടുക്കാം?**

പുതുതായി ആരംഭിക്കുന്നതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് വിഭാഗത്തിൽ ഉൾപ്പെടാത്തതുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് കെ സ്വിഫ്റ്റ് വഴി അക്നോളഡ്ജ്മെന്റ് എടുക്കാം.

**6. കെ സ്വിഫ്റ്റ് അക്നോളഡ്ജ്മെന്റ് വഴിയുള്ള ആനുകൂല്യം ലഭിക്കാത്ത സംരംഭങ്ങൾ ഏതൊക്കെ?**

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 'ചുവപ്പ്' വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംരംഭങ്ങൾ, സൂക്ഷ്മ- ചെറുകിട-ഇടത്തരം അല്ലാത്ത സംരംഭങ്ങൾ, നെൽവയൽ / തണ്ണീർത്തട നിയമ പ്രകാരം തടസ്സമുള്ള സ്ഥലത്ത് ആരംഭിക്കുന്ന സംരംഭങ്ങൾ.

കൂടാതെ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൽ (2016-ലെ 9) കീഴിൽ വിജ്ഞാപനം ചെയ്ത പ്രകാരമുള്ള മാസ്റ്റർപ്ലാനിൽ, അപ്രകാരമുള്ള പ്ലാൻ പ്രാബല്യത്തിലുള്ളിടത്ത്, വ്യക്തമാക്കിയിട്ടുള്ള ഭൂവിനിയോഗത്തിൽ നിന്നും വ്യതിചലിക്കുന്നത് ഒരാളെ പ്രസ്തുത ഭൂമി ഉപയോഗിക്കുന്നതിന് അർഹനാക്കുന്നതല്ലാത്തതാകും.

**7. സ്വിഫ്റ്റ് മുഖാന്തരം അക്നോളഡ്ജ്മെന്റ് എടുക്കുന്നതിനു ഫീസ് ഉണ്ടോ?**

ഉണ്ട്. നിക്ഷേപ തുകയുടെ 0.01 ശതമാനം ഫീസ് ഓൺലൈൻ ആയി ഒടുക്കണം.

**വിജയഗാഥ വിജയഗാഥ വിജയഗാഥ**

വ്യത്യസ്തങ്ങളായ കറിക്കൂട്ടുകൾ നിർമ്മിച്ചു വിപണിയിലെ വെല്ലുവിളികളെ അനുഭവസമ്പത്തു കൊണ്ട് നേരിട്ട് ഉറച്ച മനസ്സോടെ പ്രതിഭ തെളിയിക്കുന്ന ഒരാൾ മലപ്പുറം ജില്ലയിലെ നിറമരുതൂരിലുണ്ട്. എസ്. പി മിക്സഡ് മസാല എന്ന ചെറുകിട സംരംഭത്തെ ഉയരങ്ങളിലേക്ക് നയിക്കുന്ന സി .പുരുഷോത്തമന്റെ വിജയ കഥ ഏവർക്കും മാതൃകയാണ്.

**വിശദമായി അറിയാനും വീഡിയോ കാണാനും ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ.**



**8. സംരംഭം തുടങ്ങുന്നതിന് ആവശ്യമായ ഓരോ ലൈസൻസും എടുക്കാൻ പ്രത്യേകം ഓഫീസുകളിൽ പോകേണ്ടതുണ്ടോ?**

ഇല്ല. കെ സ്വിഫ്റ്റ് പോർട്ടൽ മുഖേന ആവശ്യമായ രേഖകൾ അപ്‌ലോഡ് ചെയ്ത് ഓരോ വകുപ്പുകളിലേക്കും പ്രത്യേകം അപേക്ഷ സമർപ്പിക്കാവുന്നതാണ്. 280 രൂപയാണ് അപേക്ഷ ഫീസ്. വിവിധ ലൈസൻസുകളുടെ അപേക്ഷ ഫീസ് പ്രത്യേകമായി ഒടുക്കേണ്ടതാണ്.

**9. ഉദ്യം രജിസ്ട്രേഷൻ എന്നാൽ എന്താണ്?**

കേന്ദ്ര സർക്കാരിന്റെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായുള്ള രജിസ്ട്രേഷൻ ആണിത് (01/07/2020 മുതൽ)

**10. ഉദ്യം രജിസ്ട്രേഷൻ ആർക്കൊക്കെ എടുക്കാം**

ഉൽപ്പാദന- സേവന മേഖലയിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും, എല്ലാ കച്ചവട സംരംഭങ്ങൾക്കും 02/07/2021 മുതൽ രജിസ്ട്രേഷൻ എടുക്കാം.

**11. ഉദ്യം രജിസ്ട്രേഷൻ എങ്ങനെ എടുക്കാം**

www.udyamregistration.gov.in എന്ന വെബ്സൈറ്റ് മുഖേന സൗജന്യമായി എടുക്കാം.

വിജയഗാഥ വിജയഗാഥ വിജയഗാഥ

ഫാഷൻ ഡിസൈനിങ് സംരംഭത്തിലൂടെ തനിക്ക് ചുറ്റിലിമുള്ള വനിതകൾക്ക് വഴികാട്ടിയാകുന്ന വാഹിദയുടെ ഓസോൺ ബാഗ്സ് എന്ന സംരംഭത്തിന്റെ വിജയ കഥ കേൾക്കാം.

**വിശദമായി അറിയാനും വീഡിയോ കാണാനും ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.**

# തകർച്ച നേരിടുന്ന MSME കളുടെ പുനരുദ്ധാരണ പദ്ധതി

തകർച്ച നേരിടുന്ന പീഡിത വ്യവസായങ്ങളെ പുനഃരുജ്ജീവിപ്പിക്കുന്നതിനും, അവയുടെ ഉൽപ്പാദന രഹിതമായ ആസ്തികളെ ഉൽപ്പാദന ആസ്തികളാക്കി മാറ്റുന്നതിനുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ പദ്ധതി പ്രകാരം അർഹമായ യൂണിറ്റുകൾക്ക് അഞ്ച് ലക്ഷം രൂപ വരെ സാമ്പത്തിക സഹായവും, മറ്റു കൈതാങ്ങ് സഹായവും നൽകുന്നു.

## പദ്ധതി പ്രകാരം ലഭ്യമാകുന്ന ആനുകൂല്യങ്ങൾ

**I)നിലവിലുള്ള വായ്പയുടെ പുനഃക്രമീകരണം**

നിലവിലുള്ള വായ്പ പുനഃക്രമീകരിക്കാനും, വിദഗ്ധസമിതി ശുപാർശ ചെയ്യുന്ന പുനഃരുദ്ധാരണ പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ അധികമായി മൂലധന/ പ്രവർത്തന വായ്പ അനുവദിക്കാനും ധനകാര്യ സ്ഥാപനം തയ്യാറായാൽ താഴെ പറയുന്ന ആനുകൂല്യങ്ങൾ ലഭിക്കും.

a) മാർജിൻ മണി ഗ്രാന്റ് ധനകാര്യ സ്ഥാപനം അധികമായി അനുവദിക്കുന്ന മൂലധന/ പ്രവർത്തന വായ്പയുടെ ഗുണഭോക്തൃ വിഹിതത്തിന്റെ 50%, പരമാവധി രണ്ട് ലക്ഷം രൂപ ഗ്രാന്റ് ആയി ലഭിക്കും.

b) പലിശയിളവ് അധികമായി അനുവദിക്കുന്ന മൂലധന/ പ്രവർത്തന വായ്പയ്ക്ക് ആദ്യവർഷം അടയ്ക്കുന്ന പലിശ, പരമാവധി ഒരു ലക്ഷം രൂപ യൂണിറ്റിന് തിരികെ നൽകും.

വിജയഗാഥ വിജയഗാഥ വിജയഗാഥ

സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനു ലഭിക്കുന്ന സ്വീകാര്യതയിൽ നിന്നും വിജയകരമായ വ്യവസായങ്ങൾ രൂപപ്പെടുത്തിയെടുക്കുകയാണ് കേരളത്തിലെ വ്യവസായ സംരംഭകർ. അത്തരത്തിൽ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ സ്വദേശി അബ്ദുൾ റഷീദ് ആരംഭിച്ച നാലകത്ത് ആസ്ഫാൾട്ട് മിക്സിന്റെ വിജയ കഥ ഏതൊരാൾക്കും പ്രചോദനമാണ്.

**വിശദമായി അറിയാനും വീഡിയോ കാണാനും ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.**

ചെലവ് പദ്ധതി തുകയുടെ 10 ശതമാനത്തിൽ കൂടാൻ പാടില്ല.

കെട്ടിടത്തിന് വേണ്ട ചെലവ് ആകെ പദ്ധതി തുകയുടെ 25 ശതമാനത്തിൽ കൂടാൻ പാടില്ല.

പ്ലാന്റ്, യന്ത്ര സാമഗ്രികൾ, ലാബിലുള്ള ഉപകരണങ്ങൾ, ജനറേറ്റർ, മാലിന്യ നിയന്ത്രണ സംവിധാനങ്ങൾ, വയറിങ് തുടങ്ങിയവയുടെ ചെലവുകൾ പദ്ധതി തുകയിൽ ഉൾപ്പെടുത്തിയിരിക്കണം.

രജിസ്ട്രേഷൻ, പ്രോജക്ട് റിപ്പോർട്ട്, സാങ്കേതിക വിദ്യ ഉൾപ്പെടെയുള്ള പ്രാരംഭ ചെലവുകൾ ആകെ പദ്ധതി തുകയുടെ 10 ശതമാനത്തിൽ കൂടാൻ പാടില്ല.

അപ്രതീക്ഷിത ചെലവുകൾ പദ്ധതി തുകയുടെ 10 ശതമാനത്തിൽ കൂടാൻ പാടില്ല.

പ്രവർത്തന മൂലധനം പദ്ധതി തുകയുടെ 40 ശതമാനത്തിൽ കൂടാൻ പാടില്ല.

## അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

പ്രോജക്ട് റിപ്പോർട്ട്, ആധാരത്തിന്റെ പകർപ്പ് /ഭൂനികുതി അടച്ച രസീത് (ആവശ്യമായ പക്ഷം), ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് / വാടകക്കരാർ, യന്ത്ര സാമഗ്രികകളുടെയും, വയറിങ് സാധനങ്ങളുടെയും ക്വട്ടേഷൻ നിർമ്മാണ പ്രവൃത്തികൾ ഉണ്ടെങ്കിൽ അംഗീകൃത/ ചാർട്ടേഡ് എൻജിനീയറുടെ മൂല്യനിർണ്ണയം, ധനകാര്യ സ്ഥാപനത്തിന്റെ വായ്പ അനുമതി പത്രം, ജില്ലാ വ്യവസായ കേന്ദ്രം ആവശ്യപ്പെടുന്ന മറ്റ് രേഖകൾ.

https://industry.kerala.gov.in/mal/index.php/scheme/margin-money-grand-to-nano-units-scheme

https://schemes.industry.kerala.gov.in/public/index.php/schemes_mal

വിജയഗാഥ വിജയഗാഥ വിജയഗാഥ

മലപ്പുറം ജില്ലയിലെ ആവനാഴിയിൽ സൗഹൃദത്തിന്റെ തേരിൽ കുതിച്ചു പായുന്ന ഒരു സംരംഭമുണ്ട്. എസ് ഐ എസ് ഫുഡ് ആൻഡ് ബിവറേജ്സ്. കൂട്ടുകാരായ ഇല്ലിയാസ്, സമദ്, ഷബീർ എന്നിവർ ചേർന്നാരംഭിച്ച ഈ ചെറുകിട സംരംഭത്തിന്റെ വിജയ കഥ എല്ലാ യുവാക്കൾക്കും പ്രചോദനമാണ്.

വിശദമായി അറിയാനും വീഡിയോ കാണാനും ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ.





# സംരംഭക സഹായ പദ്ധതി

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പാക്കി വരുന്ന ഏറ്റവും പ്രചാരമുള്ളതും, ആകർഷകവുമായ പദ്ധതിയാണ് സംരംഭക സഹായ പദ്ധതി. കേരളത്തിലെ ഉൽപ്പാദന മേഖലയിൽ പ്രവർത്തിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന് അനുസരിച്ച് സാമ്പത്തിക സഹായം നൽകാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നിക്ഷേപകന്റെ വിഭാഗം, ഉൽപ്പാദന മേഖല, സ്ഥാപനം സ്ഥിതി ചെയ്യുന്ന ജില്ല എന്നിവയനുസരിച്ച് സ്ഥിര നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ യൂണിറ്റിന് സബ്സിഡിയായി ലഭിക്കും. ഈ പദ്ധതിയിലൂടെ ധന സഹായം ലഭിക്കുന്നതിന് ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പ എടുത്തിരിക്കണം എന്ന് നിർബന്ധമില്ല.

വിജയഗാഥ വിജയഗാഥ വിജയഗാഥ

വീട്ടമ്മയുടെ കടമ നിർവഹിച്ചും പൊതു ജീവിതത്തിലും ബിസിനസ്സ് രംഗത്തും വ്യക്തി മുദ്ര പതിപ്പിച്ചും 'കാരായി ഓയിൽ ആൻഡ് ഫ്ലോർ മിൽ' എന്ന സ്ഥാപനം കെട്ടിപ്പടുത്ത നീതു എന്ന സംരംഭകയുടെ വിജയകഥ കേരളത്തിലെ വനിതാ സംരംഭകർക്ക് എന്നും വെളിച്ചമായിരിക്കും.

വിശദമായി അറിയാനും വീഡിയോ കാണാനും ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ.

## പദ്ധതിയുടെ സവിശേഷതകൾ

യൂണിറ്റ് ആരംഭിക്കാനായി വാങ്ങുന്ന ഭൂമി, കെട്ടിടം, യന്ത്ര സാമഗ്രികൾ, വൈദ്യുതീകരണം, അവശ്യ ഓഫീസ് ഉപകരണങ്ങൾ, മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ, മറ്റ് സ്ഥിര ആസ്തികൾ എന്നിവയിലെ നിക്ഷേപത്തിന് സബ്സിഡി ലഭിക്കും.

പൊതു വിഭാഗത്തിലെ അപേക്ഷകന് സ്ഥിര നിക്ഷേപത്തിന്റെ 15% പരമാവധി 30 ലക്ഷം രൂപ സഹായം ലഭിക്കും.

യുവാക്കൾ (18-45 വയസ്സുള്ളവർ), വനിത, പട്ടികജാതി/പട്ടിക വർഗ വിഭാഗം, വിദേശ മലയാളികൾ എന്നിവർക്ക് സ്ഥിര നിക്ഷേപത്തിന്റെ 25% പരമാവധി 40 ലക്ഷം രൂപ സഹായം ലഭിക്കും.

മുൻഗണനാ മേഖലയിലെ സംരംഭങ്ങൾക്ക് 10%, പരമാവധി 10 ലക്ഷം രൂപ അധിക സബ്സിഡി ലഭിക്കും.

പത്തനംതിട്ട, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് 10%, പരമാവധി 10 ലക്ഷം രൂപ അധിക സബ്സിഡി ലഭിക്കും.

അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും നവീന സാങ്കേതിക വിദ്യ സ്വായത്തമാക്കുന്നവർക്ക് 10%, പരമാവധി 10 ലക്ഷം രൂപ അധിക സബ്സിഡി ലഭിക്കും.

എല്ലാ ഇനങ്ങളിലുമായി ഒരു സംരംഭത്തിന് ലഭിക്കുന്ന പരമാവധി സബ്സിഡി തുക 40 ലക്ഷം രൂപ ആയിരിക്കും.

**മുൻഗണനാ മേഖലകൾ**

റബർ അധിഷ്ഠിത വ്യവസായങ്ങൾ, കാർഷിക- ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ, റെഡി മേഡ് തുണിത്തരങ്ങൾ, പാരമ്പര്യേതര ഊർജോൽപ്പാദനത്തിനു വേണ്ടിയുള്ള യന്ത്ര സാമഗ്രികളുടെ നിർമ്മാണം, ജൈവ സാങ്കേതിക വിദ്യാധിഷ്ഠിതമായ വ്യവസായങ്ങൾ, കയറ്റുമതി യൂണിറ്റുകൾ, ജൈവപരമായ വിഘടിക്കുന്ന വ്യവസായങ്ങൾ, മാലിന്യ

വിജയഗാഥ വിജയഗാഥ വിജയഗാഥ

വാൾ പെയിന്റ് സംരംഭത്തിലൂടെ ജീവിത സ്വപ്നങ്ങൾ നേടിയെടുത്ത തിരുവനന്തപുരം ഭരതന്നൂർ സ്വദേശി ബിനുകുമാറിന്റെ ജീവിത കഥ കേൾക്കാം. ആത്മവിശ്വാസവും ഇച്ഛാശക്തിയും ഉണ്ടെങ്കിൽ നിങ്ങൾക്കും ഒരു സംരംഭകനാകാം.

വിശദമായി അറിയാനും വീഡിയോ കാണാനും ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ.

# നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി

ഒരു വായ്പാ ബന്ധിത പദ്ധതിയാണ് നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി. കേരളത്തിലെ ഉൽപ്പാദന മേഖലയിലും, ജോബ് വർക്ക് മേഖലയിലും, മൂല്യ വർധനയുള്ള സേവന മേഖലയിലും പ്രവർത്തിക്കുന്ന നാനോ യൂണിറ്റുകൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

## പ്രത്യേകതകൾ

10 ലക്ഷം രൂപ വരെ പദ്ധതിച്ചെലവ് വരുന്ന യൂണിറ്റുകൾക്ക് ഈ പദ്ധതി പ്രയോജനപ്പെടും. അപേക്ഷകന്റെ വിഭാഗം അനുസരിച്ച് 30 ശതമാനം മുതൽ 40 ശതമാനം വരെ മാർജിൻ മണി ഗ്രാന്റ് ലഭിക്കും.

സ്ത്രീകൾ, ചെറുപ്പക്കാർ, ഭിന്നശേഷിയുള്ളവർ, വിമുക്തഭടന്മാർ, പട്ടികജാതി-പട്ടികവർഗ വിഭാഗക്കാർ എന്നിവർക്ക് 10% അധിക സഹായം ലഭിക്കും.

ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കൾ വനിതകൾ ആയിരിക്കണം.

ഈ പദ്ധതി പ്രകാരം ഒരു യൂണിറ്റിനുള്ള പരമാവധി സഹായം നാലു ലക്ഷം രൂപ ആയിരിക്കും.

## എങ്ങനെ അപേക്ഷിക്കാം

നേരിട്ടോ ഓൺലൈൻ ആയോ ഈ പദ്ധതിക്ക് അപേക്ഷിക്കാം. താലൂക്ക് വ്യവസായ ഓഫീസിലെ അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർക്കാണ് അപേക്ഷയും, അനുബന്ധ രേഖകളും നൽകേണ്ടത്. ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള ശുപാർശയോട് കൂടിയ അനുമതി പത്രവും ഗുണഭോക്തൃ വിഹിതം ബാങ്കിൽ അടച്ചത് തെളിയിക്കുന്ന പാസ് ബുക്കിന്റെ പകർപ്പും അപേക്ഷയോടൊപ്പം സമർപ്പിക്കണം. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ആണ് അർഹമായ മാർജിൻ മണി ഗ്രാന്റ് അനുവദിക്കുന്നത്.

## മറ്റ് നിബന്ധനകൾ

സ്ഥലം, സ്ഥലം ഒരുക്കൽ, ഡോക്യുമെന്റേഷൻ ഇവയുടെ ആകെ

ഫർണിച്ചർ, വൈദ്യുത-ഇലക്ട്രോണിക്സ് ഉപകരണങ്ങൾ അത്യാവശ്യ യന്ത്ര സാമഗ്രികൾ തുടങ്ങിയവ ഇതിനായി പരിഗണിക്കുന്നതാണ്. പദ്ധതി നിലവിൽ വരുന്നതിന് മുൻപ് ആർജിച്ച നിശ്ചിത ആസ്തികളുടെ ചെലവ് ധനസഹായത്തിന് പരിഗണിക്കുന്നതും വിനിയോഗിക്കപ്പെട്ട തുക മടക്കി നൽകുന്നതുമായിരിക്കും. എന്നാൽ രേഖകൾ കൃത്യമായി ഹാജരാക്കേണ്ടതാണ്.

സജീവ അംഗങ്ങളുടെ എണ്ണത്തിന് 1000/- രൂപ എന്ന മാനദണ്ഡ പ്രകാരമാണ് പ്രവർത്തനമൂലധനം അനുവദിക്കുന്നത്.

സംഘത്തിന്റേയും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടേയും പേരിലുളള സംയുക്ത ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക നിക്ഷേപിക്കും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ അനുവാദത്തോടെ മാത്രമേ പിൻവലിക്കാൻ പാടുള്ളൂ.

### അപേക്ഷിക്കേണ്ട വിധം

യോഗ്യതയുള്ള സംഘങ്ങൾ ആവശ്യമായ രേഖകൾ ഉൾപ്പെടെ നിശ്ചിത മാതൃകയിൽ ധന സഹായത്തിനുള്ള അപേക്ഷ അതാതു താലൂക്ക് വ്യവസായ ഓഫീസ് മുഖേനയോ ബന്ധപ്പെട്ട ബ്ലോക്കിലെ വ്യവസായ വികസന ഓഫീസർ മുഖേനയോ ബന്ധപ്പെട്ട സർക്കിളിലെ വ്യവസായ സഹകരണ ഇൻസ്പെക്ടർ മുഖേനയോ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് സമർപ്പിക്കേണ്ടതാണ്.

https://schemes.industry.kerala.gov.in/public/index.php/schemes_mal

സംസ്കരണ വ്യവസായങ്ങൾ, ജൈവവള വ്യവസായങ്ങൾ, ഔഷധ-ആരോഗ്യ പരിപാലന ഉൽപ്പന്ന വ്യവസായങ്ങൾ.

## നെഗറ്റീവ് ലിസ്റ്റിലുള്ള സംരംഭങ്ങൾ

സേവന സംരംഭങ്ങൾ, ഫോട്ടോ സ്റ്റുഡിയോയും, കളർ പ്രോസസ്സിങ്ങും, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണമല്ലാതെയുള്ള തയ്യൽ യൂണിറ്റുകൾ, മദ്യനിർമ്മാണശാലകളും ഡിസ്റ്റിലറികളും, തടി മിൽ, സോപ്പിന്റെ ഗ്രേഡിലുള്ള സോഡിയം സിലിക്കേറ്റ്, ആസ്ബസ്റ്റോസ് സംസ്കരണം, ഗ്രാനൈറ്റ് യൂണിറ്റുകൾ ഉൾപ്പെടെയുള്ള മെറ്റൽ ക്രഷറുകൾ, സ്റ്റീൽ റീറോളിങ്ങ് മില്ലുകൾ, ഇരുമ്പ്, കാത്സ്യം കാർബൈഡ് നിർമ്മിക്കുന്ന യൂണിറ്റുകൾ, ഫ്ളൈ ആഷിൽ നിന്നും സിമന്റ് നിർമ്മിക്കുന്നവയൊഴികെ സിമന്റ് ഉൽപ്പാദിപ്പിക്കുന്ന മറ്റ് യൂണിറ്റുകൾ, പൊട്ടാസ്യം ക്ലോറേറ്റ് നിർമ്മാണ യൂണിറ്റുകൾ, വൻ തോതിൽ ഊർജം ഉപയോഗിക്കുന്ന യൂണിറ്റുകൾ.

## സംരംഭക സഹായ പദ്ധതിയ്ക്ക് അപേക്ഷിക്കാവുന്ന ഘട്ടങ്ങൾ

**1. പ്രാരംഭ സഹായം**

ഏതെങ്കിലും ധനകാര്യ സ്ഥാപനത്തിൽ നിന്നും മൂലധന വായ്പ യെടുത്തിട്ടുള്ള യൂണിറ്റുകൾക്ക്, അർഹമായ സബ്സിഡിയുടെ ഒരു ഭാഗം ഉൽപ്പാദനം ആരംഭിക്കുന്നതിനു മുൻപായി ലഭിക്കണമെന്നുണ്ടെങ്കിൽ, പ്രാരംഭ സഹായത്തിന് അപേക്ഷിക്കാം. മൂലധന വായ്പ ലഭ്യമാകുന്ന മുറയ്ക്ക്, അർഹമായ സബ്സിഡിയുടെ 50%, പരമാവധി മൂന്ന് ലക്ഷം രൂപയാണ് പ്രാരംഭ സഹായമായി ലഭിക്കുക. ശേഷിക്കുന്ന സബ്സിഡിക്ക്, യൂണിറ്റ് പ്രവർത്തനം ആരംഭിച്ച ശേഷം അപേക്ഷ നൽകാം. പ്രാരംഭ സഹായം ആവശ്യമില്ലാത്ത യൂണിറ്റുകൾക്ക്, പ്രവർത്തനം ആരംഭിച്ച ശേഷം മുഴുവൻ സബ്സിഡിക്കും അപേക്ഷ നൽകാം.

വിജയഗാഥ വിജയഗാഥ വിജയഗാഥ

കോവിഡ് വെല്ലുവിളികൾ മറികടന്നു സർക്കാർ സഹായവും സ്വന്തം സമ്പാദ്യവും ചേർത്തുവച്ചു തിരുവനന്തപുരം അമ്പലമുക്കിൽ ഹിഷാം എന്ന സംരംഭകൻ ആരംഭിച്ച ലുണിക ഫാഷൻസ് വനിതകളുടെ റെഡിമെയ്ഡ് വസ്ത്രങ്ങൾക്ക് പുതിയ ഫാഷൻ വഴികൾ തുറക്കുകയാണ്. ആ വിജയ കഥ കേൾക്കാം.

വിശദമായി അറിയാനും വീഡിയോ കാണാനും ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.



**2. നിക്ഷേപ സഹായം**

യൂണിറ്റ് പ്രവർത്തനം ആരംഭിച്ച ശേഷമാണ് നിക്ഷേപ സഹായം നൽകുന്നത്. നിക്ഷേപ സഹായത്തിന് അപേക്ഷിക്കാൻ ഏതെങ്കിലും ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പയെടുത്തിരിക്കണമെന്ന് നിർബന്ധമില്ല. പ്രവർത്തനം ആരംഭിച്ച് ഒരു വർഷത്തിനകം നിക്ഷേപ സഹായത്തിന് അപേക്ഷിച്ചിരിക്കണം. വിപുലീകരണം, വൈവിധ്യവൽക്കരണം, ആധുനീകരണം എന്നിവ നടത്തുന്ന യൂണിറ്റുകൾക്കും, അപ്രകാരം അധികമായി നടത്തിയ മൂലധന നിക്ഷേപത്തിന് സഹായം ലഭിക്കും.

**3. സാങ്കേതിക വിദ്യാ സഹായം**

അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും നവീന സാങ്കേതിക വിദ്യ സ്വായത്തമാക്കി ഉൽപ്പാദനം നടത്തുന്ന യൂണിറ്റുകൾക്ക് സാങ്കേതിക വിദ്യ സഹായം ലഭിക്കും. സാങ്കേതിക വിദ്യ സ്വായത്തമാക്കി ആറ് മാസത്തിനകം അപേക്ഷിക്കണം. സാങ്കേതിക വിദ്യക്കും, അനുബന്ധമായി സ്ഥാപിക്കുന്ന യന്ത്ര സാമഗ്രികൾക്കും സഹായം ലഭിക്കും.

## അപേക്ഷാ ഫീസ്

ഒരു യൂണിറ്റിന് 1105/- രൂപ അപേക്ഷാ ഫീസായി നൽകണം.

വിജയഗാഥ വിജയഗാഥ വിജയഗാഥ

അനുഭവ സമ്പത്തും ശരിയായ തീരുമാനങ്ങളും കൊണ്ട് വിജയ വഴിയേ പായുകയാണ് മലപ്പുറം ജില്ലയിലെ കീഴാറ്റൂർ സ്വദേശിയായ ഹംസ മുഹമ്മദ് മുണ്ടമ്മലും മകൻ സാദിഖ് ഹംസ മുണ്ടുമലും. പുനരുപയോഗ സാധ്യത ഏറെയുള്ള അലുമിനിയം ഉൽപ്പന്നങ്ങളുടെ ആലുക്രാഫ്റ്റ് മാർക്കറ്റിംഗ് ആൻഡ് മാനുഫാക്ചറിങ് പ്രൈവറ്റ് ലിമിറ്റഡിന്റെ വിജയകഥ ഏതൊരാൾക്കും മാതൃകയാണ്.

വിശദമായി അറിയാനും വീഡിയോ കാണാനും ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

## പദ്ധതി പ്രകാരം ലഭ്യമാകുന്ന ധന സഹായം:

ഈ പദ്ധതി പ്രകാരം ഒരു സംഘത്തിന് ലഭിക്കുന്ന പരമാവധി ആനുകൂല്യം രണ്ടുലക്ഷം രൂപ ആയിരിക്കും. എന്നാൽ സമർപ്പിക്കപ്പെട്ട രേഖകളുടേയും വിവരങ്ങളുടേയും മാർഗനിർദ്ദേശത്തിലെ മറ്റു നിബന്ധനകൾക്കും വിധേയമായി മാത്രമേ ധനസഹായത്തിന്റെ തുക തീരുമാനിക്കുകയുള്ളു. ആകെ അനുവദിക്കപ്പെടുന്ന തുകയുടെ 78% സ്ഥിരം ആസ്തി ശേഖരണത്തിനും 20% പ്രവർത്തന മൂലധനത്തിനും 2% പരിശീലനത്തിനുമായിരിക്കും.

സംഘത്തിന് അർഹമായ സാമ്പത്തികാനുകൂല്യം കണക്കാക്കുന്നതിന് സംഘത്തിലെ അംഗസംഖ്യകൂടി കണക്കിലെടുക്കുന്നതായിരിക്കും. പരമാവധി ആനുകൂല്യമായ രണ്ട് ലക്ഷം രൂപയ്ക്കു അർഹത നേടുന്നതിന് 100 സജീവ അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. അംഗ സംഖ്യയിലെ കുറവിന് ആനുപാതികമായി ധനസഹായം കുറയുന്നതാണ്.

അംഗ സംഖ്യയുടെ കുറവുകാരണം പരമാവധി ആനുകൂല്യം ലഭിക്കാത്ത സംഘങ്ങൾക്ക്, അംഗസംഖ്യ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം ഉയരുന്ന പക്ഷം, പദ്ധതി നിലനിൽക്കുന്നിടത്തോളം ധന സഹായത്തിന്റെ ശേഷിക്കുന്ന തുകയ്ക്ക് അർഹതയുണ്ടായിരിക്കും. എന്നാൽ ഒരു സാഹചര്യത്തിലും രണ്ടിലധികം തവണകൾ അനുവദിക്കുന്നതല്ല.

സംഘത്തിന് സ്ഥിരം മൂലധന ആസ്തി സ്വരൂപിക്കുന്നതിനായി ലഭിക്കുന്ന തുക ഈയിനത്തിലുള്ള 80% തുക ആയി കണക്കാക്കി ശേഷിക്കുന്ന 20% സ്വന്തമായി കണ്ടെത്തേണ്ടതാണ്. പ്രവർത്തന മൂലധന സഹായമായി ലഭിക്കുന്ന തുകയക്ക് തത്തുല്യമായ തുകയും സംഘം സ്വന്തമായി കണ്ടെത്തേണ്ടതാണ്. ഭൂമി, കെട്ടിടം എന്നിവയുടെ ആവശ്യത്തിന് ചെലവുചെയ്യുന്ന തുക സ്ഥിരം ആസ്തിശേഖരണത്തിനുള്ള ധനസഹായത്തിന് കണക്കിലെടുക്കുന്നതല്ല. പണിയായുധങ്ങൾ,

വിജയഗാഥ വിജയഗാഥ വിജയഗാഥ

അതതു കാലത്തെ വിപണി സാധ്യതകൾ കണ്ടറിഞ്ഞും ഉപഭോക്താക്കളുടെ മനസ്സറിഞ്ഞും ആരംഭിക്കുന്ന സംരംഭങ്ങളെ കരുതലോടെ വളർത്തുന്ന നാടാണ് കേരളം. ആ തിരിച്ചറിവിൽ കോവിഡ് മഹാമാരിയുടെ കാലത്ത് മലപ്പുറം സ്വദേശി അബ്ദുൾ സലിം സ്വർണത്തിന്റെ പരിശുദ്ധി ഉറപ്പാക്കാൻ ആരംഭിച്ച വള്ളുവനാട് ആസി & ഹാൾമാർക്കിങ് എന്ന സംരംഭത്തിന്റെ വിജയം ഏതൊരാൾക്കും പ്രചോദനമാണ്.

വിശദമായി അറിയാനും വീഡിയോ കാണാനും ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

## ഗുണഭോക്താക്കൾക്ക് ആവശ്യമായ മറ്റു യോഗ്യതകൾ:

അസംഘടിത മേഖലയിലെ വിവിധ തരം തൊഴിലുകളിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ കണ്ടെത്തി കൊടുക്കുക, അവിദഗ്ധ തൊഴിലാളികളെ നൈപുണ്യ വികസന പരിശീലനത്തിലൂടെ മുഖ്യധാരയിൽ എത്തിക്കുക എന്നീ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കാൻ രൂപീകരിച്ച വ്യവസായ സഹകരണ സംഘങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുള്ളത്.

2019 –2020 സാമ്പത്തിക വർഷത്തിലോ അതിനു ശേഷമോ രജിസ്റ്റർ ചെയ്ത സംഘങ്ങൾ ആയിരിക്കണം.

കുറഞ്ഞത് 50 അംഗങ്ങൾ ഉണ്ടാകണം. 25 ൽ കുറയാത്ത അംഗങ്ങൾ വിദഗ്ധ തൊഴിലാളികൾ ആയിരിക്കണം. ബാക്കി 25 അംഗങ്ങൾ അർധവിദഗ്ധ / അവിദഗ്ധ തൊഴിലാളികൾ ആയിരിക്കണം. നാമമാത്ര/ സഹായക അംഗങ്ങളുടെ എണ്ണം ധനസഹായത്തിനായി കണക്കിലെടുക്കുന്നതല്ല.

തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയും ശമ്പളം കൈപ്പറ്റുന്ന സെക്രട്ടറിയും നിലവിലുള്ള സംഘത്തിനു മാത്രമേ പദ്ധതിയുടെ പ്രയോജനം ലഭിക്കുകയുള്ളൂ.

ധന സഹായത്തിന് അപേക്ഷിക്കുന്നതിന് തൊട്ടുമുൻപുള്ള മൂന്ന് മാസങ്ങളിൽ ഓരോ അംഗത്തിനും കുറഞ്ഞത് അഞ്ച് ശരാശരി തൊഴിൽ ദിനങ്ങൾ എങ്കിലും പ്രതിമാസം നൽകിയിരുന്നിരിക്കണം. അതേ സമയം രൂപീകരിച്ച് ആറുമാസം തികയാത്ത സംഘങ്ങൾക്ക് ധന സഹായത്തിന് അപേക്ഷിക്കാൻ കഴിയുന്നതല്ല.

രജിസ്ട്രാർ നിർദ്ദേശിച്ചതുപ്രകാരമുള്ള രേഖകൾ കൃത്യമായി സൂക്ഷിക്കുന്ന സംഘങ്ങൾക്കു മാത്രമേ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

പരമാവധി ആനുകൂല്യമായ രണ്ട് ലക്ഷം രൂപയ്ക്ക് അർഹത നേടുന്നതിന് 100 സജീവ അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

വിജയഗാഥ വിജയഗാഥ വിജയഗാഥ

പിറന്ന നാട്ടിൽ അന്തസ്സുള്ള ജീവിതം സ്വപ്നം കണ്ട് മറുനാട്ടിൽ തൊഴിലെടുക്കുന്ന ലക്ഷക്കണക്കിന് പ്രവാസികൾക്ക് പ്രചോദനമായി ഒരു യുവാവിന്റെ ജീവിതമുണ്ട്. കൊല്ലം ജില്ലയിൽ പാരിപ്പള്ളിയിലെ അഫ് ലഷ് സിറാജുദ്ധീൻ യു.എ.ഇ യിൽ ഒരു വ്യാഴവട്ട കാലം ജോലി ചെയ്ത് നാട്ടിൽ സ്വന്തമായൊരു സംരംഭം ആരംഭിച്ചു വിജയത്തിന്റെ പടവുകൾ കയറിയ ഈ സംരംഭകന്റെ കഥ എല്ലാ പ്രവാസികൾക്കും പ്രചോദനമാണ്.

വിശദമായി അറിയാനും വീഡിയോ കാണാനും ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.



## എങ്ങനെ അപേക്ഷിക്കാം

ചുവടെ ചേർത്തിരിക്കുന്ന ലിങ്ക് ഉപയോഗിച്ച് അപേക്ഷയും, അനുബന്ധ രേഖകളും ഓൺലൈൻ ആയി സമർപ്പിക്കാം. അപേക്ഷകൾ പരിശോധിച്ച്, അർഹമായ തുക അനുവദിക്കും. പ്രാരംഭ സഹായത്തിന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരും, നിക്ഷേപ സഹായത്തിനു ജില്ലാ തല കമ്മിറ്റിയുമാണ് തുക അനുവദിക്കുന്നത്.

https://industry.kerala.gov.in/mal/index.php/scheme/entrepreneur-support-scheme-schemes

https://ess.kerala.gov.in/login

വിജയഗാഥ വിജയഗാഥ വിജയഗാഥ

വീടിന്റെ അകത്തളങ്ങളിൽ സ്വന്തം കഴിവുകളെ തളച്ചിടാതെ അരങ്ങിലേക്കിറങ്ങി മികച്ച പ്രതിഭകളായ വനിതാ സംരംഭകരാൽ സമ്പുഷ്ടമാണ് നമ്മുടെ കേരളം. ആലപ്പുഴ ജില്ലയിൽ കാഗസ് എന്ന പേപ്പർ ബാഗ് നിർമാണ യൂണിറ്റിലൂടെ ചെറുകിട സംരംഭത്തിന്റെ വിജയകഥ വിളിച്ചു പറയുകയാണ് പിങ്കി എന്ന വീട്ടമ്മ.

വിശദമായി അറിയാനും വീഡിയോ കാണാനും ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.





# നൈപുണ്യ സംരംഭ വികസന സൊസൈറ്റികൾക്കുള്ള സഹായം

**ലക്ഷ്യങ്ങൾ:**

അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിദഗ്ധ തൊഴിലാളികൾക്കു മെച്ചപ്പെട്ട തൊഴിലവസരങ്ങൾ നേടികൊടുക്കുക, അവിദഗ്ധ തൊഴിലാളികളെ നൈപുണ്യ വികസന പരിശീലനത്തിലൂടെ ബന്ധപ്പെട്ട മേഖലയിലെ വിദഗ്ധരാക്കി മാറ്റുക, തൊഴിലാളികൾക്കു ആവശ്യമുള്ള തൊഴിലുപകരണങ്ങൾ ലഭ്യമാക്കുക, സമൂഹത്തിനു മികച്ച തൊഴിൽ സൗഹൃദാന്തരീക്ഷം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാനത്തെ ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെയും ഭൗമാതിർത്തിക്കുള്ളിൽ ഒന്നോ അതിലധികമോ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനു കേരള സർക്കാർ ലക്ഷ്യമിടുകയും അതിനനുസരിച്ചു വ്യത്യസ്ത തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നവർ ലക്ഷ്യപ്രാപ്തിക്കായി മുന്നോട്ടു വരികയും ചെയ്തു. ഇത്തരം സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ വ്യവസായ വകുപ്പിന് കീഴിൽ ഒരു ധനസഹായ പദ്ധതി സർക്കാർ ആവിഷ്കരിച്ചിരിക്കുന്നു.

**ഗുണഭോക്താക്കൾ:**

അസംഘടിത മേഖലയിലെ വിവിധ തരം തൊഴിലുകളിൽ ഏർപ്പെടുന്ന തൊഴിലാളികൾക്കു മെച്ചപ്പെട്ട തൊഴിലവസരങ്ങൾ കണ്ടെത്തി കൊടുക്കുക, അവിദഗ്ധ തൊഴിലാളികളെ നൈപുണ്യ വികസന പരിശീലനത്തിലൂടെ മുഖ്യധാരയിൽ എത്തിക്കുക എന്നീ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കാൻ രൂപീകരിച്ച വ്യവസായ സഹകരണ സംഘങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുള്ളത്. കൂടാതെ നൈപുണ്യ സംരംഭ വികസന സഹകരണ സംഘങ്ങളിലെ അംഗങ്ങൾ അസംഘടിത തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന സാങ്കേതിക വൈദഗ്ധ്യ സർട്ടിഫിക്കറ്റുകൾ നേടിയവർ, വിദഗ്ധ , അർദ്ധ വിദഗ്ധ / അവിദഗ്ധ തൊഴിലാളി വിഭാഗങ്ങളിൽ നിന്നും ഉള്ളവർ ആയിരിക്കണം.

**വിജയഗാഥ വിജയഗാഥ വിജയഗാഥ**

കഠിനാധ്വാനം ചെയ്യാനുള്ള മനസ്സും വെല്ലുവിളികളെ നേരിടാനുള്ള ധൈര്യവും കൈമുതലാക്കി യപ്പോൾ കോവിഡ് മഹാമാരിയുടെ കാലത്ത് വിജയിച്ച സംരംഭകരുടെ പട്ടികയിലേക്ക് പേര് എഴുതി ചേർത്തവരാണ് സുഹൃത്തുക്കളായ റിസ്വാനും നിയാസ് ഹാരിസും. കൊല്ലം മേവറത്തെ ഇവരുടെ എ ടു മെറ്റൽ ക്രാഫ്റ്റ്സ് ഫൈബർ ലേസർ കട്ടിങ് സ്ഥാപനത്തിന്റെ വിജയകഥ ഏവർക്കും പ്രചോദനമാണ്.

വിശദമായി അറിയാനും വീഡിയോ കാണാനും ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ.

**വിജയഗാഥ വിജയഗാഥ വിജയഗാഥ**

ജീവിതം പ്രതിസന്ധികളിൽ പെടുമ്പോൾ നമ്മുക്ക് ചുറ്റിലും അതിന്റെ പരിഹാരവും കരുതിവച്ചിട്ടുണ്ടാകുമെന്ന ആപ്തവാക്യത്തെ സാധൂകരിക്കുന്നതാണ് ആലപ്പുഴ ജില്ലയിലെ മുതുകുളം വ്യവസായ കോംപ്ലക്സിലുള്ള മേവിളം എന്റർപ്രൈസസിന്റേത്. മനോധൈര്യവും ആത്മവിശ്വാസവും കൊണ്ട് വിനീഷ് എന്ന സംരംഭകനും സഹോദരനും തീർത്ത വിജയകഥ ഏവർക്കും മാതൃകയാണ്.

വിശദമായി അറിയാനും വീഡിയോ കാണാനും ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ.



ഈസ് ഓഫ് ഡൂയിങ് ബിസിനസ്

# കൂടുതൽ ഉയരം കൂടുതൽ വേഗം

**കേരളം കൈകൊണ്ടിരിക്കുന്ന പരിഷ്കരണ നടപടികൾ വിലയിരുത്തപ്പെടുമ്പോൾ കേരളത്തിന്റെ റാങ്കിംഗ് ഇനിയും ഉയരുക തന്നെ ചെയ്യും. സ്റ്റാർട്ടപ്പുകളെ പോലെ തന്നെ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭ മേഖലകളിലും കേരളം മാതൃകയാകും**




**ടി എസ് ചന്ദ്രൻ**
വ്യവസായ വാണിജ്യ വകുപ്പ്
മുൻ ഡെപ്യൂട്ടി ഡയറക്ടർ


വ്യവസായ മേഖലയിൽ സമാനതകൾ ഇല്ലാത്ത നിയമപരിഷ്കാരങ്ങളാണ് കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ സംസ്ഥാനത്ത് കൊണ്ടുവന്നത്. പൊതുസമൂഹം സാധാരണ നിലയിലും വ്യവസായ സമൂഹം പ്രത്യേകിച്ചും ചർച്ച ചെയ്തുവരുന്ന ഒരു പ്രധാന വിഷയം കൂടിയാണ് ഇത്. ഈസ് ഓഫ് ഡൂയിങ് ബിസിനസിൽ 2020 നെ അടിസ്ഥാനമാക്കിയും 2021 നെ അടിസ്ഥാനമാക്കിയും പ്രഖ്യാപിച്ച റാങ്കിങ്ങിൽ ആണ് നാം 28, 15 സ്ഥാനങ്ങൾ നേടിയിരിക്കുന്നത്. അതിനുശേഷം കൊണ്ടുവന്ന നിയമപരിഷ്കാരങ്ങൾ എല്ലാം പരിഗണിക്കുമ്പോൾ നിസ്സംശയം പറയാൻ കഴിയും കേരളത്തിന്റെ റാങ്ക് ഇനിയും ഉയരുക തന്നെ ചെയ്യും.

## എന്താണ് ഈസ് ഓഫ് ഡൂയിങ് ബിസിനസ് (EODB)

ജനങ്ങളുടെ ജീവിത നിലവാരം അതത് സമ്പദ് വ്യവസ്ഥയിൽ നിലനിൽക്കുന്ന ബിസിനസ് സാഹചര്യത്തെ അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു.

മികച്ച ബിസിനസ് അന്തരീക്ഷം ആരോഗ്യകരമായ സമ്പദ് വ്യവസ്ഥയുടെ അവിഭാജ്യ ഘടകമാണ്. ബിസിനസ് നിലവാരം പരിശോധിക്കുകയാണ് EODB ചെയ്യുന്നത്. ഒരു ബിസിനസ് തുടങ്ങുക, നടത്തുക, ആവശ്യമെങ്കിൽ പ്രവർത്തനം അവസാനിപ്പിക്കുക ഇവയ്ക്കുള്ള നടപടിക്രമങ്ങൾ എളുപ്പമാക്കുക എന്നതാണ് EODB എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ബിസിനസ്സിന്റെ നടപടിക്രമങ്ങൾ സുതാര്യവും വ്യവസ്ഥാപിതവും സമയബന്ധിതവും കുറഞ്ഞ ചെലവിലും നടത്തുവാൻ കഴിയണം. ഇതിനുള്ള സാഹചര്യങ്ങൾ കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുകയാണ് EODB ചെയ്യുന്നത്.

2006 മുതലാണ് വേൾഡ് ബാങ്ക് ലോക സമ്പദ് വ്യവസ്ഥയ്ക്ക് EODB അടിസ്ഥാനത്തിൽ റാങ്കിംഗ് നിശ്ചയിക്കുവാൻ തുടങ്ങിയത്. ഇതിനായി കൃത്യമായ മാനദണ്ഡങ്ങളും ഏർപ്പെടുത്തി. ഈ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ രാജ്യങ്ങളുടെ സമ്പദ് വ്യവസ്ഥകൾ തമ്മിലും രാജ്യത്തിനകത്തെ സംസ്ഥാനങ്ങൾ തമ്മിലും ആരോഗ്യകരമായ ഒരു മത്സരമാണ് നടക്കുന്നത്.

റാങ്കിംഗ് ഉയർത്തേണ്ടത് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. 12 മാനദണ്ഡങ്ങളാണ് ആഗോളതലത്തിൽ റാങ്കിംഗിനായി പരിഗണിച്ചു വരുന്നത്.

## ഈസ് ഓഫ് ഡൂയിങ് ബിസിനസ് മാനദണ്ഡങ്ങൾ

1. ഒരു ബിസിനസ് ആരംഭിക്കുക, നടപടിക്രമങ്ങൾ, സമയം, ക്യാപിറ്റൽ, ചെലവ് തുടങ്ങിയവ.
2. നിർമ്മാണ അനുമതികൾ, നടപടിക്രമങ്ങൾ, സമയം, ചെലവ്, ഒരു വെയർ ഹൗസ് നിർമ്മിക്കാനുള്ള സമയം എന്നിവ.
3. വൈദ്യുതി ലഭ്യമാക്കൽ, നടപടിക്രമങ്ങൾ, സമയം, സ്ഥിരം കണക്ഷന് വരുന്ന ചെലവ്.
4. വസ്തു രജിസ്ട്രേഷൻ, വാണിജ്യ റിയൽ എസ്റ്റേറ്റുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമം, ചെലവ്.
5. വായ്പ നേടുക, നിയമപരമായ വായ്പ അവകാശസൂചികയുടെ പിൻബലം (strength of legal rights index)
6. നിക്ഷേപകരെ സംരക്ഷിക്കുക, കോർപ്പറേറ്റ് നിയമങ്ങൾ, ഷെയർ എടുക്കുന്നവരുടെ സംരക്ഷണം എന്നിവ.
7. നികുതി അടയ്ക്കൽ പ്രക്രിയ, ആകെ നികുതി നിരക്ക്, ഏകീകൃത സംവിധാനം, സമയം തുടങ്ങി എല്ലാവിധ ടാക്സ് നിയന്ത്രണങ്ങളും.
8. അതിർത്തികൾക്കപ്പുറമുള്ള വ്യാപാരം, കയറ്റുമതി, ഇറക്കുമതി നടത്താനുള്ള ചെലവ്, സമയം, താരതമ്യ മേന്മകൾ.
9. കരാറുകൾ പാലിക്കുക, ഒരു കരാർ നടപ്പാക്കുന്നതിലെ നടപടിക്രമങ്ങളും ചെലവുകളും, സമയവും.
10. പാപ്പരത്തം സ്പഷ്ടമാക്കൽ (Resolving Imsolvancy) നിയമപരമായ നടപടികളുടെ സുതാര്യത, സമയം, ചെലവ്.
11. തൊഴിലാളികളുടെ ശാക്തീകരണം, തൊഴിൽ നിയമങ്ങളിലെ വഴക്കം, സ്വീകാര്യത.
12. ഗവൺമെന്റുമായി കരാറിൽ ഏർപ്പെടൽ, പൊതുസംഭരണ നയം അതനുസരിച്ച് അതിൽ പങ്കാളിയാകാനുള്ള നടപടികൾ, സമയം എന്നിവ.

രാജ്യത്തിനകത്തോ സംസ്ഥാനത്തിനകത്തു ജില്ലകൾ തമ്മിലോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലോ ബാധകമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തലുകൾ നടത്താവുന്നതാണ്. അതനുസരിച്ച് റാങ്ക് നിശ്ചയിക്കുന്നതുമാണ്.

## മൊത്ത സാമ്പത്തികസ്ഥിതി പരിഗണിക്കുന്നില്ല

ഒരു രാജ്യത്തിനകത്ത് നിലനിൽക്കുന്ന മൊത്ത സാമ്പത്തിക സ്ഥിതി EODB യിൽ പരിഗണിക്കുന്നില്ല.




ആഗോള സാമ്പത്തിക സംവിധാനം, തദ്ദേശീയ സാമ്പത്തിക സ്ഥിതി, സർക്കാരിന്റെ സാമ്പത്തിക നിലവാരം, തൊഴിലിന്റെ സ്ഥിതി, അഴിമതി, ദാരിദ്ര്യം, സ്ഥിരത, പരിസ്ഥിതി, ധനവിപണി, ഐ.പി.ആർ എന്നിവ ഒന്നും തന്നെ ഇവിടെ പരിഗണിക്കപ്പെടുന്നില്ല.

## ഇന്ത്യൻ റാങ്ക് 63

EODB യിൽ ഇന്ത്യയുടെ റാങ്ക് 2020ൽ 63 ആണ്. 2016 ൽ 130-ാം സ്ഥാനത്തായിരുന്നു. 190 രാജ്യങ്ങളെയാണ് റാങ്കിംഗ് നടത്തിയിരിക്കുന്നത്. ന്യൂസിലാൻഡാണ് ഒന്നാം സ്ഥാനത്ത്. രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം സിങ്കപ്പൂർ, ഹോങ്കോങ് (ചൈന) എന്നീ രാജ്യങ്ങൾക്കാണ്.



സൊമാലിയയാണ് 190-ാം റാങ്കിൽ വരുന്ന രാജ്യം.

## സംരംഭക ലൈസൻസിംഗ് രംഗത്ത് പൊളിച്ചെഴുത്ത്

വ്യവസായ സൗഹൃദ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള നിയമപരിഷ്കരണത്തിലും, നിർവഹണത്തിലും കേരളം ഏറെ മുന്നോട്ടുപോയി. 2017-18 മുതൽ നിരവധി പരിഷ്കാരങ്ങളാണ് സംസ്ഥാന സർക്കാർ കൊണ്ട് വന്നത്. കേരളത്തിലെ വ്യവസായ അന്തരീക്ഷം കൂടുതൽ ആകർഷകമാക്കുന്നതിന് പ്രധാന നിയമമാണ് കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018. പഞ്ചായത്ത് രാജ് ആക്ട് ഉൾപ്പെടെ ഏഴ് നിയമങ്ങളും 10 ചട്ടങ്ങളും ഇതിനായി ഭേദഗതി ചെയ്തു.

സംസ്ഥാനത്തെ സംരംഭ ലൈസൻസിംഗ് രംഗത്ത് വലിയ പൊളിച്ചെഴുത്തിനാണ് ഈ നിയമം തുടക്കം കുറിച്ചത്.

- പഞ്ചായത്ത് ലൈസൻസുകളുടെ പേര് തന്നെ മാറ്റി. ആപൽക്കരവും അസഹ്യവുമായ ലൈസൻസ് (D2O) എന്നത് മാറ്റി ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭകത്വ പ്രവർത്തനങ്ങൾ, മറ്റ് സേവനങ്ങൾക്കുള്ള ലൈസൻസ് എന്നാക്കി.
- ലൈസൻസുകളുടെ കാലാവധി അഞ്ചുവർഷം വരെ എന്ന് നിശ്ചയിച്ച് ഇത് പുതുക്കുന്നതിനും ബാധകമാക്കി. നിശ്ചിത ഫീസ് അടച്ചാൽ സ്വമേധയാ പുതുക്കാൻ സൗകര്യം ഓൺലൈനിൽ കൊണ്ടുവന്നു.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ നൽകാനുള്ള അധികാരം പരിമിതപ്പെടുത്തി.
- സെക്രട്ടറിയുടെ ചുമതലകൾ കൈമാറാമെന്നും വ്യവസ്ഥ ചെയ്തു. തൻമൂലം സെക്രട്ടറിയുടെ അഭാവത്തിലും അപേക്ഷകളിൽ നടപടിയെടുക്കാൻ ആവും.
- കെട്ടിട നിർമ്മാണ ആവശ്യത്തിന് കൂടുതൽ ഭൂമി ഉപയോഗിക്കത്തക്ക വിധത്തിൽ കവറേജ് ഏരിയയും ഫ്ളോർ ഏരിയയും തമ്മിലുള്ള അനുപാതം വർധിപ്പിച്ചു കെട്ടിട നിർമ്മാണ ചട്ടം ഭേദഗതി വരുത്തി.
- ഫയർ ആൻഡ് റെസ്ക്യൂവിന്റെ നിരാക്ഷേപ പത്രം 1000 ചതുരശ്ര മീറ്ററിൽ താഴെയും ഉയരം 15 മീറ്ററിൽ താഴെയും വരുന്ന കെട്ടിടങ്ങൾക്ക് വാങ്ങേണ്ടതില്ല. (സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതി).
- ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള നിരാക്ഷേപ പത്രം, ആശുപത്രികൾ, ക്ലിനിക്കുകൾ, ലാബുകൾ, ഫാർമ സ്ഥാപനങ്ങൾ എന്നിവയ്ക്ക് മാത്രമായി ചുരുക്കി.
- ഭൂഗർഭ ജലത്തിന്റെ വിനിയോഗം, പുനചംക്രമണം, നോക്കുകൂലി എന്നതിലും വ്യവസായങ്ങൾക്ക് അനുകൂലമായി ഭേദഗതി കൊണ്ടുവന്നു.
- വൈദ്യുതി കണക്ഷന് രണ്ട് രേഖകൾ സമർപ്പിച്ചാൽ മതി- തിരിച്ചറിയൽ രേഖയും വസ്തുവിൻമേലുള്ള അധികാരരേഖയും.
- ഗ്രീൻ വൈറ്റ് കാറ്റഗറി സംരംഭങ്ങൾക്ക് സ്വയം സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് പ്രവർത്തനാനുമതി നൽകും.
- എല്ലാ ലൈസൻസുകൾക്കും അപേക്ഷിക്കുവാൻ ഏകജാലക സംവിധാനം കൊണ്ടുവന്നു K-Swift (Kerala Single window interface for fast and transparent clearance) എന്ന ഓൺലൈൻ സംവിധാനം വഴി ഓഫീസുകൾ



> "സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആൻഡ് ഫെസിലിറ്റേഷൻ നിലവിൽ വന്നു. അപേക്ഷകളിൽ മേലുള്ള പരിശോധനകളും നടപടികളും ഫലപ്രദമായും സമയബന്ധിതമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തും"

കയറിയിറങ്ങാതെ തന്നെ അപേക്ഷ സമർപ്പിക്കാവുന്ന സാഹചര്യം ഉണ്ടാക്കി.

- 30 ദിവസത്തിനുള്ളിൽ തീരുമാനം എടുത്തില്ല എങ്കിൽ ലൈസൻസ് കിട്ടിയതായി രേഖ ലഭിക്കും. പ്രസ്തുത സംരംഭവുമായി മുന്നോട്ട് പോകാം.
- സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആൻഡ് ഫെസിലിറ്റേഷൻ നിലവിൽ വന്നു. അപേക്ഷകളിൽ മേലുള്ള പരിശോധനകളും നടപടികളും ഫലപ്രദമായും സമയബന്ധിതമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തും.

## മുൻകൂർ ലൈസൻസുകൾ ഒഴിവാക്കുന്നു

- 2019 ലെ കേരള എം എസ് എം ഇ ഫെസിലിറ്റേഷൻ ആക്ട് പുതു സംരംഭങ്ങൾക്ക് വലിയ ആശ്വാസമാണ് പകർന്ന് നൽകിയത്. മുൻകൂർ ലൈസൻസ് എടുക്കാതെ സംരംഭങ്ങൾ ആരംഭിക്കുവാൻ ഈ നിയമം അനുമതി നൽകുന്നു.
- പത്തുകോടിയിൽ താഴെ നിക്ഷേപം വരുന്നതും റെഡ് കാറ്റഗറിയിൽ വരാത്തതുമായ സംരംഭങ്ങളാണ് ഇങ്ങനെ ആരംഭിക്കുവാൻ കഴിയുക.
- മൂന്നു വർഷത്തിനുശേഷം ആറുമാസത്തിനുള്ളിൽ ആവശ്യമായ ലൈസൻസുകൾ സമ്പാദിച്ചാൽ മതിയാകും. ഈ കാലയളവിൽ പരിശോധനകൾ പോലും പാടില്ല എന്ന് ഈ നിയമം വ്യക്തമാക്കുന്നു.
- ഇതിനായി സംരംഭകൻ സ്വയം നൽകുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ K-Swift വഴി ഒരു കൈപ്പറ്റ് ചീട്ട് വാങ്ങിയാൽ മതി. ഇത് ഓൺലൈൻ വഴി ലഭിക്കുന്നു എന്നതിനാൽ നടപടികളും ലളിതമായി.
- പഞ്ചായത്ത് രാജ് ആക്ട് ഉൾപ്പെടെ ആറ് നിയമങ്ങൾ ഭേദഗതി ചെയ്താണ് ഈ നിയമം കൊണ്ടുവന്നത് എന്നതിനാൽ ഏത് കോടതിയിലും നിലനിൽക്കും.
- 5 HP യിൽ താഴെ പവർ ഉപയോഗിച്ച് പ്രവർത്തിക്കുന്ന നാനോ സംരംഭങ്ങളെ തദ്ദേശസ്വയംഭരണ അനുമതിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചത് 2020 ജനുവരി 21 നാണ്. കുടുംബസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ പോന്ന ഒരു കാൽവയ്പ്പാണ് ഇത്.
- സംരംഭകർക്ക് ലഭ്യമാവുന്ന സൗകര്യങ്ങൾ കൃത്യമായി ഉറപ്പാക്കുന്നതിന് ഉദ്ദേശിച്ച് സർക്കാർ കൊണ്ടുവന്ന 2019 ലെ ഏകജാലക ക്ലിയറൻസ് ബോർഡ് ഭേദഗതി നിയമം സംരംഭ പ്രോത്സാഹനത്തിലെ മികച്ച കാൽവയ്പ്പാണ്.
- ജില്ലകൾ തോറുമുള്ള പരാതി പരിഹാര സംവിധാനം, ടെക്നോളജി ക്ലിനിക്കുകൾ, പരിഷ്കരിച്ച പരിശോധന സംവിധാനങ്ങൾ, കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതികൾ, കെ എഫ് സി പോലുള്ള സ്ഥാപനങ്ങൾ വഴിയുള്ള വായ്പ സൗകര്യങ്ങൾ, സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ തുടങ്ങുന്നതിന് ലഘൂകരിച്ച നടപടികൾ 10 കോടിക്ക് മുകളിലുള്ള (നിക്ഷേപം) സ്ഥാപനങ്ങൾക്ക് ഏഴു ദിവസത്തിനുള്ളിൽ അനുമതി നൽകുന്ന സംസ്ഥാന സംവിധാനം, തുടങ്ങിയ എല്ലാം തന്നെ സംരംഭ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ സർക്കാർ കൈക്കൊണ്ട ഊർജിത നടപടികളാണ്.



## ഒരു ലക്ഷം സംരംഭങ്ങൾ

സംരംഭവ്യാപന പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും, സംരംഭങ്ങൾക്ക് അനുകൂലമായ മനോഭാവം വളർത്തി എടുക്കുന്നതിനും, ഏറെ ഉപകരിക്കുന്ന ഒന്നാണ് 2022 - 23 ലെ ഒരു ലക്ഷം സംരംഭങ്ങൾ എന്ന ക്യാമ്പയിൻ. ഒരു ലക്ഷം പുതുസംരംഭങ്ങൾ ആണ് ഈ വർഷം സർക്കാർ ലക്ഷ്യം വയ്ക്കുന്നത്.

എല്ലാ പഞ്ചായത്തിലും, മുൻസിപ്പാലിറ്റിയിലും, കോർപ്പറേഷനിലും പരിശീലനം ലഭിച്ച ടെക്നോക്രാറ്റുകളുടെ സേവനം ലഭ്യമാക്കുന്നു. താലൂക്ക് വ്യവസായ ഓഫീസുകൾ, ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾ ആക്കുന്നു, കേരള ബ്രാൻഡ് കൊണ്ടുവരുന്നു. ഇങ്ങനെയുള്ള പരിഷ്കാരങ്ങൾ എല്ലാം തന്നെ വരും വർഷങ്ങളിൽ കേരളത്തിന്റെ റാങ്കിംഗ് ഉയർത്തുവാൻ സഹായിക്കും. ■

# മൂന്നാം തവണയും സ്റ്റാറായി

# സ്റ്റാർട്ടപ്പ് കേരളം



**അനൂപ് അംബിക**
സി.ഇ.ഒ. സ്റ്റാർട്ടപ്പ് മിഷൻ

സംസ്ഥാന സർക്കാരിനും സ്റ്റാർട്ടപ്പ് പങ്കാളികൾക്കും അഭിമാനമേകുന്നതാണ് തുടർച്ചയായ മൂന്നാം തവണയും സ്റ്റാർട്ടപ്പ് മേഖലയിലെ മികച്ച പ്രകടനത്തിനുള്ള കേന്ദ്ര സർക്കാരിന്റെ പുരസ്കാരം കേരളത്തെ തേടിയെത്തിയത്. കരുത്തുറ്റ സ്റ്റാർട്ടപ്പ് അന്തരീക്ഷ വികസനത്തിന് പ്രാമുഖ്യം നൽകിയാണ് സംസ്ഥാനം സ്റ്റേറ്റ്സ് സ്റ്റാർട്ടപ്പ് റാങ്കിംഗിൽ 2021 ലെ ടോപ് പെർഫോർമർ പുരസ്കാര നേട്ടത്തിലെത്തിയത്.

സംസ്ഥാന സർക്കാർ സ്റ്റാർട്ടപ്പുകൾക്ക് നൽകുന്ന മികച്ച പിന്തുണയുടെയും സ്റ്റാർട്ടപ്പുകളുടെ ക്രിയാത്മക പ്രവർത്തനങ്ങളുടെയും പ്രതിഫലനമാണ് ഈ പുരസ്കാരം. സാങ്കേതികവിദ്യയിലൂന്നിയ സംരംഭകത്വ സംസ്കാരം പരിപോഷിപ്പിക്കുന്നതിനായി സർക്കാരിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന കേരള സ്റ്റാർട്ടപ്പ് മിഷന്റെ (കെഎസ്‌യുഎം) പങ്ക് ഇതിൽ നിസ്തുലമാണ്.

സംസ്ഥാന സർക്കാർ കെഎസ്‌യുഎം പോലുള്ള ദൗത്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനെ പുരസ്കാരനിർണയ സമിതി പ്രകീർത്തിച്ചു. കാര്യനിർവഹണ ശേഷി, സ്റ്റാർട്ടപ്പുകളിൽ നിന്ന് ഉൽപ്പന്നങ്ങളും സേവനങ്ങളും വാങ്ങുന്നതിന് സർക്കാർ വകുപ്പുകളെ പിന്തുണയ്ക്കുന്ന വിവിധ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും സൃഷ്ടിക്കൽ ഇൻസ്റ്റിറ്റ്യൂഷണൽ ചാമ്പ്യൻ എന്നീ നിലകളിലുള്ള സംസ്ഥാനത്തിന്റെ ചുവടുവയ്പുകളെയും വിദഗ്ധസമിതി അഭിനന്ദിക്കുകയുണ്ടായി. ബിസിനസ് പിന്തുണ, പുതിയ വിപണികൾ കണ്ടെത്തൽ, നൂതന-സംരംഭകത്വ പരിപോഷണം, ഇൻക്യുബേഷൻ, മാർഗ്ഗനിർദ്ദേശം, ഫണ്ടിംഗ് പിന്തുണ, കാര്യനിർവഹണ ശേഷി എന്നീ വിഭാഗങ്ങളിലായിരുന്നു കേരളത്തെ വിലയിരുത്തിയത്.

രാജ്യത്ത് സ്റ്റാർട്ടപ്പ് നയം അവതരിപ്പിച്ച ആദ്യ സംസ്ഥാനമാണ് കേരളം. ഈ നയത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്റെ ചുമതല കെഎസ്‌യുഎമ്മിന് ആണ്. 3800 സ്റ്റാർട്ടപ്പുകൾക്കു പുറമേ വനിതകൾ നേതൃത്വം നൽകുന്ന 20 സ്റ്റാർട്ടപ്പുകൾ 2020-21 സാമ്പത്തിക വർഷത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്റ്റാർട്ടപ്പ് അന്തരീക്ഷത്തിന് ഊർജമേകാൻ കെഎസ്‌യുഎം 2017 മുതൽ 25 കോടിയിലധികം രൂപയുടെ ഗ്രാന്റാണ് ഇതുവരെ സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമാക്കിയത്. മികച്ച സാങ്കേതിക ഉൽപന്നങ്ങൾ രൂപപ്പെടുത്തുന്നതിന് അനുയോജ്യമായ ആശയങ്ങൾക്ക് ഐഡിയ ഗ്രാന്റ്, മൂല്യവത്തായ ആശയങ്ങളെ ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള പ്രൊഡക്ടൈസേഷൻ ഗ്രാന്റ്, സ്റ്റാർട്ടപ്പുകളുടെ വളർച്ച രൂപപ്പെടുത്തുന്നതിനുള്ള സ്കെയിൽ-അപ്പ് ഗ്രാന്റ്, വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വുമൺ പ്രൊഡക്ടൈസേഷൻ ഗ്രാന്റ്, ഗവേഷണങ്ങൾക്ക്

**"കേന്ദ്ര സർക്കാരിന്റെ സ്റ്റാർട്ടപ്പ് പുരസ്കാരത്തിൽ കേരളത്തിന് ഹാട്രിക്ക് സ്റ്റേറ്റ്സ് സ്റ്റാർട്ടപ്പ് റാങ്കിംഗിൽ കേരളം 2021 ലെ ടോപ് പെർഫോർമർ"**





ഊന്നൽ നൽകിയുള്ള സ്റ്റാർട്ടപ്പ് റിസർച്ച് ഗ്രാന്റുകൾ എന്നിവയാണത്. ഇതു കൂടാതെ സീഡ് ഫണ്ടിംഗ്, ഇക്വിറ്റി ഫണ്ടിംഗ്, സബ്സിഡി നിരക്കിലുള്ള വായ്പകൾ എന്നിവയും ലഭ്യമാക്കുന്നുണ്ട്. സംസ്ഥാനത്ത് സ്ത്രീകൾ നയിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് അനുകൂലമായ അന്തരീക്ഷമാണ് സ്റ്റാർട്ടപ്പ് മിഷൻ പ്രദാനം ചെയ്യുന്നത്. വനിതാ സ്റ്റാർട്ടപ്പുകളുടെ പ്രവർത്തനം സുഗമമാക്കുന്ന വിവിധ പരിപാടികളും സ്കീമുകളും വായ്പാ സഹായ പദ്ധതികളും സംസ്ഥാനം ആസൂത്രണം ചെയ്തിട്ടുണ്ട്. പ്രാദേശിക ഭാഷകളിലെ വിവര വിനിമയത്തിലൂടെ സ്റ്റാർട്ടപ്പുകൾക്ക് സർക്കാർ പിന്തുണ ലഭ്യമാക്കുന്നുണ്ട്. സ്റ്റാർട്ടപ്പുകളെ ശക്തിപ്പെടുത്തുന്നതിന് ഉന്നത വിദ്യാഭ്യാസം, പോലീസ്, കായിക യുവജനകാര്യം തുടങ്ങി പത്തിലധികം സർക്കാർ വകുപ്പുകളുമായി സംസ്ഥാന സർക്കാർ കൈകോർത്തിട്ടുണ്ട്.

> “സംസ്ഥാനത്ത് സ്ത്രീകൾ നയിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് അനുകൂലമായ അന്തരീക്ഷമാണ് സ്റ്റാർട്ടപ്പ് മിഷൻ പ്രദാനം ചെയ്യുന്നത്. വനിതാ സ്റ്റാർട്ടപ്പുകളുടെ പ്രവർത്തനം സുഗമമാക്കുന്ന വിവിധ പരിപാടികളും സ്കീമുകളും വായ്പാ സഹായ പദ്ധതികളും സംസ്ഥാനം ആസൂത്രണം ചെയ്തിട്ടുണ്ട്”

ലോകോത്തര സാങ്കേതിക വിദ്യകൾക്കനുസൃതമായി സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകളെ ശാക്തീകരിക്കുവാനും നൈപുണ്യ പരിശീലനവും വൈദഗ്ധ്യവും മാർഗനിർദേശവും മറ്റു പിന്തുണകളും ലഭ്യമാക്കുന്നതിനുമായി കൊച്ചിയിൽ ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് സമുച്ചയം യാഥാർഥ്യമാക്കി. കൂടാതെ ഫാബ് ലാബുകളിലൂടേയും സാങ്കേതിക പിന്തുണ നൽകുന്നുണ്ട്. കോളേജുകളിൽ ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മന്റ് സെന്ററുകൾ (ഐഇഡിസി) ആരംഭിച്ച് വിദ്യാർത്ഥികളുടേയും അക്കാദമിക സമൂഹത്തിന്റേയും ആശയങ്ങളെ സാങ്കേതിക പ്രതിവിധികളാക്കി വാർത്തെടുക്കാനുള്ള പരിശ്രമങ്ങൾ നടത്തിവരുന്നുണ്ട്.

സംരംഭകത്വ സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനും സാങ്കേതിക സംരംഭകരെ വാർത്തെടുക്കുന്നതിനും വിദ്യാഭ്യാസ സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനുമായി ഐഇഡിസി എന്നറിയപ്പെടുന്ന 341 മിനി ഇൻകുബേറ്ററുകളുടെ ശൃംഖല കെഎസ്‌യുഎമ്മിനു കീഴിൽ കാമ്പസുകളിൽ പ്രവർത്തിക്കുന്നുണ്ട്. മികച്ച ആശയങ്ങൾ സമാഹരിക്കുന്നതിനുള്ള ഹാക്കത്തോണുകൾ കാലാവസ്ഥാ വെല്ലുവിളികളെ അതിജീവിക്കാനുതകുന്ന സാങ്കേതിക പ്രതിവിധികൾ തേടിയുള്ള ക്ലൈമത്തോൺ, കാൻസർ ചികിത്സയ്ക്ക് സഹായകമായ സാങ്കേതിക പ്രതിവിധികൾ കണ്ടെത്തുന്നതിനുള്ള കാൻക്വർടെക്, ആരോഗ്യ പരിരക്ഷാ മേഖലയിൽ മികച്ച പ്രതിവിധികൾ സംഭാവന ചെയ്യുന്നതിനായി ഹെൽത്ത്ടെക് തുടങ്ങിയ പരിപാടികളും ആക്സിലറേറ്റർ ഇൻകുബേഷൻ പരിപാടികളും നടത്തിവരുന്നുണ്ട്. സ്റ്റാർട്ടപ്പുകളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിലേക്കായി ബിഗ് ഡെമോ ഡേയും നടത്തിവരുന്നുണ്ട്. വനിതാ സംരംഭകർക്കായും പ്രത്യേക പരിശീലന പരിപാടി നടത്തുന്നുണ്ട്. സ്റ്റാർട്ടപ്പ് മേഖലയിലെ ദേശീയ, അന്തർദേശീയ വിദഗ്ധരാണ് ശിൽപ്പശാലകൾക്കും വിവിധ പരിപാടികൾക്കും നേതൃത്വം നൽകുന്നത്. സ്റ്റാർട്ടപ്പ് കമ്പനികൾക്ക് ഇൻവെസ്റ്റ്മെന്റ് നേടാനും വെഞ്ച്വർ ക്യാപിറ്റൽ ഫണ്ടുകളെ കേരളത്തിലേയ്ക്ക് ആകർഷിക്കാനും സ്റ്റേറ്റ് ഗവൺമെന്റ് രൂപീകരിച്ച ഒരു കോർപ്പസ് ഫണ്ട് ആണ് 'ഫണ്ട് ഓഫ് ഫണ്ട്'. നിലവിൽ സർക്കാരിന് പങ്കാളിത്തമുള്ള നാല് വെച്ച്വർ കാപ്പിറ്റൽ ഫണ്ടുകളാണുള്ളത്. ഇതിൽ നിന്നുമായി 750 കോടിയോളം വരുന്ന കോർപ്പസ് ഫണ്ട് ആണ് കേരളത്തിലെ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്കീമിലൂടെ 75 കോടിയിൽ അധികം നിക്ഷേപം വിവിധ സ്റ്റാർട്ടപ്പ് കമ്പനികൾ നേടിയിട്ടുണ്ട്. പുതിയ ബജറ്റ് പ്രഖ്യാപനത്തിൽ വിവിധ സ്റ്റാർട്ടപ്പ് മേഖലകളെ അടിസ്ഥാനമാക്കി കോർപ്പസ് ഫണ്ട് രൂപീകരിക്കുന്നതിന് 20 കോടി അനുവദിച്ചിട്ടുണ്ട്. യുവജനങ്ങളെ തൊഴിലന്വേഷകരിൽ നിന്നും വിദഗ്ധരായ തൊഴിൽ ദാതാക്കളാക്കി മാറ്റി സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്ക് മുതൽക്കൂട്ടാകുന്നതിനും വഴികാട്ടിയാകുകയാണ് കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ സംസ്ഥാന സർക്കാർ. ■




**കേന്ദ്ര സർക്കാരിന്റെ ഭരണപരിഷ്‌ക്കാരം പൊതുപരാതി വകുപ്പ് സമർപ്പിച്ച നാഷണൽ ഇ-ഗവേർണൻസ് സർവീസ് ഡെലിവറി അസസ്സ്മെന്റ് പ്രകാരം കേരളം ഇന്ത്യയിൽ ഒന്നാമത്**

# മികവോടെ ഇ സേവനം സുതാര്യമായി ഭരണനിർവഹണം

**രേഷ്മ കൃഷ്ണൻ ആർ**

ദേശീയ അംഗീകാര നിറവിൽ കേരളത്തിന്റെ ഇ-ഗവേണൻസ് സർവീസ് ഡെലിവറി സംവിധാനം. വിവരങ്ങളും സേവന ലിങ്കുകളും ലഭ്യമാക്കുന്ന മികച്ച ഏകജാലക സംവിധാനത്തിനുള്ള ഒന്നാം റാങ്ക്, കേരള സർക്കാർ ഔദ്യോഗിക പോർട്ടലിന് www.kerala.gov.in ലഭിച്ചു. ഡിജിറ്റൽ സേവനങ്ങളുടെ വിഭാഗത്തിൽ കേരള സർക്കാർ ഔദ്യോഗിക സർവീസ് പോർട്ടലായ ഇ സേവനം സർവീസ് പോർട്ടൽ (www.services.kerala.gov.in) ആറാം റാങ്കും കരസ്ഥമാക്കി. വിവര സാങ്കേതികവിദ്യാസങ്കേതങ്ങളുപയോഗിച്ച് സർക്കാർ സേവനങ്ങളുടെ കൂടുതൽ മെച്ചപ്പെട്ട നിർവ്വഹണം സാധ്യമാക്കാൻ കഴിഞ്ഞതാണ് സംസ്ഥാനങ്ങളുടേയും കേന്ദ്ര ഭരണ പ്രദേശങ്ങളുടേയും പട്ടികയിൽ ഏറ്റവും കൂടുതൽ സ്കോർ നേടാൻ കേരളത്തിന് കഴിഞ്ഞത്.

ധനകാര്യം, തൊഴിൽ, വിദ്യാഭ്യാസം, തദ്ദേശ ഭരണം, സാമൂഹിക ക്ഷേമം, പരിസ്ഥിതി, ടൂറിസം തുടങ്ങി വിവിധ മേഖലകളിലെ ഇ ഗവേർണൻസ് വഴിയുള്ള പൊതുസേവന നിർവഹണത്തിലെ മികവ് കണക്കാക്കിയാണ് റിപ്പോർട്ട് തയ്യാറാക്കിയത്. സംസ്ഥാനങ്ങൾ, കേന്ദ്ര ഭരണപ്രദേശങ്ങൾ, കേന്ദ്ര മന്ത്രാലയങ്ങൾ എന്നിവ പൗരന്മാർക്ക് എങ്ങനെ ഫലപ്രദമായി ഓൺലൈൻ സേവനങ്ങൾ നൽകുന്നു എന്നത് വിശകലനം നടത്തിയാണ് റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്.

ഇ-ഗവൺമെന്റ് ഉദ്യമങ്ങൾ വർധിപ്പിക്കുന്നതിനും ഡിജിറ്റൽ ഗവൺമെന്റ് മികവ് വർധിപ്പിക്കുന്നതിന്റെയും ഭാഗമായി ഡിപ്പാർട്ട്മെന്റ് ഓഫ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് ആൻഡ് പബ്ലിക് ഗ്രീവൻസ് (DARPG) 2019ൽ ദേശീയ ഇ-ഗവേണൻസ് സർവീസ് ഡെലിവറി അസസ്സ്മെന്റ് (NeSDA) രൂപികരിച്ചു. പൗര കേന്ദ്രീകൃത സേവനങ്ങളുടെ വിതരണം മെച്ചപ്പെടുത്താനും എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണപ്രദേശങ്ങൾക്കും കേന്ദ്ര മന്ത്രാലയങ്ങൾക്കുമായി രാജ്യത്തുടനീളമുള്ള മികച്ച സേവന സംവിധാനങ്ങൾ പങ്കിടാനും ബന്ധപ്പെട്ട സർക്കാരുകളെ NeSDA സഹായിക്കുന്നു. വിവിധ സർക്കാരുകളുടെ സേവനസംവിധാനങ്ങൾ രണ്ടു വിഭാഗങ്ങളായി തരം തിരിച്ചാണ് വിലയിരുത്തിയത്. വിവരങ്ങളിലേക്കും സേവന ലിങ്കുകളിലേക്കും ഏകജാലക പ്രവേശനം നൽകുന്ന അതത് ഗവൺമെന്റിന്റെ നിയുക്ത പോർട്ടലായ സംസ്ഥാന / യുടി / കേന്ദ്ര മന്ത്രാലയ പോർട്ടലാണ് ആദ്യ വിഭാഗം. പ്രവേശനക്ഷമത, ഉള്ളടക്ക ലഭ്യത, ഉപയോഗ എളുപ്പം,

## ഇന്ത്യയിലെ സ്റ്റേറ്റ് പോർട്ടലുകളുടെ ഗുണനിലവാരം

| പേര് | ആക്സസിബിലിറ്റി | ഉള്ളടക്ക ലഭ്യത | ഉപഭോക്തൃ സൗഹൃദം | ഇൻഫോ സെക്യൂരിറ്റി ആൻഡ് പ്രൈവസി | ആകെ സ്കോർ |
|---|---|---|---|---|---|
| കേരളം | 1 | 1 | 1 | 1 | 1 |
| തമിഴ്നാട് | 0.82 | 1 | 1 | 1 | 0.96 |
| പഞ്ചാബ് | 1 | 0.86 | 1 | 0.89 | 0.94 |
| കർണാടക | 0.73 | 0.86 | 1 | 1 | 0.9 |
| തെലങ്കാന | 0.64 | 0.86 | 1 | 0.78 | 0.82 |

വിവര സുരക്ഷയും സ്വകാര്യതയും എന്നിങ്ങനെ നാല് മാനദണ്ഡങ്ങളിൽ ഈ പോർട്ടലുകൾ വിലയിരുത്തപ്പെട്ടു. ഈ വിഭാഗത്തിലാണ് കേരളത്തിന്റെ ഔദ്യോഗിക പോർട്ടൽ ഒന്നാം സ്ഥാനത്ത് എത്തിയത്.

രണ്ടാമത്തെ വിഭാഗത്തിൽ, സേവനങ്ങളുടെ ഡിജിറ്റൽ ഡെലിവറിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും സേവനവുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകുകയും ചെയ്യുന്ന സംസ്ഥാന / കേന്ദ്രഭരണ / കേന്ദ്ര മന്ത്രാലയ സേവന പോർട്ടലുകൾ ഉൾപ്പെടുന്നു. സേവന പോർട്ടലുകളെ പ്രധാനമായും എൻഡ്-സർവീസ് ഡെലിവറി, ഇന്റഗ്രേറ്റഡ് സർവീസ് ഡെലിവറി, സ്റ്റാറ്റസ് & റിക്വസ്റ്റ് ട്രാക്കിംഗ് എന്നീ മാനദണ്ഡങ്ങളിലാണ് വിലയിരുത്തിയത്. ഇതിൽ കേരളത്തിന്റെ സർവീസ് ഡെലിവറി പോർട്ടൽ ആറാം സ്ഥാനം കരസ്ഥമാക്കി.

## പൗരകേന്ദ്രീകൃതമായ ഇ – സേവനം

പൗര കേന്ദ്രീകൃത സേവന വിതരണമാണ് കേരളത്തിന്റെ ഇ-ഗവേണൻസ് സംവിധാനത്തിന്റെ നട്ടെല്ല്. ഇ-ഗവേണൻസ് സർവീസ് ഡെലിവറിക്കുള്ള ദേശീയ അംഗീകാരം കേരളത്തിന്റെ മികച്ച സേവന വിതരണ സംവിധാനത്തെ പ്രതിഫലിപ്പിക്കുന്നു. കേന്ദ്രീകൃത സേവന വിതരണ പ്ലാറ്റ്ഫോമായ 'ഇ-സേവനം' രൂപീകരണം കേരളത്തിലെ ഡിജിറ്റൽ സേവന വിതരണത്തിലെ ഒരു വികസന നാഴികക്കല്ലായിരുന്നു. വിവിധ സർക്കാർ വകുപ്പുകളിലൂടെ സമൂഹത്തിന്റെ വിവിധ വിഭാഗങ്ങളിലുള്ളവർക്ക് അടിസ്ഥാന സേവനങ്ങൾ കേരള സർക്കാർ ഒരു കേന്ദ്രീകൃത പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്നു (www.services.kerala.gov.in). സേവനാവകാശ നിയമത്തിന് കീഴിൽ വരുന്ന ബഹുഭൂരിപക്ഷം സേവനങ്ങളും വിവിധ വകുപ്പുകൾ ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കുന്നു.

കോവിഡ് മഹാമാരി കാലഘട്ടത്തിൽ, സർക്കാർ ഓഫീസുകളിൽ പോകാതെ വീട്ടിലിരുന്ന് ഒരു ഏകീകൃത പോർട്ടലിലൂടെ സർക്കാർ സേവനങ്ങളുടെയും ലഭ്യത കേരള സർക്കാർ ഉറപ്പാക്കിയിരുന്നു. ഓരോ വകുപ്പിന്റേയും വെബ്സൈറ്റിനെ ആശ്രയിച്ചാണ് ജനങ്ങൾ ഓൺലൈൻ സേവനങ്ങൾ ഉപയോഗിച്ചിരുന്നത്. ഈ സംവിധാനത്തിന്റെ പോരായ്മകൾ പരിഹരിച്ചാണ് എല്ലാ സർക്കാർ സേവനങ്ങളെയും ഒരൊറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കി കേരള സർക്കാർ 'ഇ സേവനം' എന്ന പേരിൽ ഒരു കേന്ദ്രീകൃത കേരള സർവീസ് പോർട്ടൽ രൂപകല്പന ചെയ്തത്. നിലവിൽ, പ്രസ്തുത പോർട്ടലിൽ 72-ലധികം വകുപ്പുകളിൽ നിന്നുള്ള 816-ലധികം സേവനങ്ങൾ അടങ്ങിയിരിക്കുന്നു. ഇതിനു പുറമെ സേവനങ്ങൾ മൊബൈൽ ഫോൺ വഴി ലഭ്യമാക്കുന്നതിന് 'mSevanam'എന്ന മൊബൈൽ ആപ്ലിക്കേഷനും സജ്ജീകരിച്ചിട്ടുണ്ട്. ജനങ്ങൾക്ക് സേവനങ്ങൾ വേഗത്തിൽ തിരയുന്നതിനും കണ്ടെത്തുന്നതിനുമായി സേവനങ്ങളെ ഉപഭോക്തൃ വിഭാഗങ്ങളുടെ അടിസ്ഥാനത്തിൽ കർഷകർ, വിദ്യാർഥികൾ, സ്ത്രീകളും കുട്ടികളും, യുവജനങ്ങളും നൈപുണ്യവികസവും, സാമൂഹികസുരക്ഷയും പെൻഷണർമാരും, പൊതു ഉപയോഗസേവനങ്ങൾ, മറ്റുസേവനങ്ങൾ എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെ സേവനങ്ങൾ ഒരു സിംഗിൾ സൈൻ ഓൺ സംവിധാനത്തിലൂടെ ജനങ്ങൾക്ക് ലഭ്യമാക്കുന്ന രീതിയിൽ പോർട്ടൽ വികസിപ്പിച്ചു വരികയാണ്.

> **"പൗര കേന്ദ്രീകൃത സേവന വിതരണമാണ് കേരളത്തിന്റെ ഇ-ഗവേണൻസ് സംവിധാനത്തിന്റെ നട്ടെല്ല്. ഇ-ഗവേണൻസ് സർവീസ് ഡെലിവറിക്കുള്ള ദേശീയ അംഗീകാരം കേരളത്തിന്റെ മികച്ച സേവന വിതരണ സംവിധാനത്തെ പ്രതിഫലിപ്പിക്കുന്നു"**

ആഗോള ഡിജിറ്റൽ ഗവൺമെന്റിന്റെ മികച്ച സേവന വിതരണ സമ്പ്രദായങ്ങൾ മാതൃകയാക്കി ഡിജിറ്റൽ ഇന്ത്യയെന്ന ആശയം അന്വർഥമാക്കി ഓരോ പൗരനും അവകാശപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തിലധിഷ്ഠിതമായി മുന്നേറുകയാണ് കേരളം. സംസ്ഥാന ഐടി മിഷന്റെ ഉടമസ്ഥതയിലുള്ള പോർട്ടലിന്റെ രൂപകൽപ്പന നിർവഹിച്ചിരിക്കുന്നത് സി-ഡിറ്റും ഉള്ളടക്കം കൈകാര്യം ചെയ്തിരിയ്ക്കുന്നത് ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പുമാണ്. ■

# അക്ഷയോർജത്തിന്റെ അനന്തസാധ്യതകൾ

**അക്ഷയോർജത്തിന്റെ അനന്തസാധ്യതകൾ കണക്കിലെടുത്ത് സംസ്ഥാന സർക്കാർ നവീന ഊർജ മേഖലക്ക് വലിയ പ്രാധാന്യമാണ് നൽകുന്നത്**



**നരേന്ദ്രനാഥ് വേലൂരി**
സി.ഇ.ഒ അനെർട്ട് (ഐ.എഫ്.എസ്)

കേരളത്തിൽ അക്ഷയോർജത്തിന് അനന്തസാധ്യതകളാണുള്ളത്. സൗരോർജം, പവനോർജം, ഹരിത ഹൈഡ്രജൻ, തിരമാല, ഭൂഗർഭതാപം, ചെറുകിട ജലവൈദ്യുതി തുടങ്ങിയ അക്ഷയോർജത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യ വൈദ്യുതോൽപ്പാദനത്തിൽ സ്വയംപര്യാപ്തമാണെങ്കിലും ആണവനിലയങ്ങൾക്കാവശ്യമായ ഇന്ധനവും മറ്റും ഇറക്കുമതി ചെയ്യുകയാണ്. സമ്പന്നമായ കൽക്കരി ഖനികൾ താപവൈദ്യുതനിലയങ്ങൾക്ക് അനുഗ്രഹമാണ്. എന്നാൽ നിലവിലെ കൽക്കരി ക്ഷാമത്തെ പറ്റിയുള്ള വാർത്തകൾ നമ്മൾ കാണുന്നുണ്ട്. ഇന്ത്യയിലെ വൈദ്യുതോൽപ്പാദനത്തിൽ 60 ശതമാനം ഓഹരിയും താപവൈദ്യുതിക്കാണ്. സമൃദ്ധവും സമ്പന്നവുമായ കൽക്കരിപ്പാടങ്ങളിൽ നിന്നും കൽക്കരി ഖനനം ചെയ്ത് താപവൈദ്യുത നിലയങ്ങൾക്ക് ഇന്ധനമായി നൽകുന്നു. കൂടാതെ പെട്രോളിയം നിക്ഷേപത്തിന്റെ കാര്യത്തിൽ രാജ്യം ദരിദ്രമാണ്. അതിനാൽ വാഹനങ്ങളിൽ ഇന്ധനമായി വ്യാപകമായി ഉപയോഗിക്കുന്ന പെട്രോളിയം ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യേണ്ടിവരുന്നു. രാജ്യത്ത് വൻകിട എണ്ണ ശുദ്ധീകരണശാലകൾ ഉണ്ടെങ്കിലും രാജ്യത്തിനാവശ്യമായ ക്രൂഡ് ഓയിലിന്റെ 85 ശതമാനവും ഇറക്കുമതി ചെയ്യുകയാണ്. സി.എൻ.ജി നിക്ഷേപം രാജ്യത്ത് ഉണ്ടെങ്കിലും എൽ.പി.ജി യുടെ ഇറക്കുമതിയെ ആശ്രയിക്കേണ്ടിവരുന്നു.

ആണവ ഇന്ധനം ലഭിക്കുന്നതിനെതിരെയുള്ള സാർവ്വദേശീയ ഉപരോധം ശക്തമായതിനാൽ അക്ഷയോർജത്തിന് ഇപ്പോൾ വൻ പ്രാധാന്യമാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്നത്. മുൻപ് സൗരോർജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് പാനലുകൾ വൻതോതിൽ ഇറക്കുമതി ചെയ്തിരുന്നെങ്കിലും പാനലുകൾ ഇപ്പോൾ രാജ്യത്ത് വൻതോതിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഇന്ത്യയിൽ വൈദ്യുതി ഉൽപ്പാദനത്തിൽ 75 ശതമാനം താപ വൈദ്യുതി നിലയങ്ങളിൽ നിന്നാണ്. 10 ശതമാനം അക്ഷയോർജത്തിൽ നിന്നും ഒൻപത് ശതമാനം ജലവൈദ്യുതി പദ്ധതിയിൽ നിന്നും രണ്ട് ശതമാനം വീതം ന്യൂക്ലിയർ, ലിഗ്നൈറ്റ്, ഡീസൽ അനുബന്ധ നിലയങ്ങളിൽ നിന്നും ലഭിക്കുന്നു.

## വൈദ്യുത വാഹനങ്ങളിലേക്ക് മാറുമ്പോൾ

വൈദ്യുതി എന്ന പ്രതിഭാസം കണ്ടെത്തിയതിനു ശേഷം കഴിഞ്ഞ 170 വർഷമായി ഉപയോഗിച്ചുവന്നിരുന്ന ലെഡ് ആസിഡ് ബാറ്ററി മേഖലയിൽ നിന്ന് ലിഥിയം അടിസ്ഥാനമാക്കിയുള്ള ബാറ്ററികൾ രൂപകൽപന ചെയ്തപ്പോൾ വൻതോതിൽ വൈദ്യുത വാഹനങ്ങൾ കമ്പോളത്തിൽ ഇറങ്ങുന്നു. ഇലക്ട്രിക് വാഹന നിർമ്മാണത്തിൽ വൻ കുതിച്ചുകയറ്റം ദൃശ്യമാണ്. ചെറിയ അളവിൽ ബംഗളൂരിൽ ലിഥിയത്തിന്റെ നിക്ഷേപം കണ്ടെത്തിയിട്ടുണ്ട് എന്നത് രാജ്യത്തിന് വൻപ്രതീക്ഷ നൽകുന്നുണ്ട്. ലിഥിയം അടിസ്ഥാനമാക്കിയുള്ള ലിഥിയം കൊബാൾട്ട് ഓക്സൈഡ് ബാറ്ററികളാണ് മൊബൈൽ ഫോണിൽ ഉപയോഗിക്കുന്നത്.

ടൈറ്റാനിയം ലോഹത്തിന്റെ നിക്ഷേപത്തിന്റെ കാര്യത്തിൽ സമ്പന്നമാണ് കേരളം. ഇലക്ട്രിക് വാഹനങ്ങളിൽ ഉപയോഗിക്കുന്ന ലിഥിയം ടൈറ്റാനേറ്റ്



ബാറ്ററികൾ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നതിനു തോഷിബ ഇന്ത്യ കമ്പനിയുമായി സംസ്ഥാന സർക്കാർ ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. പൊതുമേഖലയിലായിരിക്കും കേരളത്തിൽ സ്ഥാപിക്കപ്പെടുന്ന നിർദ്ദിഷ്ട ലിഥിയം ടൈറ്റാനേറ്റ് ബാറ്ററി കമ്പനി. ഇലക്ട്രിക് വാഹന നിർമ്മാണ രംഗത്ത് വൻ കുതിച്ചുചാട്ടം നടത്താൻ ഇതുവഴി കഴിയുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. സോഡിയത്തിൽ നിന്നും ഇലക്ട്രിക് ബാറ്ററി നിർമ്മിക്കാനുള്ള ശ്രമം പരീക്ഷണശാലയിലാണ്. അത് വിജയിച്ചാൽ വൻ മുന്നേറ്റം നടത്താൻ കഴിയും.

കേരളത്തിനാവശ്യമായ വൈദ്യുതിയുടെ 70 ശതമാനം പുറത്തുനിന്നും വിലയ്ക്ക് വാങ്ങുന്നു. സംസ്ഥാനത്തിനാവശ്യമായ വൈദ്യുതിയിൽ 30 ശതമാനം മാത്രമേ ഇവിടെ ഉൽപ്പാദിപ്പിക്കുന്നുള്ളൂ. അതിനാൽ സംസ്ഥാന സർക്കാർ നവീന ഊർജ മേഖലക്ക് വൻ പ്രാധാന്യം നൽകുന്നു.

രാജ്യത്തിനാവശ്യമായ ക്രൂഡ് ഓയിൽ ആവശ്യത്തിന്റെ 85 ശതമാനവും ഇറക്കുമതിയെ ആശ്രയിക്കുന്നതിനാൽ ഇലക്ട്രിക് വാഹനങ്ങൾക്ക് സർക്കാർ പ്രാധാന്യം നൽകുന്നു. സർക്കാർ സ്ഥാപനങ്ങളിൽ മാത്രമായി 165 ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്നു. അനെർട്ടാണ് സംസ്ഥാനത്ത് സർക്കാർ സ്ഥാപനങ്ങൾക്ക് ലീസ് വ്യവസ്ഥയിൽ ഇലക്ട്രിക് വാഹനങ്ങൾ നൽകുന്നതിനുള്ള നോഡൽ ഏജൻസി. ഇലക്ട്രിക് ഓട്ടോറിക്ഷ ഉൽപ്പാദിപ്പിക്കുന്ന കേരള ഓട്ടോമൊബൈൽ ലിമിറ്റഡ് സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനമാണ്. നീം ജി എന്ന ബ്രാൻഡ് നെയിമിലാണ് ഇലക്ട്രിക് ഓട്ടോറിക്ഷ വിൽക്കുന്നത്. 2022-23 സാമ്പത്തിക വർഷം 1000 ഇലക്ട്രിക് ഓട്ടോറിക്ഷകൾ നീം ജി എന്ന ബ്രാൻഡിൽ ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു.

> “ **പൊതുമേഖലയിലായിരിക്കും കേരളത്തിൽ സ്ഥാപിക്കപ്പെടുന്ന നിർദ്ദിഷ്ട ലിഥിയം ടൈറ്റാനേറ്റ് ബാറ്ററി കമ്പനി. ഇലക്ട്രിക് വാഹന നിർമ്മാണ രംഗത്ത് വൻ കുതിച്ചുചാട്ടം നടത്താൻ ഇതുവഴി കഴിയുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്** ”

ലോകത്തിനും രാജ്യത്തിനുമാവശ്യമായ ഹൈഡ്രജന്റെ ഉൽപ്പാദനം ഫോസിൽ ഇന്ധനങ്ങളിൽ നിന്നാണ് ഇപ്പോൾ കണ്ടെത്തുന്നത്. എന്നാൽ അക്ഷയോർജ സ്രോതസ്സുകൾ ഉപയോഗിച്ചു ഗ്രീൻ ഹൈഡ്രജൻ ഉൽപ്പാദിപ്പിക്കാനുള്ള ശ്രമങ്ങൾ പരീക്ഷണശാലകളിൽ നടക്കുന്നു. വലിയ വാഹനങ്ങൾക്കും ഭാരം കയറ്റുന്ന വാഹനങ്ങൾക്കും ഹൈഡ്രജൻ ഇന്ധനം ഉപയോഗിക്കാൻ കഴിയുന്നതിനാൽ വൻ സാധ്യതകളാണ് ഹൈഡ്രജൻ ഇന്ധനത്തിന്റെ കാര്യത്തിൽ ഗവേഷകർ കാണുന്നത്.

അക്ഷയോർജത്തിന്റെ പരിപാലനത്തിനു വിവിധ സ്ഥാപനങ്ങൾ ലോകത്ത് പ്രവർത്തിക്കുന്നുണ്ട്. ഇന്ത്യയിൽ നവീന ഊർജ മന്ത്രാലയം ഇതിന് നേതൃത്വം നൽകുന്നു. കേരളത്തിൽ സർക്കാരിന്റെ നിയന്ത്രണത്തിലുള്ള അനെർട്ട് പുനരാവർത്തന ഊർജത്തിന്റെ പ്രായോഗികവൽക്കരണത്തിനും ഗവേഷണത്തിനും ചുക്കാൻ പിടിക്കുന്നു. ■

# കെ-ഫോൺ

# എല്ലാ വീടുകളിലും നമ്മുടെ സ്വന്തം ഇന്റർനെറ്റ്

**പൊതുജനത്തിന് കുറഞ്ഞ നിരക്കിലും ഗുണമേന്മയോടു കൂടിയതുമായ അതിവേഗ ഇന്റർനെറ്റ് ലഭ്യമാക്കാനുദ്ദേശിച്ച് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കെ–ഫോൺ. ഇന്റർനെറ്റ് ഒരു ജനതയുടെ അവകാശമാണെന്ന് പ്രഖ്യാപിച്ച ഈ സർക്കാർ കേരളത്തിന് നൽകുന്ന വലിയ ഉറപ്പ് കൂടിയാണ് പദ്ധതി. അവശ വിഭാഗങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഇന്റർനെറ്റ് സൗകര്യങ്ങൾ ലഭ്യമാക്കുന്ന കെ–ഫോൺ പദ്ധതി ടെലികോം മേഖലയിലെ കോർപ്പറേറ്റാധിപത്യത്തിനെതിരെയുള്ള ജനകീയ ബദൽ കൂടിയാവും**

സംസ്ഥാനത്തെ 14 ജില്ലകളേയും കോർ റിംഗ് വഴി ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക്, ജില്ലകളിലെ സർക്കാർ ഓഫീസുകളെയും വീടുകളെയും മറ്റു ഗുണഭോക്താക്കളെയും ബന്ധിപ്പിക്കുന്ന ആക്സസ് നെറ്റ് വർക്ക്, 35,000 ത്തോളം കി.മി ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് എന്നിവ ചേർന്നതാണ് കെ-ഫോൺ എന്ന കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക്. കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പ് ഔദ്യോഗികമായി ഇന്റർനെറ്റ് സേവനങ്ങൾ നൽകാനുള്ള ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐഎസ്പി) കാറ്റഗറി ബി യൂണിഫൈഡ് ലൈസൻസ് നേടിയ കേരളത്തിന്റെ ഈ അഭിമാന പദ്ധതി ഉടൻ യാഥാർഥ്യമാകും. സംസ്ഥാന പരിധിക്കകത്ത് ഇന്റർനെറ്റ് സേവന സൗകര്യങ്ങൾ നൽകാനുള്ള ഈ അനുമതിയോടെ സ്വന്തമായി ഐഎസ്പി ലൈസൻസും ഇന്റർനെറ്റ് പദ്ധതിയുമുള്ള സംസ്ഥാനമായി കേരളം മാറുകയാണ്.

ഏകദേശം 30,000 ത്തോളം സർക്കാർ ഓഫീസുകളിൽ കെ-ഫോൺ വഴി ഇന്റർനെറ്റ് സേവനങ്ങൾ നൽകാനുള്ള നടപടികൾ ഇതിനകം നാം പൂർത്തീകരിച്ചിട്ടുണ്ട്. അവസാന വട്ട തയ്യാറെടുപ്പുകൾക്ക് ശേഷം ഇന്റർനെറ്റ് ലഭ്യമാക്കുന്നതോടെ സർക്കാർ സേവനങ്ങൾ കടലാസ്രഹിതമാകുന്നത് ത്വരിതപ്പെടും. സർക്കാർ ഓഫീസുകളിൽ കൂടുതൽ വേഗത്തിൽ സേവനങ്ങൾ ലഭ്യമാക്കുന്ന ഒരു ജനസൗഹൃദാന്തരീക്ഷമാണ് ഇതിലൂടെ രൂപപ്പെടുന്നത്.




> ഏകദേശം 30,000 ത്തോളം സർക്കാർ ഓഫീസുകളിൽ കെ-ഫോൺ വഴി ഇന്റർനെറ്റ് സേവനങ്ങൾ നൽകാനുള്ള നടപടികൾ ഇതിനകം നാം പൂർത്തീകരിച്ചിട്ടുണ്ട്. അവസാന വട്ട തയ്യാറെടുപ്പുകൾക്ക് ശേഷം ഇന്റർനെറ്റ് ലഭ്യമാക്കുന്നതോടെ സർക്കാർ സേവനങ്ങൾ കടലാസ് രഹിതമാറുന്നത് ത്വരിതപ്പെടും

ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചു കൊണ്ട് സാർവത്രിക ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുന്നതിനും അതുവഴി സംസ്ഥാനത്തെ ഡിജിറ്റൽ വേർതിരിവ് ഇല്ലാതാക്കാനും ലക്ഷ്യമിടുന്ന ബൃഹത്തായ പദ്ധതി കൂടിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്-വർക്ക് അഥവാ കെ-ഫോൺ. പദ്ധതിയനുസരിച്ച് സംസ്ഥാനത്തെ 30,000 ത്തോളം വരുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇടതടവില്ലാതെ ഇന്റർനെറ്റ് സേവനം ലഭ്യമാക്കും. 20 ലക്ഷത്തോളം പാവപ്പെട്ട കുടുംബങ്ങൾക്ക് അതിവേഗ ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായും, മറ്റുള്ളവർക്ക് മിതമായ നിരക്കിലും നെറ്റ് കണക്ഷൻ ലഭ്യമാക്കുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡും കേരള സംസ്ഥാന വൈദ്യുതി ബോർഡും സർക്കാരും ഓഹരി പങ്കാളിത്തത്തോടു കൂടി 'കെ-ഫോൺ ലിമിറ്റഡ്' എന്ന പേരിൽ ആരംഭിച്ചിരിക്കുന്ന സംയുക്തസംരംഭ കമ്പനിയിലൂടെയാണ് കെ ഫോൺ യാഥാർഥ്യമാകുന്നത്.

പദ്ധതിയുടെ ഭാഗമായി കെ.എസ്.ഇ.ബി 375 സബ്സ്റ്റേഷനുകളിൽ പ്രീ ഫാബ് ഷെൽട്ടറിനുള്ളിൽ ടെലികോം ഉപകരണങ്ങൾ സ്ഥാപിക്കുകയാണ്. കെ.എസ്.ഇ ബി സബ്സ്റ്റേഷനുകളിൽ ഇവ 300 സ്ക്വയർഫീറ്റിലാണ് സ്ഥാപിച്ചിരിക്കുന്നത്. ഈ പോപ്പുകൾ 110/220/400കെ.വി ലൈൻ വഴി സ്ഥാപിച്ചിട്ടുള്ള ഒപ്റ്റിക്കൽ ഫൈബർ കേബിൾ (കോർ റിംഗ് ) ഉപയോഗിച്ച് ബന്ധിപ്പിച്ചിട്ടുണ്ട്. കോർ-അഗ്രിഗേഷൻ റിംഗുകളിൽ ഉൾപ്പെട്ട 30,000ത്തോളം സർക്കാർ ഓഫീസുകളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഇതിനകം പൂർത്തിയാക്കിക്കഴിഞ്ഞു. ജില്ലകളിൽ കോർപോപ്പിന് പുറമേ മറ്റ് പോപ്പുകളും കെ.എസ്.ഇ.ബി. സബ്സ്റ്റേഷനുകളിൽ സ്ഥാപിക്കുന്നുണ്ട്. വീടുകളിലും മറ്റ് സ്ഥാപനങ്ങളിലും സേവനങ്ങൾ ലഭ്യമാക്കാൻ എല്ലാ റിംഗുകളിലും സ്ട്രീറ്റ് ബോക്സുകളാണ് സ്ഥാപിക്കുന്നത്.

ഇത്തരത്തിൽ കെ-ഫോൺ പദ്ധതി വഴി സംസ്ഥാനത്താകമാനം സുശക്തമായ ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സ്ഥാപിക്കുവാനും അതുവഴി സംസ്ഥാനത്തെ ഡിജിറ്റൽ പശ്ചാത്തലസൗകര്യം ശക്തവും കാര്യക്ഷമവുമാക്കുവാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, ഇന്റർനെറ്റ് ഓഫ് തിങ്സ്, സ്റ്റാർട്ടപ്പ്, സ്മാർട്ട് സിറ്റി തുടങ്ങിയ മേഖലകളിൽ കെ-ഫോൺ സൗകര്യമൊരുക്കും. ഗ്രാമങ്ങളിലും ചെറുകിട സംരംഭങ്ങൾക്ക് ഇ-കോമേഴ്സ് വഴി വിൽപ്പന നടത്താനുള്ള മികച്ച സൗകര്യം കൂടിയാണ് കെ-ഫോണിലൂടെ കേരളം നേടിയെടുക്കുന്നത്. ■

Date of Publication: 01.07.2022
RNI No:2014/58028 Price: 12.00




Printed and Published by S.Harikishore IAS, Director, Information Public Relations Department on behalf of Government of Kerala and Printed at St joseph's press, Thiruvananthapuram, Kerala.
Published from Information Public Relations Department, Govt.of Kerala, Government Secretariat, Thiruvananthapuram-695001.
Editor: S.Harikishore IAS